കുമുദി
ആഴ്ചപ്പതിപ്പു്

5



ANNAS 2

ഇന്നു

(ഒക്ടോബർ 1 നു)

പ്രഥമലക്കം പ്രസിദ്ധീകരിക്കുന്നു

കോവൂർ

ഗോപുരപുരം നടുകുമാരൻ

പട്ടം എൻ. ഗോപാലൻനായർ

എം. പ്രഭ

കെ. ജെ. മറ്റത്തോളി

ഡി. ശ്രീമാൻ നമ്പൂതിരി

തയ്യാട്ട്

ഐവാൻ ബ്രൂനിൻ

എന്നിവരുടെ ചെറുകഥകൾ

തൂലികയിൽ

ഒറ്റപ്രതി 4 അണ

മാനേജർ, തൂലിക, മയ്യനാട്.

പ്രസിദ്ധീകരിച്ചത് — കെ. ബാലകൃഷ്ണൻ

കേരളകൗമുദി പത്രം

പുസ്തകം 1 | 1126 കന്നി 16 തിങ്കൾ | ലക്കം 29

കേരളകൗമുദി മുഖപ്രസംഗം


ഐക്യമുന്നണി

ബാംബെ ടെക്സ്റ്റയിൽ തൊഴിലാളികളുടെ പണിമുടക്ക് നമ്മുടെ രാജ്യത്തിലെ തൊഴിലാളീസമര ചരിത്രത്തിലെ സുപ്രധാനമായ ഒരദ്ധ്യായമാണ് കുറിക്കുന്നത്. ഇതുയേറെത്തൊഴിലാളികൾ ഒന്നിച്ച സംഘടിതമായി അവകാശവാദങ്ങളുമായി മുന്നോട്ടുപോയതായി ഈ അടുത്ത കാലത്തു ഒരു സംഭവമുണ്ടായിട്ടില്ല. മൻപൊരിക്കൽ ബാംബെയിലെ തുണി മിൽതൊഴിലാളികൾ ആറുമാസം നീണ്ടു നിന്ന ഒരു സമരം നടത്തുകയുണ്ടായി. മദ്രാസിലെ ബക്കിങ്ങ്ഹംകർണാാറിക് മിൽസ് തൊഴിലാളികളും ഈ അടുത്തകാലത്തു മുന്നു മാസം നീണ്ടുനിന്ന ഒരു സമരം നടത്തി. ഈ സമരം എത്രകാലം നീണ്ടു നിൽക്കുമെന്നു പ്രവചിക്കുവാൻ നിവൃത്തിയില്ല. സംഘടിതരായി ഒറ്റക്കെട്ടായിനിന്നു പണിമുടക്കുന്ന തൊഴിലാളികളെ സമരത്തിൽകൂടി വിജയത്തിലേക്കു നയിക്കാതെ ഇൻഡ്യൻ പ്രധാനമന്ത്രിക്കു പരസ്യമായ അപേക്ഷകൾ അയച്ച സമരത്തിൻെറ ചൂടുകുറച്ചു സൃഷ്ടിക്കുന്ന ഡീമോറലൈസേഷൻ ഒഴിച്ചാൽ ആ സമരം അഭിമാനകരമായരീതിയിൽ തന്നെ തൊഴിലാളികൾ മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്. ടെക്സ്റ്റയിൽ വ്യവസായത്തിൽ ബാംബെയിലുണ്ടായ ഈ ചലനത്തിൻെറ അലകൾ നമ്മുടെ രാജ്യത്തും വന്നെത്തിയിട്ടുണ്ടെന്നുള്ളതിൻെറ പ്രകടനമായ ലക്ഷണമാണ് എ. ഡി. കാട്ടൺമിൽ തൊഴിലാളികൾ നടത്തുന്നസമരം. രണ്ടുസ്ഥലത്തെയും തൊഴിലാളികളുടെ അവകാശവാദങ്ങൾക്കു പൊതുതത്വം നോക്കുകയാണെങ്കിൽ ഐകരൂപ്യമുണ്ടെന്നു കാണാവുന്നതാണ്. ഏതു നേതൃതത്തിലായാലും തൊഴിലാളികളുടെ അവകാശവാദങ്ങൾ അങ്ങനെ ഐകരൂപ്യംപൂണ്ടു മുന്നോട്ടുപോകുകയാണ്. ഐകരൂപ്യം സമരനേതൃതത്തിലും ഉണ്ടാകേണ്ടതു ഇന്നു ചരിത്രപരമായ ഒരാവശ്യമായിത്തിന്നിട്ടുണ്ട്. മുതലാളിമാർ ഇന്നു സംഘടനകളുണ്ടാക്കി അവരുടെ നില ഉറപ്പിക്കുവാൻ ഭഗീരഥപ്രയത്നം നടത്തുകയാണ്. അവർക്കു താങ്ങുംതണലുമായി നിൽക്കുന്ന സർക്കാർ മർദ്ദനസംവിധാനങ്ങൾകൊണ്ടും കരിങ്കാലിപ്പണികൊണ്ടും തൊഴിലാളികളുടെ സമരശക്തി ക്ഷയിപ്പിക്കുവാൻ ശ്രമിക്കുന്നുണ്ട്. ബാംബെയിലും കൊല്ലത്തും അതു ഒരുപോലെ സത്യമാണ്. ഒരു സ്ഥലത്തു മന്ത്രിതന്നെ നേരിട്ടു കരിങ്കാലിപ്പണിക്കു കളമൊരുക്കുന്നെങ്കിൽ മറെറാരുസ്ഥലത്തു മന്ത്രികർട്ടനു പിറകിലിരുന്നു ഒരു സർക്കാർ വക്കീലിനെക്കൊണ്ടു കരിങ്കാലിപ്പണി നടത്തിക്കുകയാണ് ചെയ്യുന്നത്. കരിങ്കാലിപ്പണികൊണ്ടു രണ്ടുസ്ഥലത്തും വലിയ പ്രയോജനമുണ്ടായതായിക്കാണുന്നില്ല. ഈ കരിങ്കാലിപ്പണിക്കു ഇരയാകാൻ ചില തൊഴിലാളികൾതന്നെ തയ്യാറാകുന്നതാണ് ഏറ്റവും നിർഭാഗ്യകരമായിട്ടുള്ളതു. തൊഴിലാളികളെ ചില രാഷ്ട്രീയകക്ഷികൾ ചൂഷണം ചെയ്യുന്നു എന്ന വാദവും മുഴക്കിക്കൊണ്ടാണ് കരിങ്കാലിപ്പണിയുടെ അച്ചാരമിടിൽ നടക്കുന്നതു. ഈ രാഷ്ട്രീയ വിരോധികൾ ഈ രാജ്യത്തെ ഏറ്റവും പിന്തിരിപ്പനായ രാഷ്ട്രീയകക്ഷിയുടെ അംഗങ്ങളായിരിക്കും. അവരുടെ തൊഴിലാളിപ്രസ്ഥാനത്തിൻെറ രാഷ്ട്രീയ സ്വരവും അധികാരശക്തിയുടെ സ്വരം തന്നെയായിരിക്കും. സംഘടിത തൊഴിലാളിവർഗ്ഗത്തിനെതിരായി അധികാരിവർഗ്ഗം ഉപയോഗിക്കുന്ന ആരോപണങ്ങൾതന്നെ ഗ്രാമഫോൺ റിക്കാർഡുപോലെ ഈ തൊഴിലാളി സംഘടനകൾ ആവർത്തിക്കുന്നതു കേൾക്കാം. അവരുടെ സംഘടനയിൽ അംഗങ്ങൾ കാണുകയില്ല. അംഗസംഖ്യ പെരിവു കാണുകയില്ല. പക്ഷെ അവരുടെ നേതാക്കന്മാർ സാധാരണ കാറുകളിലും വിമാനങ്ങളിലുമാണ് സഞ്ചരിക്കുക. അവരുമായി ഒത്തുതീർപ്പുണ്ടാക്കാൻ മുതലാളികൾ സന്തോഷമാണ്. അവരുടെ പ്രവർത്തനങ്ങളെപ്പറ്റി മുതലാളി പരാതിപ്പെടുകയില്ല. സമരത്തിൻെറ രൂക്ഷത വർദ്ധിച്ചു് എങ്ങനെയെങ്കിലും തടിതപ്പാൻ സർക്കാരു തയ്യാറെടുക്കുമ്പോൾ കാഴ്ചബംഗ്ലാവിൽ വച്ചിരിക്കുന്ന കണ്ണാടിക്കൂപ്പികളിലടച്ച നീർക്കോലികളെപ്പോലെ ഈ തൊഴിലാളികളും കൂടിയാലോചനകളിൽ പങ്കെടുക്കുന്ന ഭാവത്തിൽ മുറിയുടെ ഒരു മൂലയിൽ ഇരിക്കുന്നതു കാണാം. നാണമോ മാനമോ ഉദ്ദേശശുദ്ധിയോ ഇല്ലാത്ത ഈ ജന്തുക്കളെപ്പറ്റി എന്തെങ്കിലും പറഞ്ഞിട്ടു കാര്യമില്ല. പക്ഷെ മറുഭാഗംശ്രദ്ധിക്കേണ്ട ചിലകാര്യങ്ങളുണ്ട്. കൂലിക്കൂട്ടൽ, ബോണസ്സ്, ജോലിസ്ഥിരത, മറെറാ തൊഴിൽ ആനുകൂല്യങ്ങൾ എന്നീ കാര്യത്തിൽ തൊഴിലാളികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിഭാഗങ്ങൾക്കു ഒരു അന്തരാളഘട്ടത്തിൽ വലിയ അഭിപ്രായഭിന്നതകളുണ്ടാകേണ്ട കാര്യമില്ല. ലാക്കപ്പു മർദ്ദനവും പൗരസ്വാതന്ത്ര്യ മർദ്ദനവും ഇന്നു സീമാതീതമായി വർദ്ധിച്ചിരിക്കയാണ്. ലാക്കപ്പിനകത്തിട്ടു മനുഷ്യരെ തല്ലിക്കൊല്ലാൻപോലും അധികാരിവർഗ്ഗം മടികാണിക്കുന്നില്ല. ഇതൊക്കെ പൊറുക്കുവാൻ എല്ലാ വിഭാഗങ്ങൾക്കും ഒന്നിച്ചു നിൽക്കുവാൻ സാധിക്കും. ഇക്കാര്യങ്ങൾക്കെങ്കിലും ഒരു ഐക്യമുന്നണി ഇന്നു എന്നത്തേയുംകാൾ അത്യാവശ്യമാണ്. വ്യക്തമായ ചില ഇടക്കാലപരിപാടികളുടെ അടിസ്ഥാനത്തിൽ ഒരു ഐക്യമുന്നണി സൃഷ്ടിക്കുന്നകാര്യം എല്ലാ ഇടതുപക്ഷപാർട്ടികളും കാര്യമായി ആലോചിക്കുമെന്നു ഞങ്ങൾ ആശിക്കുന്നു.

രാഷ്ട്രീയത്തിലെന്നപോലെ സാഹിത്യത്തിലുമുണ്ട് വഴക്കുകൾ ഈ വഴക്കുകളിൽ തീരുന്നവയും തീരാത്തവയുമുണ്ട്. വിവിധചിന്താ

മുഖചിത്രം

ഇൻഡോനേഷ്യൻ റിപ്പബ്ലിക്കിൻെറ പ്രഥമ പ്രസിഡൻറ്
ഡാ. സുക്കർണോയും കുടുംബവും



[ഈ പംക്തിയിൽ പത്രാധിപർ വായനക്കാരുമായി സംസാരിക്കാൻ ശ്രമിക്കുന്നു. നിങ്ങൾക്കു ഇഷ്ടമുള്ള കാര്യം പോസ്റ്റുകാർഡിൽ പത്രാധിപക്കു എഴുതുക. കവറിനു മുകളിൽ "പോളും" എന്നു കാണിച്ചിരിക്കണം. നന്നായിരുന്നാൽ നിങ്ങളുടെ പോസ്റ്റിനു അഞ്ചുരൂപാ സമ്മാനവും ലഭിക്കും. പത്രാധിപർ]

കെ. വിശ്വനാഥൻ, ഇടമന.

: മി. കെ. ബാലകൃഷ്ണന്റെ തുറന്ന കത്തിനു പ്രധാനമന്ത്രിയുടെ മറുപടി ലഭിക്കാഞ്ഞിട്ടാണോ ലഭിച്ചെങ്കിൽ മറുപടിക്കു തുറന്ന കത്തിനേക്കാൾ തൂക്കം കൂട്ടുന്നതുകൊണ്ടാണോ പ്രസിദ്ധീകരിക്കാതിരുന്നതു്?

പ്രധാനമന്ത്രി ആ തുറന്നകത്തു വായിച്ചതായും ചിലരോടു അഭിപ്രായം പറഞ്ഞതായും അറിഞ്ഞു. എനിക്കു ഒരു മറുപടിയും ലഭിച്ചിട്ടില്ല. "തൂക്ക"ത്തെപ്പറ്റി എന്തുമയപ്പെടാനിരിക്കുന്നു സഖാവേ?

ഠീ. ഡി. ഗോപാലകൃഷ്ണൻ, തിരുവനന്തപുരം

യഥാർത്ഥമായ സാമ്പത്തിക ജനാധിപത്യമല്ലേ ശരിയായ സോഷ്യലിസം?

കുറേക്കൂടി വ്യക്തമായിപ്പറഞ്ഞാൽ സോഷ്യലിസം അവസരസമത്വമാണു്.

ഇവിടത്തെ കമ്യൂണിസ്റ്റുകാർ സമുദായപ്രവർത്തനത്തിനായി ഇറങ്ങിയതിന്റെ ഉദ്ദേശ്യം എന്തായിരിക്കും?

അതു ജോഷിയുടെ തെറ്റായിരുന്നു എന്നാണു് സഖാക്കൾ പറയുന്നതു്. ഒരു പാർട്ടിക്കുള്ളിൽ തെറ്റുവരുമ്പോഴെല്ലാം അതു ഒരാളുടെ തെറ്റായിരുന്നു എന്നു പറയുന്നതുകേൾക്കുക പതിവുകമായിത്തീർന്നിട്ടുണ്ടു്.

എൻ. എസ്. ഹമീദ്, പുവാർ

നെയ്യാറ്റിൻകര ഉപതിരഞ്ഞെടുപ്പിൽ സോഷ്യലിസ്റ്റു സ്ഥാനാർത്ഥിയെ സഹായിച്ചു പട്ടം നെടുമങ്ങാട്ടിൽ എന്തുകൊണ്ടു സോഷ്യലിസത്തെ സഹായിച്ചില്ല?

നെടുമങ്ങാട്ടു സോഷ്യലിസ്റ്റു സ്ഥാനാർത്ഥി ആരാണെന്നു കണ്ടുപിടിക്കാൻ നേരിട്ട വിഷമംകൊണ്ടായിരിക്കണം.

എസ്. രാമസുബ്രഹ്മണ്യൻ, വലിയശാല

ഒരു ദേശത്തിലെ കമ്യൂണിസ്റ്റുപാർട്ടി രേണം കൈയ്യടക്കിയ ഉടൻ പാർട്ടിക്കകത്തു ഒരു പർജ് നടത്തുന്നുണ്ടു്. ഇതു ആദർശങ്ങളുടെ ബലഹീനതയല്ലേ സൂചിപ്പിക്കുന്നതു്.?

അധികാരത്തിൽ വരുന്നതിനു മുൻപും പല പർജ്ജുകളും നടക്കും. ഒരു പാർട്ടിയുടെ വളർച്ചയ്ക്കു അതു ആവശ്യവുമാണു്. അധികാരത്തിൽ വന്നശേഷം നടക്കുന്ന പർജ് നിങ്ങളുടെ ശ്രദ്ധയിൽ പെടുകയുള്ളൂ.

മുതലാളിത്ത രാഷ്ട്രത്തിലെ ജനങ്ങളെയെല്ലാം

ഗതിക്കാരുമായി ഞങ്ങൾ പുലർത്തിയ സമ്പർക്കത്തിൽനിന്നും വ്യക്തമായ ചില കാര്യങ്ങൾ ഞങ്ങൾക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. പുരോഗമനശക്തികൾക്കെതിരായി നിൽക്കുന്ന വിഭാഗങ്ങളുടെ ചൂഷണത്തിനായി സാഹിത്യം ഇനി വിട്ടുകൊടുക്കപ്പെട്ടിട്ടില്ല. രാഷ്ട്രീയത്തിൽ ഉണ്ടായിട്ടുള്ള തിരിച്ചടിയുടെ അലകൾ സാഹിത്യത്തിലേക്കു കടന്നിട്ടില്ല. കാലം വൈകുംമുൻപു പറഞ്ഞൊതുക്കാവുന്ന അഭിപ്രായഭിന്നതകൾ പറഞ്ഞൊതുക്കുവാൻ സാഹിത്യകാരന്മാർ ശ്രമിക്കേണ്ടതാണു്. സാഹിത്യമത്സരത്തിൽ സജീവമായ പങ്കു വഹിക്കുന്ന മെ. ഇന്റ്യൻ, എം. കെ. കുമാരൻ, തകഴി തുടങ്ങിയ ആളുകൾ ഇക്കാര്യത്തിൽ ചർച്ച ചെയ്യുവാനും കഴിവുള്ളിടത്തോളം അഭിപ്രായഭിന്നതകൾ പറഞ്ഞൊതുക്കുവാനും തയ്യാറാണെന്നു ഞങ്ങൾക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. ആത്മാർത്ഥമായ ഒരു പരിശ്രമം നടത്തുകയാണെങ്കിൽ ഇന്നു ശ്രുഭദ്രതയ്ക്കെതിരായി നടക്കുന്ന "രൂപ"ത്തെയും "ഭാവ"ത്തെയും പറ്റിയുള്ള ആന്തരിക വഴക്കു ഏറക്കുറേ ഒതുക്കുവാൻ കഴിയുമെന്നാണു് ഞങ്ങൾ പ്രതീക്ഷിക്കുന്നതു്. കമ്മ്യൂണിസ്റ്റുപാർട്ടി അംഗമല്ലാത്തവർക്കു സോവിയറ്റുറഷ്യയിൽ സ്റ്റാലിൻ പ്രൈസു ലഭിക്കുമെങ്കിൽ ഇവിടെ അവർക്കു പുരോഗമനപരമായ കലാസൃഷ്ടിപോലും സാദ്ധ്യമല്ല എന്നു പറയുന്നതു കഴമ്പില്ലാത്ത വാദമാണു്. മത്സരത്തിനാണെങ്കിൽ എല്ലാവർക്കും എന്തെങ്കിലും പറയാനുണ്ടായിരിക്കും. ആർക്കും പ്രയോജനമുണ്ടാക്കാത്ത ആ പഴയലേഖ സാഹിത്യമാകെ വഴിതി വീണിരിക്കയാണു്. ഒരു ഐക്യമുന്നണി സാഹിത്യകാരന്മാരുടെയിടയിലും ആവശ്യമാണു്. ഇക്കാര്യത്തിൽ സാഹിത്യകാരന്മാർ അവരുടെ ശ്രദ്ധാഗാധമായി പതിക്കുമെന്നു ഞങ്ങൾ ആശിക്കുന്നു. ഈ അഭിപ്രായത്തെപ്പറ്റി നിശ്ചയണംനടത്തുകയേക്കാൾ ഈ അഭിപ്രായം പ്രായോഗികമാണോ എന്നു പരിശോധിക്കുവാൻ സാഹിത്യകാരന്മാർ സമയം ചിലവഴിക്കുമെന്നു ഞങ്ങൾ ആശിക്കുന്നു.

ബൂർഷ്വാ, പ്രോളിറേറ റിയറ എന്നു രണ്ടായി തരംതിരിക്കാൻ സാധിക്കുമോ?

സാധിക്കും.

സാധിക്കുമെങ്കിൽ താഴെ കൊടുത്തിരിക്കുന്നവർ ഏതു വിഭാഗത്തിൽ ഉൾപ്പെടുന്നു. (1) 300 രൂപാ ശമ്പളമുള്ള ഒരുദ്യോഗസ്ഥൻ. (2) ദരിദ്രനായ ഒരു പുരോഹിതൻ. (3) 300 രൂപാ ആദായമുള്ള പത്രാധിപർ.

ഒരു തൊഴിലാളി ചിലപ്പോൾ ബൂർഷ്വാ ഏജൻറാകും. ബൂർഷ്വാസിയിൽ ജനിച്ചവർ പ്രോളിറേറ റിയൻനേതാക്കന്മാരുമാകും. അവർ സമൂഹത്തിലെ ഏതു വിഭാഗത്തിൻെറ താല്പര്യത്തിനുവേണ്ടി നിലകൊള്ളുന്നു എന്നുള്ളതാണ് പ്രശ്നം. സാധാരണഗതിയിൽ സാമ്പത്തിക നില വർഗ്ഗബന്ധത്തിൻെറ സൂചനതന്നെയാണ്. നിങ്ങളുടെ പട്ടികയിൽപ്പെട്ട ദരിദ്രനായ പുരോഹിതൻ പുരോഹിത്യത്തിൻെറ പ്രചാരകനാണ്. പുരോഹിത്യം ഇന്നു ബൂർഷ്വാസിയുടെ നിലനില്പിനുവേണ്ടി പ്രാർത്ഥന നടത്തുന്ന വിഭാഗമാണ്. 300 രൂപാ ശമ്പളമുള്ള ഉദ്യോഗസ്ഥൻ ഒരു ബ്യൂറോക്രാറാണ്. ഗവൺമെൻറിൻെറ ആയുധമായിരിക്കും. ഒരു പത്രാധിപൻ പുരോഗമനശക്തികളോടും പിന്തിരിപ്പൻ ശക്തികളോടും ചേർന്നുനില്ക്കും. അതു അവരവരുടെ ചിന്താഗതിയും പ്രവർത്തനവും പോലിരിക്കും.

സി. വി. അബ്ദുൽഖാദർ, പെരുമ്പാവൂർ.

നിങ്ങളുടെ ചോദ്യോത്തരപംക്തികൊണ്ടു നിങ്ങൾ ഉദ്ദേശിക്കുന്നതു മഠയന്മാരുടെ കണക്കെടുക്കലാണോ?

മിടുക്കന്മാരുടേയും, മഠയനാണെങ്കിലും അക്കാര്യം അറിഞ്ഞുകൂടാത്തവരുടേയും കണക്കെടുക്കുകയാണ് എന്നുപറഞ്ഞാൽ കുറേ ശരിയായിരിക്കും.

എൻ. കെ വിശ്വനാഥൻ, എറണാകുളം.

ചൈനയിൽ യഥാർത്ഥത്തിൽ നടന്നതു വർഗ്ഗസമരത്തിൽ അധിഷ്ഠിതമായ ഒരു വിപ്ലവമായിരുന്നോ?

ചൈനയിൽ നടന്നതു വർഗ്ഗസമരത്തിൽ അധിഷ്ഠിതമായ ഒരു വിജയമാണ്. വിപ്ലവമായി അതു് ഇനിയും മാറേണ്ടതായിരിക്കുന്നു.

ഡി. സുധാകരൻ, മുണ്ടക്കയം.

വയലാർ രാമവർമ്മ, ഓ. എൻ. വി. കുറുപ്പ് ഇവരുടെ കവിതാരീതി ഒന്നു താരതമ്യപ്പെടുത്തുമോ?

വിവിധകവിതാ രീതികളാണ് എനിക്കു നിശ്ചയമില്ല. രണ്ടുപേരും ഭാവനാസമ്പന്നരായ കവികളാണ്.

പൊൻകുന്നംവക്കീൽ ഒരു 'എക്സേപ്പിസ്റ്റ്' ആണെന്ന എൻെറ അഭിപ്രായത്തോടു നിങ്ങൾ യോജിക്കുന്നുണ്ടോ?

ഇല്ല പൊൻകുന്നംവർക്കി മുൻപെഴുതിയിരുന്നതു നല്ലതാണെന്നു പറയുന്നവർക്കു ഇന്നു അതിൽ ചീരതകാണാൻ കുറേ ണമില്ല. അന്നും ഇന്നും വർക്കി ഒരേരീതിയിലാണെഴുതുന്നതു്.

തോമസ്, കോട്ടപ്പുറം

നാട്ടുകാർക്കു ഭക്ഷണം തരുവാൻ കഴിയാത്ത മന്ത്രിമാർ രാജിവയ്ക്കണമെന്നു പൊതുജനശബ്ദം പല പത്രങ്ങളിൽ കൂടിയും മറ്റും ഉയരുന്നുണ്ടല്ലോ. രാജിവച്ചാൽ ഭക്ഷണപ്രശ്നത്തെ നേരിടാൻ പ്രായോഗികമായി എന്തുപരിപാടിയാണു സ്വീകരിക്കേണ്ടതു"?

ഭക്ഷണപ്രശ്നത്തിനു ശാശ്വതമായ പരിഹാരം വേണമെങ്കിൽ കാർഷികോല്പന്നം വിപ്ലവകരമായ രീതിയിൽ പുനഃസംഘടിപ്പിക്കണം. അതിനു ഒരു സോഷ്യലിസ്റ്റ് ഗവൺമെൻറു തുപമെടുത്തേ നിവൃത്തിയുള്ളൂ

കൗമുദിലീഗിലേക്കു ഉഷയ്ക്കു പെൺ ഒരു അപേക്ഷ എനിക്കയച്ചതാണു് താഴെ ചേർക്കുന്നതു്

കൗമുദിലീഗ്

പേരു — കെ. ബാലകൃഷ്ണൻ
മേൽവിലാസം — C/o കൗമുദി, പേട്ട, തിരുവനന്തപുരം
ബാലൻ / ബാലിക (ഇതു രണ്ടും വെട്ടിയിട്ടുണ്ടു്)
വയസ്സു — 25
ഏതു ക്ലാസ്സിൽ പഠിക്കുന്നു — ബൂർഷ്വ-പെറ്റി ബൂർഷ്വാക്ലാസ്സിൽ
പ്രത്യേകവാസനകൾ — (പ്രസിദ്ധീകരിക്കാൻ നിവൃത്തിയില്ലാത്ത കുറേപദങ്ങൾ)
സംഗീതം നൃത്തം തുടങ്ങിയവയിൽ പ്രത്യേക താല്പര്യവുമുണ്ടു്.
രക്ഷകർത്താവിൻെറ പേരു:— ഭഗവാൻ കാറൽ മാർക്സ്
ഒപ്പും ഇട്ടിട്ടുണ്ടു്.

പി. എം. ഹസ്സൻകുട്ടി, തൃശൂർ.

സി. കേശവൻ, കെ. ബാലകൃഷ്ണൻ, കെ സുകുമാരൻ എന്നീ മഹാനാടൻ തൂലികകളുടെ ആദർശങ്ങൾ പലതാണെങ്കിലും ലക്ഷ്യം ഒന്നല്ലേ?

അതെ. അവരവരുടെ ആദർശം ജയിക്കണമെന്നാണ് കാരോരുത്തരുടെയും ലക്ഷ്യം.

കെ. ആർ രാമചന്ദ്രൻ

യൂണിവേഴ്സിറ്റികാളേജ്

ജൂലിയസ് ഫൂച്ചിക്കിന്റെ "കൊലമരത്തിൽനിന്നുള്ള കുറിപ്പുകൾ" എന്ന കൃതിയെപ്പറ്റി ബാലന്റെ അഭിപ്രായമെന്ത്?

ഞാൻ വായിച്ചിട്ടുള്ള ഏറ്റവും നല്ല പുസ്തകങ്ങളിൽ ഒന്ന് ലാസ്റ്റിനായെ നാടുകടത്തുന്ന വാർത്തയറിഞ്ഞ രാത്രിയിൽ എഴുതിയ അദ്ധ്യായത്തിക്കാലം വികാരാധീനമായ വരികൾ സാഹിത്യത്തിൽ ഞാൻ വായിച്ചിട്ടില്ല.

വി. ഈ കരുണാകരൻ, സേതുലക്ഷ്മിപുരം.

താങ്കളെ സംബന്ധിച്ച സാധാരണക്കാരന്റെ ഇടയിൽ നല്ല അഭിപ്രായം ഉണ്ടായിരുന്ന കാലം കഴിഞ്ഞു. ഇപ്പോൾ ആ അഭിപ്രായം നേരെ വിപരീതമായിക്കൊണ്ടിരിക്കുന്നതായി അറിയാമോ?

എന്നായിരുന്നു നല്ല അഭിപ്രായമുണ്ടായിരുന്നത്?

എം. എ. ഷുക്കൂർ, കടയ്ക്കൽ

വേശ്യകൾ ആത്മാർത്ഥമായി ഏതെങ്കിലും പുരുഷന്മാരെ വിശ്വസിക്കുമോ?

അടുത്ത പരിചയമില്ല.

വി. എൻ. സുബ്രഹ്മണ്യൻ, തൃശ്ശിവപേരൂർ

കുറുമുടിലിറ്റ എന്തിനുവേണ്ടിയാണ് തുടങ്ങിയിട്ടുള്ളത്?

നാളത്തെ പൂക്കളെ ചിന്തിപ്പിക്കുവാനും രസിപ്പിക്കുവാനും

ജി. ബാലകൃഷ്ണൻ നായർ, പുനലൂർ

ഞാനും എന്റെ കുടുംബവും പട്ടിണികിടക്കാതിരിക്കാൻ കരിഞ്ചന്ത നടത്തുന്നുണ്ടെങ്കിൽ എന്താണ് തെറ്റ്?

പട്ടിണികിടക്കുന്ന വിഭാഗങ്ങളോടൊത്ത് നിങ്ങളുടെ സന്താനങ്ങളെങ്കിലും പട്ടിണികിടക്കാതിരിക്കത്തക്ക ഒരു വ്യവസ്ഥ തിക്കുവേണ്ടിയുള്ള പോരാട്ടത്തിന്റെ ശത്രുക്കളായി നിങ്ങൾ മാറുന്നു. അതുതന്നെ ഏറ്റവും ഭീമമായ തെറ്റ്. "എങ്ങനെയെങ്കിലും ജീവിക്കുക" എന്ന സിദ്ധാന്തം അത്ര പന്തിയായ ഒരു കാര്യമല്ല.

കെ. ഭാസ്കരൻ, ചേർത്തല

കാൺഗ്രസ്സും കമ്യൂണിസ്റ്റും ഒരേ നാണയത്തിന്റെ രണ്ടുവശങ്ങളാണെന്ന മി. മനുഷ്യലാത്തിന്റെ അഭിപ്രായത്തെപ്പറ്റി അങ്ങയുടെ അഭിപ്രായമെന്ത്?

'കമ്യൂണിസ്റ്റ്' എന്നതിനുപകരം മനുഷ്യലാത്തു സ്വന്തം പാർട്ടിയെപ്പറ്റി പറഞ്ഞിരുന്നെങ്കിൽ കുറേക്കൂടി ശരിയാകുമായിരുന്നു.

കെ. പി ജോസഫ്, തുപ്പൂണിത്തുറ

കമ്യൂണിസ്റ്റ് വ്യവസ്ഥിതി വന്നാൽ മനുഷ്യജീവിതം ഒരു പ്രശ്നമായിരിക്കുമോ?

നിങ്ങൾ എന്താണ് ചോദിച്ചിരിക്കുന്നതെന്നു വ്യക്തമാകുന്നില്ല. മനുഷ്യനു പ്രശ്നങ്ങളുണ്ടായിരിക്കുമോ എന്നാണെങ്കിൽ തീർച്ചയായും ഉണ്ടായിരിക്കുമെന്നു തന്നെയാണ് എന്റെ മറുപടി.

ചരിത്രപരമായ ആവശ്യകതയെപ്പറ്റി പറയുന്ന കാൾമാർക്സ് ഒരു ചരിത്രപരമായ ആവശ്യകതയാണോ?

കാൾമാർക്സ് ഒരു ചരിത്രസംഭവമായിരുന്നു. അദ്ദേഹത്തിന്റെ സിദ്ധാന്തം ചരിത്രപരമായ ഒരാവശ്യകതയും.

എസ്. ദാമോദരൻ, പേട്ട

ഡി. എം. പൊറ്റക്കാട്ടിനു 'ഗറില്ലാ' പ്രവർത്തനം അറിഞ്ഞുകൂടെന്നു വിമ്പിളക്കിയ താങ്കൾക്കു ഗറില്ലാ പ്രവർത്തനത്തിന്റെ ഏ. ബി. സി. ഡി. അറിയാമോ?

അറിഞ്ഞുകൂടെങ്കിൽ?

ഡി. എം. പൊറ്റക്കാട് തോക്കുകൊണ്ടുള്ള തിരുവാതിരക്കളിയും കുമാര പ്രണയനാടകവും ചേർന്നാൽ ഗറില്ലാ സമരമാകുമെന്നു എഴുതിവച്ചിരിക്കുന്നതു തെറ്റാണെന്നുപറയാനും വേണ്ടി ഗറില്ലാസമരത്തെപ്പറ്റി പ്രതിപാദിക്കുന്ന പുസ്തകങ്ങൾ ഞാൻ വായിച്ചിട്ടുണ്ട്.

തോട്ടയ്ക്കാട്ടു ഭാസി, തിരുവല്ലാ

താങ്കൾ എസ്. എൻ. ഡി. പി. യോഗങ്ങളിൽ പ്രസംഗിക്കാൻ പോകാറുണ്ടല്ലോ. എന്നാൽ സ. എൻ. ശ്രീകണ്ഠൻനായർ ആരെങ്കിലും വിളിച്ചാൽതന്നെ എൻ. എസ്. എസ്. മീറ്റിംഗുകളിൽ സംബന്ധിക്കാറില്ല. അതിന്റെ കാരണമെന്താണ്?

എസ്. എൻ. ഡി. പി. മീറ്റിംഗുകളിൽ ഞാൻ പോകാറില്ല.

എൻ. ചിത്രാംഗദൻ, പൂജപ്പുര.

ഞാൻ നിങ്ങളുടെ ചെകിടത്തു ഒരടിതന്നാൽ നിങ്ങൾ എനിക്കു എന്തു പ്രതിഫലം തരും?

ചെരിപ്പൂരി ചെകിടത്തുതന്നെ പ്രതിഫലം തരും.

എം. കെ. നായർ, യൂണിവേഴ്സിറ്റികാളേജ്

യൂണിവേഴ്സിറ്റികാളേജിൽവച്ചു ശ്രീമാൻ

—കുറുമുടി അടുത്തലക്കത്തിൽ—

കുമുദിലീല.



ഒരാഴ്ച വളരെ വേഗം കഴിഞ്ഞുപോയതുപോലെ തോന്നുന്നു. ഇന്നലെയാണ് നിങ്ങൾക്കു മറുപടി എഴുതിയതെന്നും തോന്നുന്നു. ഈ ആഴ്ച ചേച്ചി ഒരു പ്രധാനകാര്യം പറയുവാൻ പോകുകയാണ്. നിങ്ങൾക്കെല്ലാം ഇഷ്ടപ്പെടുമെന്നു തന്നെ വിശ്വസിക്കുന്നു. ഒന്നു വായിച്ചു നോക്കൂ.

അംഗങ്ങളുടെ സംഖ്യ വളരെ കൂടി വരുകയാണ്. ചേച്ചി ലീഗ് നമ്പർ മുറക്കേ മറുപടി എഴുതുകയുള്ളൂ എന്നു മുമ്പു പറഞ്ഞിട്ടുണ്ടായിരുന്നുല്ലോ. അങ്ങനെയാണെങ്കിൽ അവസാന നമ്പരുകാർക്കു മറുപടി എഴുതുമ്പോൾ പക്ഷേ അവർക്കു വയസ്സ് പതിനാലു കഴിഞ്ഞേക്കും. അതുകൊണ്ട് അടുത്ത ആഴ്ചമുതൽ കുറേപ്പേർക്ക് കൂട്ടുകാരുടെ മേൽവിലാസം മാത്രവും കുറച്ചുപേർക്കു മറുപടിയും എഴുതുന്നതാണ്. കൂട്ടുകാരന്റെ മേൽവിലാസം മാത്രം കിട്ടിയവർ സങ്കടപ്പെടരുത്. അവരുടെ എഴുത്തിനും ചേച്ചി മറുപടി വേഗംതന്നെ പ്രസിദ്ധീകരിക്കുന്നതായിരിക്കും. പത്രാധിപരോടു സ്ഥലം കൂടുതൽ ആവശ്യപ്പെട്ടിട്ടുണ്ട്. കിട്ടുമെന്നുതന്നെ പ്രതീക്ഷിക്കാം. മേൽപ്പറഞ്ഞ മാർഗ്ഗം സ്വീകരിച്ചാൽ മാത്രമേ നിങ്ങൾക്കെല്ലാവർക്കും വേഗം കൂട്ടുകാരെ കിട്ടുകയുള്ളൂ. എല്ലാവരും ചേച്ചിയോടു സഹകരിക്കുമെന്നു വിശ്വസിക്കുന്നു.

ഇനിയും ചെറുകഥകളും ലേഖനങ്ങളും പ്രസിദ്ധീകരിക്കുന്നതായിരിക്കും. അടുത്തുതന്നെ ഒരു മത്സരത്തിനു തയ്യാറായിക്കൊള്ളൂ. പടപ്പുസ്തകം അയച്ചുതന്നാൽ പ്രസിദ്ധീകരിക്കാം. പക്ഷേ എല്ലാം തെറ്റുകൂടാതെ എഴുതി ശരിഉത്തരവും, നിങ്ങളുടെ പേരും മേൽവിലാസവും കൂടി ചേച്ചിയച്ചയച്ചാൽ മാത്രമേ പ്രസിദ്ധീകരിക്കാൻ സാധിക്കുകയുള്ളൂ. എല്ലാവർക്കും സുഖംതന്നെന്നു വിശ്വസിക്കുന്നു. ഈ ആഴ്ച ഇതുപോരെ? ഏതായാലും മതിയാക്കുന്നു. ശേഷം അടുത്തആഴ്ച. എല്ലാവർക്കും വന്ദനം.

സ്നേഹം
ഉഷാചേച്ചി

ചേച്ചിയുടെ മറുപടി

ററി. ഏ. വിജയൻ, സിലോൺ. അനുജന്റെ ഒരു വിവരവും ഇല്ലാതിരുന്ന അവസരത്തിലാണ് ഈ എഴുത്തുകാണാൽ ഭാഗ്യമുണ്ടായതു്. പക്ഷേ അനുജന്റെ ആരോഗ്യസ്ഥിതി അറിഞ്ഞതിൽ വളരെ സങ്കടപ്പെടുന്നു സുഖക്കേട് നിസ്സ്വേഷം ഭേദമായില്ലല്ലേ? വിശേഷാൽപ്രതിയിൽ അനുജന്റെ ഫോട്ടോ ഉണ്ടായിരുന്നു. സുഖം പ്രാപിച്ച ഉടൻതന്നെ ചേച്ചിയെഴുതണേ.

പി. എസ്. ശേഖർ, കൊട്ടാരക്കര. അനുജനു് എന്തിലിണ് വാസനയുള്ളതെന്നു അറിയാൻ പാടില്ലാഞ്ഞതുകൊണ്ടാണ് ഇതുവരെയും കൂട്ടുകാരനെ കിട്ടാഞ്ഞതു്. ഈ കൂട്ടുകാരനെഴുതു. വി. എം ശങ്കരപ്പൻ, പുന്നമൂട്ടുംഭാഗവു്, കന്നുകഴി, തിരുവനന്തപുരം. ഓണപ്പരീക്ഷയിൽ എല്ലാ വിഷയത്തിനും ജയിച്ചോ? കൊട്ടാരക്കരനിന്നു കുറച്ചുപേരെ അംഗമായിച്ചേർന്നിട്ടുള്ളൂ. മേൽവിലാസം ചേച്ചി തെറ്റിച്ചതിൽ ക്ഷമിക്കണം. ചേച്ചി സിനിമായിൽ അഭിനയിക്കാൻ പോകുന്നില്ല.

പി. രാധാകൃഷ്ണൻനായർ, തൃശ്ശിനാട്ട് കവിത പ്രസിദ്ധീകരിക്കാൻ ശ്രമിക്കാം. ആവശ്യപ്പെട്ട കൂട്ടുകാരന്റെ മേൽവിലാസം ഇതാണ്. എം. നാരായണ മേനോൻ, മാവിളാകത്തുവീട്, കന്നുകഴി, തിരുവനന്തപുരം. ഹിന്ദിപരീക്ഷയിൽ ജയിച്ചാൽ അറിയിക്കണേ. പാവന ഇപ്പോഴും ചേച്ചിയോടു പിണക്കമാണോ?

ഒ. എൻ. വി. കുറുപ്പു നടത്തിയ പ്രസംഗത്തെപ്പറ്റി താങ്കളുടെ അഭിപ്രായമെന്താണു്?

ഞാൻ ആ പ്രസംഗം മുഴുവൻ കേട്ടില്ല.

പി. ജയചന്ദ്രൻ, വള്ളിക്കാവു്

ഗറില്ലാ യുദ്ധം എന്നാൽ എന്തു്?

ഒളിപ്പോരു്

കെ. പുരുഷോത്തമൻ, തിരുനൽവേലി.

ഇൻഡ്യൻ ഭക്ഷ്യവകുപ്പിന്റെ പ്രസ്താവന കഠിനമോ, ആറുംബാംബിനോ നശീകരണശക്തി അധികമുള്ളതു്?

ഇൻഡ്യൻ ഭക്ഷ്യവകുപ്പിന്റെ പ്രസ്താവനകഠിനം. ആറുംബാംബു ഒരു കാലഘട്ടത്തിലുള്ളവരെ മാത്രമേ നശിപ്പിച്ചുള്ളൂ. ഭക്ഷ്യവകുപ്പിന്റെ കഥയില്ലായ്മ സൃഷ്ടിക്കുന്ന പട്ടിണി പകർച്ചവ്യാധിയായിമാറി ഒന്നിൽ കൂടുതൽ തലമുറകളെ ഉരിതത്തിലേയ്ക്കു തള്ളുന്നു.

ഇന്ദിര, തേവള്ളി

വിജയകരമായ ദാമ്പത്യത്തിനു പ്രേമം ആവശ്യമാണോ?

എന്നാണിനിക്കുതോന്നുന്നതു്.

നിങ്ങൾ പ്രേമത്തിൽ വിശ്വസിക്കുന്നുണ്ടോ?

കുറേശ്ശെ.

ജീവിതത്തിൽ ബാല്യംകഴിഞ്ഞാൽ ഏറ്റവും ആനന്ദകരമായ കാലഘട്ടം ഏതാണു്.

ബാല്യത്തിലെ ആനന്ദം കൗമാരത്തിലും യുവത്വത്തിലും ലഭിക്കയില്ല.

എസ്. താണപ്പൻ, വ. പറവൂർ

പരലോകത്തിൽ ഒരു രാഷ്ട്രീയപ്രവർത്തകനാകാൻ ശ്രമിച്ച താങ്കളുടെ പരാജയമല്ലേ "മേഘങ്ങൾക്കിടയിലൂടെ" "ഇരുപത്തിനാലുമണിക്കൂർ" "ക്രോംപെറുകുന്നു" എന്നീ ലേഖനങ്ങൾ തെളിയിക്കുന്നതു്.

ഇത്തരം ഒരു ചോദ്യം ഞാൻ ഇതിനുമുൻപു പ്രസിദ്ധീകരിച്ചിരുന്നു. ആ ലേഖനങ്ങളിലെല്ലാം ഒരുദ്ദേശ്യവും ലക്ഷ്യവുമുണ്ട്. അവ യിങ്ങൾക്കു മനസ്സിലായില്ല എന്നുമാത്രം ഞാൻ കരുതുന്നു.

കെ. രാമചന്ദ്രൻനായർ, അരശുപറമ്പ്. കാണസമയിൽ പെച്ച പേച്ചിയെകണ്ട കാര്യം അതുപെട്ടെന്ന മറന്ന പോയോ? അമ്മുമ്മ മരിച്ച ഉ:ഖത്തിൽ അനുജനോട പങ്കുകൊള്ളാൻ അന്ന ഉഷപേച്ചി കൂടെയുണ്ടായിരുന്നല്ലോ. രാധാമോയിക്ക ഇതുവരെയും ലീഗ് കാർഡ് കിട്ടിയില്ലേ? ഇപ്പൈങ്കിൽ വിവരം അറിയിക്കാൻ പറയണം. പേച്ചിയോട പിണങ്ങരുതെന്ന പ്രത്യേകം പറയണ്ട. ഉഷിക്ക കാർഡിപ്പിപ്പെട്ടോ? ഇതാ കൂട്ടുകാരൻ. ആർ. സത്യദാസ്, തട്ടാൻ വിളാകം, കടയ്ക്കാവൂർ.

കെ. അംബിക, അരുവിനാട്. മറുപടി എഴുതാൻ താമസിച്ചതിൽ പേച്ചിക്കും വളരെ സങ്കടം ഉണ്ട്. ഏതുകൂട്ടുകാരിയാണ് ലീഗിൽ പേരാൻ ആഗ്രഹിക്കുന്നത്? ഈ കൂട്ടുകാരിക്ക് എഴുതു വി. അംബികാകുമാരി, കൃഷ്ണാലയം. കോങ്ങാൽ, പരവൂർ, കൊല്ലം. കൂട്ടുകാരിയെ കിട്ടിയില്ലേ, ഇനി പേച്ചിയ്ക്കെഴുതുമോ? പാവനഅമ്മ അനുജത്തിയുടെകൂട്ടുകാരിയാണോ? പോരിപ്പിച്ചതായിപ്പറയണേ.

എസ് സെൽവകുമാരി, പരവൂർ. കൂട്ടുകാരി പറയുന്ന എഴുത്തയച്ച എന്ന്. എന്താണ് അനുജത്തിക്ക എഴുത്തുകിട്ടാത്തത്? ഒരു കൂട്ടുകാരിയെതരാം. എഴുത്തയയ്ക്കുമോ? എങ്കിൽ ഇതാ മേൽവിലാസം. സി. കെ. തങ്കമ്മ, പെട്ടിപ്പീരിൽ വീട്ട്, വടക്കനായ്ക്കാട്. കലവൂർ, ആലപ്പുഴ. ഈ കൂട്ടുകാരിക്കും എഴുത്തയക്കാൻകുറ്റപോരിക്കുമ്പോഠം അമ്മ വഴക്കുപറയുമോ, എന്തോ. എന്തായാലും അമ്മയെ സന്തോഷിപ്പിച്ചാലേ ചക്രം കിട്ടുകയുള്ള മറക്കല്ലേ. പേച്ചി കാർഡിൽ വരുന്ന കുറെഴുത്തും വലിച്ചുകീറി കളയാറില്ല.

പി. എസ്. സൈനബാബീവി, ചങ്ങനാശേരി. പേച്ചിയല്ലാ, വേറെയാരോ ആണ് സിനിമായിൽ അഭിനയിക്കാൻ പോകുന്നത്. പെരുകഥ പ്രസിദ്ധീകരിക്കാൻ ശ്രമിക്കാം. ഇതാണ സോഫിയുടെ മേൽവിലാസം സോഫി ഇബ്രാഹിം,തൊടിയിൽ വീട്ട്, നന്താവനംറോഡ്, തിരുവനന്തപുരം. എന്തായാലും പേച്ചി തോരിട്ടതന്നെ പോരിക്കാം. "സൈനബാ" സമ്മാനമുണ്ടാകുമെന്തുപെയ്യ? എന്തുപെയ്താലും പേച്ചിക്കറിയാം പിന്നെ വെറുതേ കുന്നു പോരിപ്പിച്ചെന്നേയുള്ള.

എ. അബ്ദുൽമജിദ്, പൊൻകുന്നം. കൂട്ടുകാരനെ പരിചയപ്പെടുത്തിതരാൻ താമസിച്ചുപോയോ? ഇതാ നോക്കൂ കൂട്ടുകാരന്റെ മേൽവിലാസം. ഡി. വില്യം, പുത്തൻവീട്ട്, വലിയവേളി. ആ രണ്ടാംക്ലാസുകാരി ഇതുവരെയും അംഗമായില്ലേ? അമ്മയേയും അച്ഛനേയും പേച്ചി പ്രത്യേകം പോരിച്ചതായി പറയണം.

കെ. കെ. ശാന്താറാം, വട: പറവൂർ. ശാന്തയോട ലീഗിൽ ഉടൻ അംഗമായി പേരാൻ പറയണം. 'ശാന്ത'ക്ക പകരം ശാന്താറാം എന്ന പേര തിരുത്തിയിട്ടുണ്ട്. ഈ മറുപടി ശാന്തയെക്കൂടി കാണിക്കണേ. കൂട്ടുകാരന്റെ മേൽവിലാസം ഇതാ. കെ. പി. ലെനിൻ, വെള്ളാനപ്പുറമ്പിൽ, കോമ്പാറ, എറണാകുളം. ഇനിസവന്തമായി എഴുതിയാൽ മാത്രമേ പേച്ചിമറുപടി എഴുതുകയുള്ള.

കെ. ആർ. വിജയനാഥ, ആലപ്പുഴ. മറുപടി കിട്ടിയില്ലെങ്കിലും കൂട്ടുകാരനെ കിട്ടിയല്ലോ? ജയറാമിന്റെ എഴുത്ത വന്നോ? മത്സരത്തിൽ പേരാഞ്ഞതു മറുപടി കിട്ടാഞ്ഞിട്ടാണല്ലേ? കൊച്ചു കള്ളാ!

എം. സുലോചനാഭായി, പേട്ട. അനുജത്തിയുടെ കയ്യും മറന്നുപോയെന്നാരു പറഞ്ഞു. ഇതാ, ഒരു കളിയിൽ സാമർത്ഥ്യമുള്ള ഒരു കുസൃതിയുടെ മേൽവിലാസം. ബി. വിലാസിനി കൊച്ചുവെളുത്തേരിവീട്ട്, മണക്കാട്, തിരുവനന്തപുരം എഴുത്തയക്കുമോ? യമുനാഭായിയോട് 'പന്ത്രികപേച്ചിയും' പന്ത്രികാ കുറിപ്പുമായി ഒരു ബന്ധവും ഇല്ലെന്ന പറയണം. പേച്ചിയുടെ വീട് അനുജത്തിയുടെ വീട്ടിനടുത്തുതന്നെയാണ് വീട്ടിൽ വരുമോ കാപ്പിതരാം

എം. അംബികാദേവി, തമ്പലക്കാട്. പേച്ചി. എങ്ങനെ തനിച്ച അതുവരെ വരുന്നു? ഈ കൂട്ടുകാരിയെഴുതുന്നേ. കെ. രത്നമ്മ C/o പി. സി. കാർത്യായനിഅമ്മ. ഗവ: എം. എം. സ്കൂൾ, പത്തനംതിട്ട. ക്ലാസ്സിൽ ഒന്നാമതായി ജയിക്കുമെങ്കിൽ തീർച്ചയായും പേച്ചി ഒരു സമ്മാനം തരുന്നതായിരിക്കും

എസ്. ശാന്തകുമാരിദേവി, തിരുവനന്തപുരം. പേരു തിരുത്തിയിട്ടുണ്ട്. കൂട്ടുകാരിയുടെ എഴുത്തിനു മറുപടി അയച്ചോ? ഫോട്ടോ അയച്ചതുനാൽ തീർച്ചയായും പ്രസിദ്ധീകരിക്കും. കൊച്ചനുജത്തിയോട് കുപ്പൺ പൂരിപ്പിച്ച് ഉഷപേച്ചിയ്ക്കയച്ചാൽ കാർഡു കിട്ടുമെന്നു പറയണം. ആ കൊച്ചനുജത്തിയെ പേച്ചി പോരിച്ചതായിപറയണം

എ. ഷാഹുൽ ഹമീദ്, പാച്ചല്ലൂർ. പേച്ചി എന്തു ശിക്ഷയാണ് അനുഭവിക്കേണ്ടതെന്നറിയിച്ചാൽകൊള്ളാം. വലിയ ശിക്ഷയൊന്നും തരുതേ. അനുജനെ പേച്ചി തരുന്ന ശിക്ഷയിതാണ്. "മുടങ്ങാതെ പത്രങ്ങളും, പുസ്തകങ്ങളും വായിയ്ക്കണം. ദിവസവും സ്കൂളിൽ പോകണം. കൂട്ടുകാക്കെഴുതയയ്ക്കണം."

അമ്മിണി, കിളിമാന്തൂർ. കുറച്ചനാളായല്ലോ അമ്മിണിയുടെ എഴുത്തുകണ്ടിട്ട്. ഇപ്പോഴെങ്കിലും പേച്ചിയെ ഓർമ്മിച്ചല്ലോ. അറിഞ്ഞൽനിന്നും ആവശ്യപ്പെട്ട കൂട്ടുകാരിയുടെ മേൽവിലാസം ഇതാണ്. ആർ. ഹേലി, രത്നഗിരി, ആററിഞ്ഞൽ. കമലത്തിനും എഴുതാതിരിക്കരുത്. പേച്ചിയുടെ വീട്ടിൽ തീർച്ചയായും വരണേ. വീട് കണ്ടുപിടിക്കാൻ ഒരു പ്രയാസവുമില്ല.

എം. എൻ. ശിവരാമൻനായർ, ഏറുമാന്തൂർ. അനുജന്റെ എഴുത്തിനു മറുപടി എഴുതാൻ സാധിക്കാത്തതിൽ പേച്ചിക്കും എന്തു സങ്കടമുണ്ടെന്നറിയാമോ? നിങ്ങളെല്ലാം പേച്ചിയ്ക്കുപോലെയാണ്. മറുപടി കിട്ടാത്തതിനു കാരണമുണ്ട്. റിക്കാർഡിൽ അനുജന്റെ പേര ശ്രീനിവാസനെന്നാണ് എഴുതിയിരുന്നതു. ഇപ്പോഠം നമ്പർ കണ്ടപ്പോഴാണ തെറ്റു കണ്ടുപിടിക്കാൻ സാധിച്ചതു. കൂട്ടുകാരന്റെ മേൽവിലാസം ഇതാണ്. എസ്. അരവിന്ദ്, ഗോപിമന്ദിരം, കേരളപുരം, കണ്ണറ. എഴുത്തെഴുതണേ,

കെ. ജി. വിജയൻ, ആലപ്പുഴ. ജോലിത്തിരക്കുകൊണ്ടാണ് മറുപടികിട്ടാൻ താമസിക്കുന്നതെന്നു വിശ്വസിക്കാൻ ഒരനുജനെങ്കിലും ഉള്ളതിൽ പേച്ചി വളരെ സന്തോഷിക്കുന്നു കൂട്ടുകാരനെ വേണ്ടേ? ഇതാ മേൽവിലാസം. റവ. കെ. ഉഷനാഥ്, ഉഷാമന്ദിരം, കാരേറു, വാമനപുരം. "വിധിവൈപരീത്യം" പ്രസിദ്ധീകരിക്കാൻ ശ്രമിക്കാം.

ഇനിയുള്ളവക്ക് അടുത്തയാഴ്ച കൂട്ടുകാരെ തീർച്ചയായും തരുന്നതാണ്.

ഉഷപേച്ചി.

ഈ ആഴ്ചത്തെ അംഗങ്ങൾ

831. സി. ഗോപിനാഥൻ നായർ, ആലപ്പുഴ. 832. കെ. കമലാദേവി, മുഹമ്മ. 833. കെ. വിദ്യാധരൻ, പെരിനാട്. 834. എം. ദിനേശൻ, നെടുങ്ങണ്ട. 835. എം എ ലത്തീഫ്. കൊല്ലം. 836. ബി. കരുണാകരൻ നായർ, നാഗർകോവിൽ. 837. പി. രാജേശ്വരി. പേട്ട. 838. എ. അരുണാമാലതി, നാഗർകോവിൽ 839. ജി. അപ്പുക്കുട്ടൻനായർ, പിരപ്പൻകോട്. 840. ജി. സോമനന്ദൻ, അടൂർ. 841.



പത്മാദേവി

സി. വി. കുഞ്ഞുരാമൻ

13-ാം അദ്ധ്യായം
[തുടർച്ച]

പത്മാദേവിയെ അടുത്തു കണ്ട പ്പോൾ ഗംഗാധരനുണ്ടായ ഏതെ വിക്ഷോഭം അവണ്ണനീയമായിരു ന്നു. ഒരു ഒറ്റ നോട്ടത്തിൽ തന്നെ കായി ഭാവമോ മാനസികമോ ആയ ഏതാണൊരു മാറ്റം തന്റെ ഹൃദ യത്തിൽ സർവ്വാധിപത്യം സ്ഥാ പിച്ചിരുന്ന ആ യുവതിക്ക് സം ഭവിച്ചിരുന്നു എന്നു് അയാൾക്ക് തോന്നി. അയാൾ അവളുടെ അ പ്പോഴത്തെ ഹൃദയവ്യാപാരങ്ങളെ സൂക്ഷ്മമായി ഗ്രഹിക്കുവാൻ അവ ളെ ആപാദചൂഡം, മന്ദഹാസ സ മന്വിതം, ഭയാശങ്കകളോടെ അല്ല നേരം നോക്കിക്കൊണ്ടു നിന്നു. അ സ്വസ്ഥകരമായ ഏതൊ ദിവാസ പ്നം ഒരുപക്ഷെ അവളെ അപ്പോൾ ഗ്രസിച്ചിരുന്നിരിക്കണം. അഥ വാ തലേദിനം യാത്രപോദിക്കും മുൻപ് മാറ്റരും അറിയാതുള്ള തന്റെ അർത്ഥഗർഭമായ വാചകം അവളെ വിഹ്വലയാക്കി, അവളെ ചി ന്താശതങ്ങൾക്കു വിധേയയാക്കിയിരിക്കണം. എന്തായാലും അവൾക്കു നിർഭയമായും ഉച്ചവാ

[കഥാ—കൂട്ടുകാരുമായി വിനോദയാത്രയ്ക്കു സിലോണിലെത്തിയ ഗം ഗാധരൻ, അവിടെവച്ചു പത്മാദേവിയുമായി അനുരാഗബന്ധത്തിലേർ പ്പെട്ടു. അവളെ എങ്ങനെയും സ്വാധീനപ്പെടുത്തുവാൻ പണിപ്പെട്ടുകൊണ്ടി രുന്ന കുടിലമതിയായ ധർമ്മസംന്ധൻ, അതിൽ കുപിതനായിരിക്കു യാണു്. ഈ അവസരത്തിലാണു് പത്മാദേവിയുടെ ആത്മസഖിയായി അവളോടൊത്തു കഴിയുന്ന രാധയെ, വീട്ടുകിട്ടണമെന്നു് അവളുടെ വ ലിയമ്മയായ ശ്രീജട ആവശ്യപ്പെടുന്നതു്. രാധ അതിനു കൂട്ടാക്കുന്നില്ല. അതിനു് പത്മാദേവിയെ പുഴിക്കുകയും ശപിക്കുകയും ചെയ്തുകൊണ്ടു് ശ്രീജട സ്ഥലം വിടുന്നു. ഈ രംഗം കണ്ട അമ്പരന്ന ഗംഗാധരപ്രഭൃതികളെ, കുലശേഖരൻ പൂർവ്വകാലകഥകളും മറ്റും പറഞ്ഞു ശാന്തപ്പെടുത്തി വനയാത്രയ്ക്കായി. അടുത്ത ദിവസം വീണ്ടും സന്ധിക്കാമെന്നു പറഞ്ഞു യാത്രയാകുന്നു. അടുത്തദിവസം ഗംഗാധരൻ യാത്രയ്ക്കുള്ള സന്നാഹങ്ങളും കൂട്ടുന്നതിനിടയിൽ പത്മാവതിയുമായുള്ള പ്രണയകാര്യം സുകുമാരനുമായി ചർച്ചചെയ്യുകയും, ആ വസ്തുത ഇന്നുതന്നെ അവളോടു തുറന്നു പറയുവാൻ തീരുമാനിക്കുകയും ചെയ്യുന്നു. ഈ അവസരത്തിൽ പത്മാദേവി കുശേഖരനെ നിച്ച ഇങ്ങോട്ടു വരുന്നതു് കാണാറായി.

—ഇനി തുടർന്നു വായിക്കുക.]

യും ആ യുവകോമളന്റെ മുഖത്തു ദൃഷ്ടികളം പതിക്കാൻ അന്നു സാധ്യമായിരുന്നില്ല. അവളുടെ സ്വരത്തിനു് ഒരു വിധൃത ബാധിക്കുകയും അവളുടെ മനഃസാന്നിദ്ധ്യത്തിനും, നൈസർഗ്ഗികമായ ഉത്സാഹവായ്പിനും ഉലച്ചിൽ ഭവിക്കുകയും ചെയ്തിരുന്നു. എങ്കിലും അവർക്കു് അപരിചിതമായിരുന്ന ആ പ്പോഴത്തെ ലജ്ജാസന്ദേഹം അവളുടെ ഹൃദയശോഭയുടെ പൂർണ്ണിമ അവളുടെ മുഖപത്മത്തിൽ പ്രത്യക്ഷമാക്കി, അതിനെ പ്രഫുല്ലമാക്കിത്തീർത്തിരുന്നു. നിശ്ചയമായും പ്രണയത്തിന്റെ ദേവത മോഹനമായ ഒരു പൂമ്പട്ടകൊണ്ടു് അവളുടെ ആത്മാവിനേയും, ആകാരത്തെയും ആവരണംചെയ്തു് ഒരു നൂതന സ്വർഗ്ഗസീമയിൽ അവളെ കൊണ്ടുചെന്നു നിറുത്തിയിരുന്നുവെന്നുള്ളതു് അവർക്കും ബോദ്ധ്യമായിത്തുടങ്ങിയിരുന്നു.

പത്മാദേവിയുടേയും അവളുടെ പിതാവിന്റെയും ആഗമത്തോടുകൂടി ആ യുവാക്കന്മാരുടെ ഉ ത്സാഹം വർദ്ധിച്ചു. പിന്നെ വളരെ താമസംകൂടാതെ എല്ലാവരുംകൂടി മഹാബലിഗംഗയുടെ തീരത്തു് അവരുടെ അന്നത്തെ യാത്രയ്ക്കു് തയ്യാറാക്കിയിരുന്ന വള്ളത്തിലേക്കു് നടന്നു. ബ്രാഹ്മണനും അവന്റെ ഒരു ശിഷ്യനും

കെ. എം. ഹരിദാസ്, ചേന്ദമംഗലം. 842. എം ജി. ത്രിവിക്രമൻ, അകത്തുമുറി 843. കെ. രേണുകാകൃഷ്ണൻ, പ്രാക്കുളം. 844. എം. മുഹമ്മദ് ഹാഷിം പുനലൂർ. 845 ജി. ജയിംസ് നെറോ കണിയാപുരം 846 പി. ഡി സോമശേഖരൻ നായർ, ചങ്ങനാശേരി 847. പി. കസ്തൂരിഭായി, കുലശേഖരം 848 എം ആർ. സേതുരാജ് കൊല്ലം. 849 പി ശാന്തകുമാരിഅമ്മ കുലശേഖരം 850 രാജേന്ദ്രഭട്ടർ നെടുമങ്ങാട്. 851. കെ എം. നെഫീസാബീവി, പെരുമ്പാവൂർ 852. എൻ. കെ. പെല്ലപ്പൻ, ആലപ്പുഴ. 853. കെ. രാജേന്ദ്രൻ, വാമനപുരം 854 സി. രവീന്ദ്രനാഥൻ നായർ, പെരുമ്പാവൂർ 855 സി ആർ. വാസുദേവൻപിള്ള, ചങ്ങനാശേരി. 856. എം. ഭാസി, കായിക്കര 857 ആർ. മണികണ്ഠൻനായർ, പേരൂർക്കട 858 കെ. കെ. സാവിത്രി, മുതുകുന്നം. 859. കെ. എം. അൻസാർബീഗം, പെരുമ്പാവൂർ. 860. വി. കെ. മാധവൻനായർ, പേരൂർക്കട 861 കെ എം. അനുജൻ, ഒപ്പനാനി 862 കെ. കെ. സിസിലി, പൊടയേ 863. ഇന്ദിര, ഹരിപ്പാട് 864. എം. രാജാജി കടയ്ക്കൽ. 865 എൻ. വാസുദേവൻ. കടയ്ക്കൽ 866. എം പ്രസന്ന, വെള്ളയമ്പലം. 867. ജെ മോഹനൻ വെള്ളമ്പലം 868. കെ. രഘുകുമാരപിള്ള, കായംകുളം. 869 ജി. എൻ. അംബികാദേവി, നെയ്യാറിൻകര. 870. ജി. ഓമന, കലവൂർ 871. ജി. രാമചന്ദ്രൻ, തിരുവനന്തപുരം. 872. കെ. ശിവാനം, തിരുവനന്തപുരം. 873. എസ്. രാജാമണി, നാഗർകോവിൽ. 874. എ. വിശ്വനാഥൻ, ആലപ്പുഴ. 875. കെ. രാധാകൃഷ്ണപിള്ള, ഓച്ചിറ 876 ഠി വി. ഗംഗാദേവി, നാഗർകോവിൽ 877. ജി സിദ്ധാർത്ഥൻ, നാഗർകോവിൽ. 878 വി വേലപ്പൻനായർ, തിരുവനന്തപുരം. 879 കെ സുധാകരൻ, കടയ്ക്കൽ. 880. എൻ. പി ലത, കടയ്ക്കാവൂർ.

—കഥയുടെ തുടർച്ച പേജ് 11—

സിനിടോൺ

(മലയാള സിനിമാ മാസിക)

3-ംപുസ്തകം 6-ാം (സെപ്റ്റംബർ) ലക്കം

ഇതാ പുറപ്പെട്ടിരിക്കുന്നു

ഒറ്റപ്രതി വില 4 ണ.

ഏജൻസിയില്ലാത്ത സ്ഥലങ്ങളിൽ

ഏജൻറന്മാരെ ആവശ്യമുണ്ട്

The Manager,

CINETONE,

QUILON.

അതിന്റെ നാവികത്വത്തിനു് സന്നദ്ധരായി അവരെ കാത്തിരിപ്പുണ്ടായിരുന്നു വേഗംതന്നെ ആ വള്ളം മഹാബലിഗംഗയിൽകൂടി മുകളിലേക്കു് ഇഴഞ്ഞുകയറിത്തുടങ്ങി. നയനാനന്ദകരമായ പല കാഴ്ചകളും ആനദീവേത അവക്കു് സംഭാവനചെയ്യാൻ കരുതികൂട്ടി സംഭരിച്ചിരുന്നതുപോലെ കാണപ്പെട്ട മലയാളക്കരയിലെ പമ്പാസരസ്സിനേയോ പെരിയാർ സരസ്സിനേയോ അവയുടെ ഉൽഭവസ്ഥാനങ്ങൾക്കു് വളരെ അകലെയല്ലാത്തുള്ള സ്ഥാനങ്ങളിൽ അനുസ്മരിപ്പിക്കുന്ന കാഴ്ചകൾ കണ്ടു് യുവാക്കന്മാർ വിസ്മയസ്തബ്ധരായി. മൂന്നു്, നാലു് നാഴിക ദൂരമേൽപ്പോട്ടു് പോയപ്പോഴേക്കും പ്രകൃതിഭാവം പകർന്നു്, അലൗകികമായ ഒരു മനോഹാരിത മഹാബലിഗംഗയുടെ തീരപ്രദേശങ്ങളിൽ കോരിവാരിചൊരിഞ്ഞിരുന്നു. കളഞ്ഞിലുകൾക്കും മുളങ്കാടുകൾക്കും ഇടയിൽകൂടി ഒരു വെള്ളിവഴി കീറിക്കൊണ്ടു് ആ നദി പാഞ്ഞുവന്നിരുന്നു. അത്യുന്നതങ്ങളായ വൃക്ഷങ്ങളും അവയിൽ ചുറ്റിപ്പിണഞ്ഞു് പുഷ്പിച്ചു് തൂങ്ങിക്കിടന്ന വല്ലീസമൂഹങ്ങളും അവയ്ക്കിടയിൽ പാടിപ്പറന്ന പക്ഷികളും നദീതീരത്തിൽ വെള്ളം കുടിയ്ക്കാൻ പാറത്തോടെ ഇറങ്ങിവന്ന മാനുകളും ഒക്കെ നയനാഭിരാമമായ നിരവധി കാഴ്ചകളിൽ ചിലതു മാത്രമായിരുന്നു. സുകുമാരൻ അവയുടെ സ്നാപ്പകം എടുക്കുന്നതിൽ ബദ്ധശ്രദ്ധനായി കാണപ്പെട്ടു. വല്ല കണ്ണാശ്രമവും അടുത്തുണ്ടായിരിക്കുമെന്നും ഉടൻതന്നെ ബാലവൃക്ഷങ്ങളെ നനയ്ക്കുന്ന ശകുന്തളയേയും, തോഴിമാരേയും കാണാറാകുമെന്നും മറ്റുംപറഞ്ഞു് സുകുമാരൻ എല്ലാവരുടേയും ഉത്സാഹത്തെ വർദ്ധിപ്പിച്ചു. പദ്മാദേവിയുടെ ചിന്തകളും എവിടെയോ അലയുകയായിരുന്നുവെന്നു് ഗംഗാധരനും, സുകുമാരനും തോന്നി. അവർ സംഭാഷണപ്രിയം വേണ്ടുവോളം പ്രദർശിപ്പിക്കാതിരുന്നതിന്റെ ഹേതു എന്തെന്നു കണ്ടുപിടിക്കാൻ അവർ രണ്ടുപേരും പല തന്ത്രങ്ങളും പ്രയോഗിച്ചു. ലജ്ജാപുരസ്സരം മന്ദഹാസങ്ങളും, ഒറ്റപ്പുങ്ങളുംകൊണ്ടു മറുപടി പറയുന്നതിൽ അവർ ശ്രദ്ധപതിപ്പിച്ചപോലിരുന്നു

അവർ പെട്ടെന്നു് ഗോവിന്ദനോടു് ചോദിച്ചു:—"ഇന്നു് എങ്ങനെയിരിക്കുന്നു? വേദനയുണ്ടോ? ശേഖരനെ ഇന്നുകാലത്തു ഞങ്ങൾ കണ്ടു. ഇന്നലെ രാത്രി അവൻ മടങ്ങിവന്നു. അവൻ വളരെ വളരെദ്ദേഹിച്ചുകഴിയുകയാണു്. മനഃപൂർവമായ ദുഷ്ടബുദ്ധികൊണ്ടല്ല മി: ഗോവിന്ദനു് ഈ വിപത്തുണ്ടാക്കിയതെന്നവൻ ആവർത്തിച്ചു പറഞ്ഞു."

ഗോവി:—"ഓ! സാരമില്ല. ഈ മുറിവു് എനിക്കുണ്ടായതിൽ ഞാൻ സന്തോഷിക്കയെ ചെയ്യുന്നുള്ളൂ. അല്പാത്തപക്ഷം ഗംഗാധരന്റെ ഒരു കണ്ണു് നഷ്ടപ്പെട്ടതു തന്നെ ആയിരുന്നു. അതെത്രൊരു നിർഭാഗ്യം ആകുമായിരുന്നു! മലയാളക്കരയിൽ മടങ്ങി എത്തുമ്പോൾ ഗംഗാധരൻ വല വച്ചിരിക്കുന്ന കയൽക്കണ്ണികളും ഗംഗാധരന്റെ ഒറ്റക്കണ്ണു് കണ്ടു് കടന്നു് കളയുമായിരുന്നു"

പദ്മാദേവി ഗംഗാധരനെ തിരിഞ്ഞൊന്നു നോക്കി. നദിയിലേക്കു് ചാഞ്ഞുകിടന്ന ഒരു വലിയ വൃക്ഷത്തിന്റെ തണലിൽകൂടി ആ ബോട്ടു് നീങ്ങിക്കൊണ്ടിരുന്നു. ഗംഗാധരൻ ആ ജലപ്പരപ്പു് സശ്രദ്ധം സൂക്ഷിച്ചു് നോക്കിക്കൊണ്ടു് ഇരിക്കുക ആയിരുന്നു. യൌവ്വനവും, ആരോഗ്യവും, സൌന്ദര്യവും, ഉന്മേഷവും ഒത്തിണങ്ങിയ ആ യുവാവിന്റെ നയനങ്ങളിൽ പ്രസരിപ്പിച്ച മന്ദഹാസ രശ്മിയിൽ പദ്മാദേവിയുടെ ഹൃദയകുസുമം വികസിച്ചു എങ്കിൽ അതിൽ അത്ഭുതമില്ലെന്നു് അവർക്കുതന്നെ തോന്നി. അവർ ചിരിച്ചുകൊണ്ടു ചോദിച്ചു:—"അപ്പോൾ ഗംഗാധരൻ നിങ്ങളുടെ നാട്ടിലെ സകല സുന്ദരികളുടേയും ആരാധനാപാത്രമാണു്. അല്ലെ? നിങ്ങൾക്കൊ, സുകുമാരനോ ആ ഭാഗ്യം സിദ്ധിക്കാതെപോയതു് കഷ്ടംതന്നെ"

ഗോവി:—"അതെ, അതെ ഈ യുവതികളുടെ നിരുപണദൃഷ്ടി ഞങ്ങളെയൊക്കെ സാധാരണ പുറംതള്ളുകയാണു് പതിവു്. നേരെമറിച്ചു് ഏവിടെയും ഗംഗാധരന്റെ പാദോദ്യത്തിനു് അവർ സന്നദ്ധരുമാണു്. പക്ഷേ, യുവതികൾക്കു മാത്രമല്ല ഈ ഭ്രാന്തു്. യുവാക്കന്മാർക്കും ഗംഗാധരൻ ഭ്രാന്തിളക്കാറുണ്ടു്. ഞങ്ങൾക്കൊക്കെ ഗംഗാധരനെ ആത്മാർത്ഥമായി സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യാതിരിപ്പാൻ സാധ്യമല്ല. പോരെങ്കിൽ ഗംഗാധരൻ കുബേരനുമാണു്. പാവപ്പെട്ട സുന്ദരികൾ ധാരാളമുള്ള ഒരു നാടുമാണു ഞങ്ങളുടേതു്. അതിനാൽ ഗംഗാധരന്റെ കടാക്ഷം കൊതിക്കാൻ പെൺകുട്ടികൾ സന്നദ്ധകളാകുന്നതു സാഭാവികവുമാണു്."

ഈ സംഭാഷണം ഗംഗാധരൻ കേൾക്കുന്നതെന്നു് രണ്ടുപേർക്കും നിർബന്ധമുണ്ടായിരുന്നപോലെ തോന്നി. കുലശേഖരൻ മഹാബലിഗംഗയെ സംബന്ധിച്ച ജനങ്ങളുടെ ഇടയിൽ പ്രചാരത്തിലിരുന്ന ഐതിഹ്യങ്ങൾ പദ്മനാഭനെ പറഞ്ഞുകേൾപ്പിക്കുന്നതിലും, സുകുമാരൻ 'സ്നാപ്പു'കളിലും, ഗംഗാധരൻ അച്ചടക്കമായ നദീജലത്തിന്റെ അടിയിൽ തുള്ളിക്കളിച്ച ജീവജാലങ്ങളിലും ശ്രദ്ധപതിപ്പിച്ചിരുന്നു.

പദ്മാദേവി:—"എനിക്കു് അതിന്റെ സ്വാഭാവികത മനസ്സിലാക്കാൻ വിഷമമായിരിക്കുന്നു. ഗംഗാധരൻ ധനികനായതു് ഒരു വിശേഷഗുണമായി കരുതുവാൻ എനിക്കു കഴിയുന്നില്ല. ധനികനായാലും അല്ലെങ്കിലും ഗംഗാധരൻ ഗംഗാധരനായിരിക്കയല്ലേയുള്ളൂ?"

ഗോവി:—"പദ്മാദേവിയെ സംബന്ധിച്ചിടത്തോളം ആ വിചാരത്തിനു ഞാൻ വിലകൽപിക്കുന്നു. പക്ഷേ, ലോകത്തുള്ള പെൺകിടാങ്ങളെല്ലാം പദ്മാദേവിമാരല്ലല്ലോ. അവരെ സംബന്ധിച്ചിടത്തോളം പണമുള്ള ഗംഗാധരനും പണമില്ലാത്ത ഗംഗാധരനും അന്തരം വളരെയുണ്ടു്. ധാരാളം പണം കൈവശമുണ്ടായിരിക്കുക ഒരു മഹാനുഗ്രഹം തന്നെയാണെന്നു"


സംശയഭാവത്തിൽ തലകുലുക്കിക്കൊണ്ടു്. പദ്മാദേവി പറഞ്ഞു:—"ഒരുപക്ഷേ നിങ്ങൾ പറയുന്നതു ശരിയായിരിക്കാം. പക്ഷേ, ഈ ജീവിതത്തിൽ അത്രയേറെ പണംകൊണ്ടു് എന്തു പ്രയോജനമാണുണ്ടാവുക? കാൺവെന്ററിലെ സിസ്റ്റർമാർ ദാരിദ്ര്യം ഒരു അനുഗ്രഹമാണെന്നും, ധനം ദുർദേവതയാണെന്നും ഒക്കെ എന്നെ പഠിപ്പിച്ചിട്ടുണ്ടു്. അവരെല്ലാം വളരെ പാവപ്പെട്ട നിലയിൽ കഴിഞ്ഞെങ്കിലും, അവർക്കും ജീവിതം ആനന്ദപ്രദമായിരുന്നു എന്നാണു് എന്റെ വിശ്വാസം"

ഗോവി:—"ഓ, ആ പാവപ്പെട്ട കന്യകകൾ ജീവിതസുഖം എന്തറിഞ്ഞു? അവക്കു വിവരമില്ലാത്ത കാര്യങ്ങളെപ്പറ്റി അവർ സംസാരിക്കുകയാണു്. പ്രണയത്തിന്റെ പേരുപോലും പടിയടച്ചു് വെളിയിൽ നിറുത്തിയിരിക്കുമ്പോൾ, അവക്കു എന്തു സൌഭാഗ്യം, എന്തു ജീവിതാനന്ദം?"

പദ്മാദേവിയുടെ കവിൾത്തടം പെട്ടെന്നു് ഒന്നു ചുവന്നു. ഒരു പരിവേഷത്തിൽ അവർ പറഞ്ഞു:—"നിങ്ങളൊക്കെ പ്രണയത്തെപ്പറ്റി പറയുന്നതുകേട്ടാൽ അതു വിലയില്ലാത്ത ഒരു സാധാരണ കമ്പോളച്ചരക്കാണെന്നു തോന്നും. അതു പവനമായ, അത്യുൽക്കൃഷ്ടമായ ഒരു മധുരവികാരമല്ലേ അതു? കേവലം ഒരു വിനോദമായി അതിനെ പരിഗണിക്കുന്നതുതന്നെ പാപമാണു്."

ഗോവിന്ദൻ പദ്മാദേവിയുടെ മുഖത്തേക്കു നോക്കി. ബഹുമാനമൊ ആശ്ചര്യമൊ സ്നേഹപാരവശ്യമൊ എന്താണു് ആ നോട്ടത്തിൽ കലർന്നിരുന്നതെന്നു് ഗോവിന്ദനു തന്നെ നിശ്ചയമുണ്ടായിരുന്നില്ല. പെട്ടെന്നു് അയാൾ പറഞ്ഞു:—"ക്ഷമിക്കണം ഭവതി ഈ ലോകത്തും ഇക്കാലത്തും ജീവിച്ചിരിക്കേണ്ടതല്ലായിരുന്നു. ഇന്നത്തെ ലോക ഭവതിക്കു യോജിച്ചതല്ല"

——



അമ്പലം-പള്ളി സംയോജനം

യഥാർത്ഥഹിന്ദുക്കളായ മന്നംശങ്കർമാരുടെ പേരിൽ ശിക്ഷണനടപടി എടുത്തു് അവരെ പാർട്ടിയിൽനിന്നും ബഹിഷ്ക്കരിച്ചതോടുകൂടി ക്രിസ്ത്യൻകാൺഗ്രസ്സ് അതിന്റെ വർഗ്ഗസ്വഭാവം പൊളിച്ചുകാണിച്ചു. ഇങ്ങിനെയൊരു സംഭവം ഉണ്ടാകുമെന്നു ബുദ്ധിമാന്മാരായ മന്നംശങ്കർമാർ നേരത്തെതന്നെ കണ്ടിരുന്നതാണു്. ദേവസ്വം ബോർഡിലേയ്ക്കു് മന്ത്രിമാരുടെ ആളായി മന്നത്തിനെയും, കാൺഗ്രസ്സിന്റെ ആളായി ശങ്കറിനെയും തെരഞ്ഞെടുത്തതുതന്നെ ക്രിസ്ത്യൻ കാൺഗ്രസ്സിന്റെ ഒരു പൊളിക്കൈയായിരുന്നുവെന്നു് കണ്ണുള്ളവർ അന്നുതന്നെ കണ്ടിരുന്നു. പ്രതിമാസം 450 രൂപാ ശമ്പളവും, രാജ്യംമുഴുവനും സഞ്ചരിക്കാനുള്ള അന്തമറ്റ സഞ്ചാരബത്തയും, നന്തൻകോട്ടകൊട്ടാരംപോലെയുള്ള കച്ചവടങ്ങൾ നടത്താനുള്ള സൗകര്യവും, പിന്നെ അമ്പലങ്ങളിലെ അവധിയറ്റ ധനത്തിന്റെയും വരുമാനത്തിന്റെയും നിധികളുടെയും സൂക്ഷിപ്പും ഏല്പിച്ചാൽ മന്നംശങ്കർമാർ കാൺഗ്രസ്സിന്റെ കാവൽപ്പട്ടികളായിക്കിടന്നുകൊള്ളുമെന്നായിരുന്നു ടി. കെ. നാരായണപിള്ളയും ജോൺ ഹിലിപ്പോസുംകൂടി നിരൂപിച്ചുറച്ചതു്. അത്യല്പബുദ്ധിയില്ലാത്ത കമ്പളത്തു ശങ്കുപ്പിള്ള, സി. കേശവൻ മുതലായവർ ഇതിൽ കണ്ണിതപ്പെട്ടു. സ്വന്തം മൂക്കിനുതാഴെ നടക്കുന്ന സംഗതികൾപോലും കാണാൽ കഴിവില്ലാത്ത ദുരധഗതിക്കാരനായ പട്ടംതാണുപിള്ള മന്നം ശങ്കർമാരെ ദേവസ്വംബോർഡിൽ എടുത്തതിനെ ദൈവത്തിന്റെ പേരിൽ എതിർത്തുകൊണ്ടു പ്രസ്താവനയിറക്കി.

എതിർപ്പുകാറ്റു പിറിപ്പോയി

എൻ എസ്സ്. എസ്സിന്റെയും എസ്. എൻ. ഡി. പിയുടെയും കിരീടംവച്ച രാജാക്കന്മാരായ മന്നം ശങ്കർമാരെ അങ്ങിനെ ഹിന്ദുക്കളുടെ രാജാവാക്കി അഭിഷേകം ചെയ്തപ്പോൾ, പതിന്നാലു കൊല്ലം ക്രിസ്ത്യൻകാൺഗ്രസ്സിന്റെ പ്രസിഡന്റായിരുന്നതിനാൽ ഒരു മുക്കാൽ ക്രിസ്ത്യാനിയായിത്തീർന്നിരുന്ന പട്ടം താണുപിള്ള ഉയർത്തിയ പ്രതിഷേധശബ്ദം ഇവിടത്തെ ഹിന്ദുസമുദായത്തിൽ യാതൊരു ചലനവും ഉണ്ടാക്കിയില്ലെന്നു മാത്രമല്ല, സ്വന്തം സ്ഥാനാർത്ഥിയായ എ. അച്യുതനു ദേവസ്വംബോർഡിൽ കേറാൻ സാധിക്കാതെ വന്നതുമൂലമുള്ള അസൂയയാണെന്നും വ്യാഖ്യാനിക്കപ്പെട്ടു. ക്രിസ്ത്യാനികളുടെ ചട്ടുകങ്ങളായ കമ്പളം, കേശവൻ പ്രഭൃതികളുടെ പ്രതിരോധം മറിച്ചുള്ള ഫലവുംചെയ്തു. അങ്ങിനെ മന്നം ശങ്കർമാരുടെ വ്യക്തിപ്രഭാവത്തിന്റെ മുമ്പിൽ എതിർപ്പുകളെല്ലാം പിറിപ്പോയി.

മന്നംശങ്കർമാരുടെ രക്ഷാകവചം

എൻ. എസ്. എസും, എസ്. എൻ. ഡി. പിയും പിടിച്ചുകെട്ടി നായർ–ഈഴവസമുദായങ്ങളെ ജീവനോടെ വിഴുങ്ങാൻ വാപിളർന്ന ക്രിസ്ത്യൻ കാൺഗ്രസ്സിനു വല്ലാത്ത ഒരു ഏനക്കേടുതന്നെ ഇക്കാര്യത്തിൽ സംഭവിച്ചു. അഞ്ചുകൊല്ലത്തേയ്ക്കാണ് തങ്ങളെ ദേവസ്വംബോർഡു മെമ്പർമാരാക്കിയതെന്നു മനസ്സിലാക്കിയ മന്നംശങ്കർമാർ അവ'ടെ ആജീവനാന്തം പിടി'ച്ചുനില്ക്കാൻ ഉറച്ചു. അതിനുവേണ്ടി സൈനുസന്നാഹം കൂട്ടുവാൻതന്നെ അവർ ഒരുങ്ങി. എസ്. എൻ. ഡി. പി, എൻ. എസ്. എസ്, കുറവർ മഹാസഭ, പറയർ മഹാസഭ, തച്ചർസംഘം, വീശ്വബ്രഹ്മ മഹാസഭ, തണ്ടാർമഹാസഭ, പുലയമഹാജനസഭ എന്നിങ്ങനെയുള്ള സമസ്തഹിന്ദുരാഷ്ട്രങ്ങളിൽ നിന്നും അവയുടെ സേനാനായകന്മാരെ ക്ഷണിച്ചുവരുത്തി ചങ്ങനാശ്ശേരി എൻ. എസ്. എസ്. ഹെഡ്ഡാഫീസിൽവച്ചു യോഗംകൂടി. എല്ലാ ഹിന്ദുസമുദായങ്ങളും ഏകോപിച്ചു കോപ്പുവാനും മന്നംശങ്കർമാരുടെ നേതൃത്വം ഔദ്യോഗികമായി അംഗീകരിക്കുവാനും തീരുമാനിച്ചു! അങ്ങിനെ ഉടലെടുത്ത ഹിന്ദുമഹാമണ്ഡലമാകുന്ന രക്ഷാകവചമേന്തിയാണു മന്നംശങ്കർമാർ പിന്നെ ബോർഡിൽ പ്രത്യക്ഷപ്പെട്ടതു്.

മുത്തുക്കുട പ്രക്ഷോഭണം

ദേവസ്വം രാജാക്കന്മാരായ തിരുന്നാൾ മന്നംശങ്കർമാർ ഭരണത്തിന്റെ രുചിയറിഞ്ഞപ്പോൾ, അവിടം മാത്രമല്ല രാജ്യം മുഴുവനും ഒന്നു ഭരിച്ചുകളയാമെന്നുതന്നെ തീരുമാനിച്ചു. അതിനുവേണ്ടി രാജ്യത്തെ കീഴ്മേൽ മറിയ്ക്കാനുള്ള പ്രക്ഷോഭണത്തിന്റെ ആദ്യപടിയാണു് അമ്പലങ്ങൾതോറും ഏർപ്പെടുത്തിയ സ്വീകരണയോഗങ്ങൾ. ആ മുത്തുക്കുടപ്രക്ഷോഭണം മുത്തുവന്നതോടുകൂടി മന്നത്തു മൂപ്പീന്നിന്റെ പഴയ പഞ്ചകല്യാണിയുടെ പുതിയ പതിപ്പും പ്രചരിച്ചുതുടങ്ങി. ആദ്യമാദ്യം കണ്ണൽ മൺറോയുടെ കാലത്തെ ദേവസ്വം കണക്കുകളുമായി ആരംഭിച്ച കണക്കൻ ശങ്കരുടെ പ്രസംഗത്തിന്റെ ഭാവവും മാറിത്തുടങ്ങി. താമസംവിനാ മന്നംശങ്കരന്മാർ രണ്ടുപേരുംകൂടി ക്രിസ്ത്യാനികളേയും കാൺഗ്രസ്സിനേയും ഒരു പോലെ ആക്രമണം തന്നെ തുടങ്ങി.

ശങ്കറിന്റെ ബോധോദയം

അക്കാലത്താണ് ശ്രീ ശങ്കർക്ക് വലിയൊരു ബോധോദയം ഉണ്ടായതു് ഏറെമാന്യരുപ്പന്റെ കരുണാകടാക്ഷം. അന്നൊരുനാൾ ഏഴരവെളുപ്പിനു് ശ്രീ ശങ്കർ കാക്കയും കിളിയും ഉണരുന്നതിനു മുമ്പുതന്നെ ഉണർന്നെഴുന്നേറ്റു അമ്പലക്കുളത്തിൽ അരയോളം വെള്ളത്തിലിറങ്ങിനിന്നുകൊണ്ടു് ഇങ്ങിനെ ഗംഗയെ ഉണർത്തി:—

"ഗംഗാ ച യമുനാ ചൈവ
ഗോദാവരീ സരസ്വതീ
നർമ്മദാ സിന്ധു കാവേരീ
ജലേ സ്മിൻ സന്നിധിം കുരു."

മന്ത്രം ജപിച്ചുകൊണ്ടു് ഉള്ളംകയ്യിലിരുന്ന ജലത്തിൽ നോക്കിയപ്പോൾ അതിൽ ഒരു മാനത്തു കണ്ണൻ വിടാതെ കൂടിയിരിക്കുന്നതായിട്ടാണ് കണ്ടതു്. ആ മാനത്തുകണ്ണനെ അദ്ദേഹം വീട്ടിൽകൊണ്ടുപോയി ഒരു കുപ്പിയിൽ സൂക്ഷിച്ചു. എന്നാൽ ആ ചെറുമത്സ്യമാകട്ടെ അനുനിമിഷം വളർന്നുവളർന്നു ഇട്ട പാത്രങ്ങളെല്ലാം നിറഞ്ഞു ഒടുവിൽ ഒരു കൊന്നത്തെങ്ങിനോളം വളർന്നു. അപ്പോൾ ആകാശമദ്ധ്യത്തു നിന്നും ഇങ്ങിനെയൊരു അശരീരിയും കേൾക്കായ് വന്നു:

"അല്ലയോ ഭക്താ! നിന്നിൽ നാം പ്രസാദിച്ചിരിക്കുന്നു. പണ്ടു് വേങ്ങാം മോഷ്ടിച്ചുകൊണ്ടുപോയ ഹയഗ്രീവനെ സംഹരിച്ചും ഹിരുധർമ്മം ഉദ്ധരിച്ച ആദിനാരായണനാണ് ഇപ്പോൾ മന്നത്തു പത്മനാഭനായി അവതരിച്ചിരിക്കുന്നതു് നാരായണനു നരനെന്നപോലെ നീ അവനു തുണനിന്നാലും ഹിന്ദുമതത്തെ നശിപ്പിക്കുവാനായി ജന്മമെടുത്തിരിക്കുന്ന ഡി സി. സി. യെ നശിപ്പിച്ചു് ധർമ്മസംസ്ഥാപനം ചെയ്യുക എന്നുള്ളതാണ് അവന്റെ അവതാരകൃത്യം. എസ്. എൻ. ഡി. പി

യെന്നും എൻ. എസ്. എസ്. എന്നുമുള്ള ദ്വയീഭാവം വെറും മിഥ്യയാണ്. അതിനാൽ അവയെ ഒന്നെന്നു കണ്ടാലും ശുഭം ഭൂയാൽ."

ഡിസ്ട്രിക്ട് ക്രിസ്ത്യൻ കോൺഗ്രസ്സ്

ഡി. സി. സി. എന്നു പറയുന്ന സംഘടനവെറും ഡിസ്ട്രിക്ട് ക്രിസ്ത്യൻ കോൺഗ്രസ്സാണെന്ന വസ്തുത അന്നാണ് ശ്രീ ശങ്കറിനു മനസ്സിലായതു്. പിന്നെ ഒരു നിമിഷംപോലും കളയാതെ അദ്ദേഹം അതു പ്രഖ്യാപനം ചെയ്തു. ഇങ്ങിനെ കോൺഗ്രസ്സിന്റെ പെമ്പു തെളിഞ്ഞതേടുകൂടി അതിലെ നേതാക്കന്മാർ പരക്കം പാച്ചിൽ തുടങ്ങി. ഇനിയെന്താണു നിവൃത്തിമാർഗ്ഗമെന്നറിയാതെ കോൺഗ്രസ്സ് നേതാക്കന്മാരെല്ലാം തെറ്റോട്ടവും കുറിയേട്ടവുമായി. ആറ്റിൽ ചാടേട്ടോ നീറ്റിൽ ചാടേട്ടോ എന്നുപോലും ചിലനേതാക്കന്മാർ ചിന്തിച്ചുതുടങ്ങി.

പട്ടേലിന്റെ വരവു്

ഹിന്ദുമണ്ഡലത്തിന്റെ ഉഷ്മാവിൽപെട്ടു് ഇവിടത്തെ കോൺഗ്രസ്സ് പരലോകം പൂകാറായി കിടന്നു പിടച്ചുപിടിച്ചുകൊണ്ടിരുന്നപ്പോഴാണ് സർദാർ പട്ടേൽ എന്ന ഹിരണ്യകശിപുവിന്റെ ദിഗ്വിജയം ഉണ്ടായതു്. കോൺഗ്രസ്സുകാർ അവരുടെ സകല സങ്കടങ്ങളും പട്ടേലിന്റെ മുമ്പിൽ അടിയറവച്ചു വണങ്ങിനിന്നു. വേണ്ടാ, വേണ്ടാ വിഷാദം എന്നു കനിഞ്ഞരുളിക്കൊണ്ടു് അദ്ദേഹം അറുകൈ തന്നെ ഇക്കാര്യത്തിൽ പ്രയോഗിച്ചുനോക്കാൻ തീരുമാനിച്ചു. മന്നം ശങ്കർമാരെ വിളിച്ചുവരുത്തി ഗുണദോഷം പറഞ്ഞു. വി. പി. മേനോനെയും കേ. ജി. മേനോനെയും വിട്ടു് അഞ്ചുടിക്കായലിൽ വലവച്ചുനോക്കി. എന്തായാലും കായ്ം പാത്തിയല്ലെന്നുകണ്ടു് മന്നംശങ്കർമാരെ കോൺഗ്രസ്സിൽനിന്നും ബഹിഷ്ക്കരിക്കുവാൻ ഒടുവിൽ അനുജ്ഞയും നൽകി പട്ടേൽ മടങ്ങി.

പുറംതള്ളി

ആലപ്പുഴ കൊട്ടാരത്തിൽവച്ചു് മന്നംശങ്കർമാരെ കോൺഗ്രസ്സിൽനിന്നും ബഹിഷ്ക്കരിച്ച ഉർവ്വശീശാപം ഉപകാരമായെന്നു പറഞ്ഞതുപോലെ, ഈ ബഹിഷ്ക്കരണം ഹിന്ദുക്കൾക്കു ഉപകാരമായിട്ടാണ് കലാശിച്ചതു്. ദേവസ്വം ബോർഡിൽനിന്നും പുറംതള്ളപ്പെട്ട മന്നം ശങ്കർമാർ പിന്നെയും കോൺഗ്രസ്സിൽ നിൽക്കുന്നതു് ഒരു വിരോധാഭാസം തന്നെയായിരുന്നു. ഹിന്ദുധർമ്മത്തിന്റെയും ഹിന്ദുക്കളുടെയും രക്ഷ അവരുടെ ശക്തിയിലാണല്ലോ സ്ഥിതി ചെയ്യുന്നതു്.

പൊതുശത്രു തല ഉയർത്തുന്നു

മന്നംശങ്കർമാരെ ബഹിഷ്ക്കരിച്ചതോടെ കോൺഗ്രസ്സിന്റെ വിഷമതകളും പതിന്മടങ്ങു വർദ്ധിച്ചു. സംസ്കാരത്തിന്റെ താക്കോൽക്കാരായ ജന്മിമാക്കും മുതലാളിമാക്കും പുരോഹിതന്മാക്കും തെറ്റിരായി തെണ്ടിവർഗ്ഗം രാജ്യത്തു് അങ്ങോളമിങ്ങോളം സമരസന്നദ്ധരായി അണിനിരന്നുതുടങ്ങി. ഈ ശക്തികളെ ഇത്രയുംകാലം അമർത്തിവയ്ക്കാൻ സാധിച്ചതു മതഭേദം മറന്ന ജന്മിമുതലാളി പൌരോഹിത്യശക്തികളും ഒറ്റക്കെട്ടായി നിന്നതിനാലായിരുന്നു. എന്നാൽ ഹിന്ദുമണ്ഡലത്തിന്റെ ആവിർഭാവത്തോടുകൂടി ഈ നീചപ്പരിഷകളും നാട്ടിലെല്ലാം നിർഭയം സഞ്ചരിച്ചുതുടങ്ങി. ബൂഷ്വാസക്കാരെ അവർ വകവയ്ക്കാതായി. എത്രയെത്ര വിദ്ധ്വംസകപ്രവർത്തകരെയാണ് ഇതിന കീഴിൽ പോലീസുകാരപ്പെകളിലിട്ടു് ഇടിച്ചുകൊന്നതു്. അന്നൊന്നും ഒരു പ്രതിഷേധശബ്ദംപോലും ഇവിടെ ഉയർന്നിട്ടില്ല. ഇപ്പോഴിതാ ബൂഷ്വാസിയുടെ ഇടയിൽ ഹിന്ദുവെന്നും ക്രിസ്ത്യനെന്നും ഒരു തൊഴുത്തിൽകുത്തു് തുടങ്ങിയതിനാൽ തൊഴിലാളിവർഗ്ഗം ഗ്രഹണം പറിയപ്പോഠം നീക്കോലിയും തലയുയർത്തുമെന്നു പറഞ്ഞതുപോലെ അഹങ്കാരനൃത്തം ചവിട്ടിത്തുടങ്ങിയിരിക്കുന്നു. ജന്മി—മുതലാളി—പൌരോഹിത്യക്കൂട്ടുകെട്ടിനെ തകർത്തുകൊണ്ടു് അവർ മുന്നേറുവാൻ വെമ്പൽ പൂണ്ടിറങ്ങിയിരിക്കുന്നു.

ഒത്തുതീർപ്പിനു കളമൊരുക്കുന്നു

രാജ്യത്തെ ശിഥിലീകരണശക്തികളും തലയുയർത്തിത്തുടങ്ങിയപ്പോഠം ചൂഷകവർഗ്ഗം ജാതിമതഭേദങ്ങളും മറന്നു ഒന്നായി നിന്നില്ലെങ്കിൽ അപകടമാണെന്നു് എല്ലാവർക്കും മനസ്സിലായി. കോൺഗ്രസ്സുമായി മാനമായ ഒരു ഒത്തുതീർപ്പുണ്ടാക്കുന്നതാണു് രക്ഷയെന്നു് ഹിന്ദുമഹാമണ്ഡലം നേതാക്കന്മാർക്കും കോൺഗ്രസ്സുനേതാക്കന്മാർക്കും ബോദ്ധ്യമായി.

സ്റ്റീന്നർപുരം കോൺഫറൻസു്

ഇങ്ങിനെയുണ്ടായ ബോധത്തിന്റെ ഫലമായി ജന്മി—മുതലാളി—പുരോഹിത ശക്തികളും ക്രിസ്ത്യനെന്നും ഹിന്ദുവെന്നും മുസ്ലീമെന്നുമുള്ള ഭേദബുദ്ധികളും മറന്നു അന്ത്യപ്പോരിശന്റെ അദ്ധ്യക്ഷതയിൽ സ്റ്റീന്നർപുരം എസ്റ്റേറ്റിൽവച്ചു അർദ്ധരാത്രി, പെരുമഴയുടെ നടുവിൽ, രാജ്യം മുഴുവൻ വെള്ളപ്പൊക്കവും മുങ്ങിമരണവും കൊടും പട്ടിണിയും നരകതാണ്ഡവം നടത്തിക്കൊണ്ടിരുന്നപ്പോഠം, ഡിന്നർ വട്ടത്തിന്റെ മസാലമണം, വറമണം, പൊരിമണം, വാർപ്പുമണം, വീഞ്ഞുമണം, വിസ്കിമണം എന്നിവയുടെ മാദകലഹരിയിൽ ഡാൻസുകളുടെ താളമേളങ്ങളുടെ പശ്ചാത്തല സംഗീതത്തിൽ ഒരു കോൺ

ഒരു മാസം മുമ്പു—അസ്ഥിശേഷൻ. ഇന്നു അരോഗദൃഢഗാത്രൻ!

ക്ഷയരോഗം അയാളുടെ മാർദ്ദവമുള്ള ശരീരധാതുക്കളെ കാന്നു നശിപ്പിച്ചു. രോഗരാക്ഷസരാജാവു് അസ്ഥിക്കൂടമാത്രം ചെന്നായ്ക്കളെപ്പോലെ തിരിഞ്ഞെതള്ളി. അവശേഷിച്ച അസ്ഥികങ്കാളത്തിൽ തൊലിപൊതിഞ്ഞ ഒരു മനുഷ്യക്കോലംമാത്രമായിരുന്നു. ഒരു മാസം മുമ്പു് ആ ക്ഷയരോഗി. ചുമച്ചു ശ്വാസംമുട്ടിയും, ഞങ്ങിവലിച്ചും വലയുന്ന നിലയിലാണ് ആദ്യമായി ആ രോഗ



വി. ഗംഗാധരൻവൈദ്യൻ
വൈദ്യകലാനിധി

കരിംകുരങ്ങു രസായനം ഉപയോഗിച്ചുതുടങ്ങിയതു്.

അനുദിനം അയാൾക്കു് ആശ്വാസവും ആശയും ഉളവായി. ചുമ തീരെ മാറി. വലിവു് വരാതായി. അസ്ഥികൾക്കും തൊലിക്കും നടുവിൽ മാംസപേശികൾ വീർത്തുവരുന്നു. വേനൽക്കാലത്തെ കയ്ത്തോടുകൾപോലെ വറ്റിവരണ്ടിരുന്ന രക്തധമനികളിൽ ശുദ്ധരക്തം പ്രവഹിച്ചു. ശരീരസ്സു വർദ്ധിച്ചു. യുവത്വം വീണ്ടും കിട്ടി. ഒരു മാസംകൊണ്ടു് അയാൾ അരോഗദൃഢഗാത്രനായി, ആരോഗ്യദേവതയുടെ ആശ്ലേഷസുഖം അനുഭവിച്ചു

വാതരോഗത്തിനും, പ്രസവരക്ഷയ്ക്കും ശരീരത്തിനു് സംഭവിക്കുന്ന കേടുപാടുകൾക്കും അത്യുത്തമം. വിലയ്ക്കു 1-നു് 5 രൂ മാത്രം. പോക്കിങ്ങ് പോസ്റ്റേജ് വേറെ

N. B. ശാസ്ത്രീയമായി തയാർചെയ്ത പരിശുദ്ധവും ഫലപ്രദവുമായ എല്ലാ ആയുർവേദൌഷധങ്ങൾക്കും ഞങ്ങളെഴുതുവിൻ!

കാറ്റലോഗ് സൌജന്യം

സ്വതന്ത്രഫാർമസി, വക്കല P. O. TRAVANCORE

ഫാൻസുകൂടി. ക്രിസ്ത്യനിയുടെ നിണംകുടിച്ചില്ലാതെ അടങ്ങുകയില്ലെന്ന ഉഗ്രശപഥം ചെയ്ത ദേശബന്ധു ശങ്കുണ്ണിപ്പിള്ള, ഹിന്ദുമഹാമണ്ഡലത്തിന്റെ നട്ടുത്തൂണുകളായ മലയാളിക്കുറുപ്പും, മലയാളരാജ്യം രാഘവൻപിള്ളയും, കെ. ആർ. ശങ്കരൻ, മങ്കൊമ്പിൽ പട്ടർ, പത്രാധിപനി ചാക്കോ, എ. വി. ജോർജ്, പാലാമ്പടം തോമസ്, തങ്കംകുഞ്ഞുമുസലിയാർ എന്നിങ്ങനെയുള്ള വ്യവസായവാണിജ്യ കഷ്കപ്രമുഖന്മാരെല്ലാം മതവൈരം പെടിഞ്ഞ് ഏകോദരസഹോദരന്മാരെപ്പോലെ വട്ടമിട്ടിരുന്നു അത്യന്തം ഗൗരവാവഹമായ പല തീരുമാനങ്ങളും കൈക്കൊണ്ടു. ആദായനികുതി കുറയ്ക്കണം, ഭൂനയപരിഷ്കരണക്കമ്മിറ്റി പിരിച്ചുവിടണം, നെല്ലുവില വർദ്ധിപ്പിക്കണം എന്നിങ്ങനെയുള്ള പ്രമേയങ്ങൾ ഏകകണ്ഠമായി അംഗീകരിക്കുകയും, ഗവൺമെന്റിന്റെ വ്യവസായനയത്തിൽ ദീക്ഷിക്കേണ്ട മൗലികമായ കാര്യങ്ങളെപ്പറ്റി ഉഗ്രമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

രഹസ്യതീരുമാനം

ഇതെല്ലാം പരസ്യമായ പ്രമേയങ്ങളാണ്. എന്നാൽ അന്നത്തെ കാൺഫറൻസിൽവച്ച് അത്യന്തം ഗൗരവമുള്ള മറ്റൊരു തീരുമാനം കയ്യാണ്ടതു്, കാൺഗ്രസ്സിലെ ഭിന്നിപ്പകറ്റാൻ പറഞ്ഞൊതുക്കി എത്രയും വേഗം അതിനെ സുശക്തമാക്കിത്തീർക്കണമെന്നുള്ളതായിരുന്നു. ആ തീരുമാനം നയതന്ത്രപരമായി തല്ക്കാലം എത്രയും ഗോപ്യമാക്കിവയ്ക്കുവാനും ഉറച്ചു.

കെ. പി സി. സി. പ്രസിഡണ്ടിന്റെ പ്രസ്താവന

അന്നത്തെ കാൺഫറൻസ് പിരിഞ്ഞതോടുകൂടി പൂഷകവഗ്ഗത്തിന്റെ ഇടയിൽ ജാതിമതഭേദം കൂടാതെ ഒരു ആഹ്ലാദത്തിമിർപ്പ് കണ്ടുതുടങ്ങി. ചില്ലറ അഭിപ്രായവ്യത്യാസങ്ങൾ മൂലം കാൺഗ്രസ്സിൽ നിന്നും വിട്ടുപോയ വിശിഷ്ടവ്യക്തികളെ തിരിച്ചെടുക്കുവാനുള്ള പദ്ധതി ആസൂത്രിതമായിരിക്കുന്നു വെന്നും എന്നാൽ ആ പദ്ധതി തല്ക്കാലം വെളിപ്പെടുത്തുന്നില്ലെന്നും കെ. പി. സി. സി. പ്രസിഡണ്ടു കമ്പളത്തു ശങ്കുപ്പിള്ള ഒരു പ്രസ്താവന ഇറക്കി. കാൺഗ്രസ്സെന്നും കാൺഗ്രസ്സുഡെമോക്രാറ്റിക് പാർട്ടിയെന്നും പറയുന്നതു് ഒന്നുതന്നെയാണെന്നും രണ്ടെന്നു തോന്നുന്നതു മായയാണെന്നും ദേശബന്ധു മുഖപ്രസംഗമെഴുതി.

അരങ്ങുതയാറായി

ക്രിസ്ത്യൻകാൺഗ്രസ്സും ഹിന്ദുമണ്ഡലവുമായി വീണ്ടും ഒന്നായി ആടാനുള്ള അരങ്ങുതയാറായിക്കഴിഞ്ഞു. അണിയറയിൽ കത്തിയും ചുട്ടിയും കരിയുമൊക്കെ ആയി. പക്ഷേ അവരെ അരങ്ങേറ്റാനുള്ള ആശാൻ ഇനിയും വന്നുചേർന്നിട്ടില്ല. അങ്ങിനെയാണ് ഇരുകക്ഷികളുടെയും

Visit! Bharat Studios, Trivandrum.

ഭൂതന്മാർ സംയോജന വിശ്വരൂപനായ വി. പി. മേനവനെ സമീപിച്ചതു്.

അച്ഛനിച്ചിച്ചയും വൈദ്യൻ കല്പിച്ചതും

ഇങ്ങനെയൊരവസരം ഉണ്ടാകുമായി വി. പി. മേനവൻ അവസരം പാത്തു കഴിയുകയായിരുന്ന മേനവൻ ഉടനെതന്നെ തിരുവനന്തപുരത്തേയ്ക്കു പറന്നു.

ഒത്തുതീർപ്പു വ്യവസ്ഥകൾ

ക്രിസ്ത്യൻകാൺഗ്രസ്സിനും ഹിന്ദുമണ്ഡലത്തിനും തമ്മിൽ മൗലികമായ കാര്യങ്ങളിൽ യാതൊരു അഭിപ്രായവ്യത്യാസവും ഉണ്ടായിരുന്നില്ലെങ്കിലും മണ്ഡലത്തിനുവേണ്ടിയും ക്രിസ്ത്യൻകാൺഗ്രസ്സിനുവേണ്ടിയും പ്രാണൻ കളയാൻ അരയും തലയും മുറുക്കിനിന്ന സാധാരണക്കാരെ ഒപ്പിയ്ക്കാൻ ഒരു ദീർഘമായ സന്ധിവ്യവസ്ഥകൾ തന്നെ തയ്യാറാക്കേണ്ടിവന്നു.

സംയോജനപദ്ധതി

ഈ ഒത്തുതീർപ്പുവ്യവസ്ഥകളിൽ ഏറ്റവും പ്രധാനം മണ്ഡലം—കാൺഗ്രസ്സ് സംയോജനപദ്ധതിയ്ക്കാണ്. മന്ത്രിസഭയിലെ ഹിന്ദുമെമ്പർമാരിൽ ഭൂരിപക്ഷം മണ്ഡലക്കാരായിരിക്കണമെന്നുള്ള നിർദ്ദേശത്തെപ്പറ്റി വലിയ വാഗ്പ്രതിവാദം നടന്നെങ്കിലും തല്ക്കാലം സമം സമം എന്നുള്ള വ്യവസ്ഥ അംഗീകരിക്കപ്പെട്ടു. സംയോജനത്തിനുശേഷം ഒരു കൊല്ലം കഴിഞ്ഞാൽ പിന്നെ മണ്ഡലമെന്നും കാൺഗ്രസ്സെന്നും രണ്ടില്ലാതാകുന്നതാണെന്നും, അതിനാൽ ഈ പ്രാതിനിധ്യവ്യവസ്ഥ വെറും ഒരു ഇടക്കാലവ്യവസ്ഥ മാത്രമാണെന്നും അതിനാൽ അതു ഇന്ത്യൻ ഭരണഘടനയിലെ അവസരസമത്വത്തിനു വിരുദ്ധമല്ലെന്നും ഉള്ള അനുബന്ധവും അംഗീകരിച്ചു.

കീറാമുട്ടി

ശബരിമല ധർമ്മശാസ്താവിന്റെ വിഗ്രഹം ഉടച്ചതിനു എത്രപ്രായശ്ചിത്തം നൽകണമെന്നുള്ളതിനെപ്പറ്റി വലിയ വാഗ്വാദങ്ങൾ തന്നെ നടന്നു. ഒടുവിൽ ആ പ്രശ്നത്തെപ്പറ്റി വിശദമായി അന്വേഷിച്ച് ആറു മാസത്തിനുള്ളിൽ റിപ്പോർട്ടുചെയ്യുവാൻ ശങ്കുണ്ണിപ്പിള്ള, പി. റ്റി. ചാക്കോ എന്നിവരടങ്ങിയ ഒരു രണ്ടംഗക്കമ്മിറ്റിയെ നിയോഗിച്ചു.

അമ്പലം—പള്ളി സംയോജനം

ഇനിയും കാൺഗ്രസ്സിൽ ഇങ്ങിനെ പിളർപ്പുണ്ടാകാതിരിപ്പാനുള്ള ഒരു കരുതൽ നടപടിയായി രാജ്യത്തെ അമ്പലങ്ങളെയും പള്ളികളെയും സംയോജിപ്പിക്കേണ്ടതാണെന്നുള്ള ഒരു പ്രമേയം മന്നത്തു പത്മനാഭൻ അവതരിപ്പിക്കുകയും വി. കെ. മക്കോസ് പിന്താങ്ങുകയും ചെയ്തതനുസരിച്ച് സർവ്വസമ്മതമായി അംഗീകരിക്കപ്പെട്ടു. ആ സംയോജനത്തിന്റെ സാമാന്യരൂപം ഇങ്ങിനെയാണ്:—

ഹിന്ദുദേവസ്വങ്ങളും ക്രിസ്ത്യൻ ചർച്ചുകളും സംയോജിപ്പിച്ച് ഒരൊറ്റ സംയുക്തബോർഡിന്റെ നിയന്ത്രണത്തിലാക്കണം. ആ ബോർഡിന്റെ ഭരണം ഒരു ഹിന്ദുവും ഒരു ക്രിസ്ത്യാനിയും അടങ്ങിയതായിരിക്കും. ആദ്യത്തെ ബോർഡുമെമ്പർമാരായി മാർ മന്നത്തു തിരുമേനിയേയും ബഹുശ്രീ ഇവാനിയോസ് സ്വാമിതിരുവടികളെയും നിയമിച്ചിരിക്കുന്നു. ബോർഡിന്റെ കാലാവധി നാലുകൊല്ലമായിരിക്കുന്നതും, ഓരോ കൊല്ലവും ഇവരിൽ ഓരോരുത്തർ മാറിമാറി പ്രസിഡണ്ടായിരിക്കുന്നതുമാകുന്നു. അങ്ങിനെ സംയോജിപ്പിക്കപ്പെടുന്ന പള്ളികളിൽ ഉണ്ണിയപ്പവും അടയും നിവേദിക്കാവുന്നതും, അമ്പലങ്ങളിൽ മെഴുകുതിരി കത്തിച്ചുവയ്ക്കേണ്ടതും ഭക്തന്മാർ മുട്ടുകുത്തി പ്രാർത്ഥന നടത്തേണ്ടതുമാണ്. മദ്യനിരോധിത പ്രദേശങ്ങളിലെ ഭക്തകോടികളുടെ ക്ഷേത്രങ്ങളിലേയ്ക്ക് കുർബാനവീഞ്ഞിന്റെയോ ഹരി നൽകേണ്ടതുമാണ്. ഉടുപുപുള്ളികളുടെയും പള്ളിവികസ്ത്രങ്ങളും അവയുടെ പ്രത്യേകമായ അന്തരീക്ഷത്തിൽതന്നെ നടത്തിക്കൊള്ളുവാൻ പൂർണ്ണമായ സ്വാതന്ത്ര്യം ഇരുകൂട്ടർക്കും ഉണ്ടായിരിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും ക്ഷേത്രസങ്കേതത്തിൽ ശവക്കോട്ടകളോ, പള്ളിപരിസരങ്ങളിൽ ചുടുകാട്ടുകളോ ഉണ്ടാക്കാൻ പാടുള്ളതല്ല. പദ്ധതിയുടെ വിശദാംശങ്ങൾ എഴുതിയുണ്ടാക്കുന്നതിനായി കാലടി ശിവഗിരി എന്നീ ആശ്രമങ്ങളിലെ ബിഷപ്പ് തിരുമേനിമാരും, ബ്രഹ്മശ്രീ കൊല്ലം ശ്രുതയിലെ വലിയ മെത്രാനച്ചൻ ജെറോം ഫർണാണ്ടസ് തുപ്പാങ്ങളും പരമഭട്ടാരക ശ്രീ കോട്ടയം മെത്രാൻ തിരുവടികളും അടങ്ങിയ ഒരു വിശുദ്ധകമ്മിറ്റിയെ ഏല്പിക്കുന്നു

എല്ലാവരും ഹാലേലൂയാ പാടുന്നു

ഇങ്ങിനെ ക്രിസ്ത്യൻകാൺഗ്രസ്സും ഹിന്ദുമഹാമണ്ഡലവും തമ്മിൽ സംയോജനം നടന്നതോടെ നേതാക്കന്മാരും പുരോഹിതന്മാരും ജന്മിമാരും മുതലാളിമാരും എല്ലാം സർവ്വവും മറന്ന് പരസ്പരം കെട്ടിപ്പുണർന്ന് ഉമ്മവയ്ക്കുകയും, കാൺഗ്രസ്സിനു ഹാലേലൂയാ പാടുകയും ചെയ്തു. ക്രി. കാൺഗ്രസ്സ് കീജേ! മണ്ഡലം കീജേ! ഹിന്ദുക്രിസ്ത്യൻ ഐക്യം കീജേ!! എന്നുള്ള വിളികൾകൊണ്ട് അന്തരീക്ഷം നടുങ്ങി.

സമ്മാനാർഹമായ ചോദ്യം

ഇതു ചോദ്യോത്തരത്തിന്റെ കൂടെ കൊടുക്കാൻ വിട്ടുപോയതാണ്.

കെ. പുരുഷോത്തൻ
അഞ്ചുപുബീഡി കമ്പനി, മേലപ്പാളയം P. O.
തിരുനൽവേലി.

സിനിമാലോകം

[വി. പി. സതി]

"ചിഗ്മാലിയൺ" "സീസർ ആൻഡ് ക്ലിയോപാട്ര" മുതലായി ബർണാഡ്ഷാ എഴുതിയിട്ടുള്ള നാടകങ്ങളും സിനിമയിലേക്ക് പകർത്തിയ വിഖ്യാത ചിത്രനിർമ്മാതാവായ ഗബ്രിയേൽ പാസ്കൽ ഇൻഡ്യയിലെത്തിയിരിക്കുന്നു. അദ്ദേഹം ഹംഗറിക്കാരനാണ്. നാലുകാശുപോലും കയ്യിലില്ലാത്ത അവസരത്തിൽ ഷായുടെ എല്ലാ നാടകങ്ങളുടെയും ഫിലിം റൈറ്റ്സ് തനിക്ക നൽകുവാൻ പാസ്കൽ ഷായെ പ്രേരിപ്പിക്കുകയുണ്ടായി. അതേസമയം കോടിക്കണക്കിനു ഡാളർ വാഗ്ദാനം ചെയ്തിട്ടും ഹോളിവുഡ്ഡിലെ നിർമ്മാതാക്കൾക്കു ഷായെ ആകർഷിക്കുവാൻ കഴിഞ്ഞില്ലെന്നുള്ളതു സ്മരണീയമാണ്. വിൻസെന്റ് ഷീനിന്റെ "ലീഡ് കൈൻഡ്‌ലിലൈറ്റ്" (Lead kindly light) എന്നപുസ്തകത്തെ ആസ്പദമാക്കി അദ്ദേഹം മഹാത്മജിയുടെ ഒരു ജീവചരിത്രം ഫിലിം ചെയ്യുവാൻ ഉദ്ദേശിക്കുന്നുവെന്ന വാർത്ത പലചിത്രവൃത്തങ്ങളിൽ വളരെ താല്പര്യം ഉളവാക്കിയിട്ടുണ്ട്. അതോടൊപ്പം ഗാന്ധിജിയുടെ ജീവിതം ഫിലിം ചെയ്യുന്നതിന്റെ ഗുണദോഷ വിവേചനവും വീണ്ടും ആരംഭിക്കപ്പെട്ടിട്ടുണ്ട്.

മഹാത്മജിയുടെ ശരിയായ ഒരു ജീവചരിത്രം ചിത്രീകരണം ചെയ്യുന്നതിനുള്ള കാലമായിട്ടില്ലെന്നും ഇനിയും വളരെ വർഷങ്ങൾക്കു ശേഷം മാത്രമെ അദ്ദേഹത്തിന്റെ ശരിയായ ജീവചരിത്രം ചിത്രീകരണം ചെയ്യുവാൻ സാധിക്കുകയുള്ളുവെന്നും ചിലർ അഭിപ്രായപ്പെടുന്നു. എന്നിരുന്നാലും അദ്ദേഹത്തിന്റെ മരണത്തിനുശേഷം പല പ്രാവശ്യവും ആ രീതിയിൽ പലരും ശ്രമിച്ചിട്ടുണ്ട് അംബേദ്കർ പട്ടേലും, എ. കെ. ചെട്ടിയാരും ഓരോ ഡാക്യുമെന്ററികൾ എടുക്കുകയുണ്ടായി. പക്ഷേ അവ ഒട്ടും വിജയകരമായില്ലെന്നുള്ളതു് ഒരു സത്യം മാത്രമാണ്. സുപ്രധാനങ്ങളായ പല സംഭവങ്ങളും അവർ ഉൾപ്പെടുത്തിയിട്ടില്ല പോരെങ്കിൽ സാങ്കേതികമായും ആനുസ്ട്രിൽ വളരെ മോശമായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ, ഇവ കണ്ടശേഷം ഒരു മഹാന്റെ ജീവചരിത്രമാണ് കണ്ടതെന്ന് പ്രേക്ഷകർക്കു തോന്നുകയില്ല. അവയിൽ വികാരമോ ആവേശമോ ഇല്ല.

"ബാപ്പു" "ബാപ്പു കി അമർ കഹാനി" എന്നീ ചെറിയ ഫിലുമുകളും പൊതുവെ നന്നായിരുന്നു. 1948-ലെ ചെറിയ ഫിലുമുകളിൽ ഏറ്റവും പ്രസിദ്ധി ലഭിച്ചതു് അവയ്ക്കായിരുന്നു. പക്ഷേ മുൻപറഞ്ഞ എല്ലായത്നങ്ങളും അസംഘടിതവും മുട്ടശാന്തി പ്രയോഗങ്ങളുമായിരുന്നു. മഹാനായ ഗാന്ധിജിയുടെ വ്യക്തി മാഹാത്മ്യത്തോട് നീതികാണിക്കുന്ന ഒരു ഫിലിം ഇനി ഉണ്ടാകേണ്ടിയിരിക്കുന്നതേയുള്ളു.

പക്ഷേ ഹോളിവുഡ്ഡിനോ, ഒരു ഗബ്രിയേൽ പാസ്കലിനോ അതു സാദ്ധ്യമല്ല. അവക്ക് പാശ്ചാത്യമായ ഒരു വീക്ഷണകോണത്തിൽ കൂടി മാത്രമെ ഗാന്ധിജിയുടെ വ്യക്തിത്വത്തെ വിഭാവനചെയ്യുവാൻ സാധിക്കുകയുള്ളു. ഇൻഡ്യാക്കാരനായ ഒരു കലാകാരനു മാത്രമെ ആ മഹനീയമായ ജീവിതം ഫിലിം ചെയ്യുവാൻ സാധിക്കുകയുള്ളു. നടനും നാടകകൃത്തും ഡയറക്ടറുമായ ഒരു കലാസാമ്രാട്ടിനു മാത്രമേ അതിനുള്ള കഴിവുണ്ടാകയുള്ളു. ഒരു പക്ഷേ പത്തിരുപതു വർഷങ്ങൾ കൊണ്ടേ അത്തരത്തിലുള്ള ഒരു വ്യക്തി ഇൻഡ്യയിലെ ചലച്ചിത്രനഭസ്സിൽ ഉദയം ചെയ്യുകയുള്ളു. അതുവരെ മഹാത്മജിയുടെ പാവനസ്മരണയെ പങ്കിലമാക്കി അദ്ദേഹത്തിന്റെ പേരു മൂഷണം ചെയ്യപണമുണ്ടാക്കുന്ന ഒരു വിദ്യയായി അതിനെ അധഃപതിപ്പിക്കുവാൻ ആരും തയ്യാറാകാതിരുന്നാൽ കൊള്ളാം.

ആശാ മധുർ

കിഷോർസാഹു തന്റെ "കാളിഘട്ട" എന്ന ചിത്രത്തിൽ മൂന്നു പുതിയ താരങ്ങളെ—അവരുടെ സിനിമാപ്പേരു് ആശാമാധുർ, ബീനാറേയ്, ഇന്ദിരാപാഞ്ചാൽ എന്നാണ്—അവതരിപ്പിക്കുന്നതായി ഈ പംക്തികളിൽ കുറച്ചു നാളുകൾക്കു മുമ്പു് പ്രസ്താവിച്ചിരുന്നുവല്ലോ. പുതിയ നടികളെ സ്വാഗതം ചെയ്തുകൊണ്ടു കിഷോർ സാഹു പുറപ്പെടുവിച്ച പരസ്യമനുസരിച്ചു അദ്ദേഹത്തിനെ സമീപിച്ച അപേക്ഷകരിൽ നിന്നുമാണ് ഈ പുതിയ മൂന്നു നടികളെയും തിരഞ്ഞെടുത്തിരിക്കുന്നതു്.

ഈ മൂന്നുപേരിൽ ഒരാളായ ആശാമധുറിനെ ഞാൻ ഈ വാരത്തിൽ നിങ്ങൾക്കു പരിചയപ്പെടുത്തിത്തരാം. അവളുടെ ശരിയായ പേർ അതല്ല. പക്ഷെ സ്വന്തം പേർ രഹസ്യമാക്കി വയ്ക്കുവാൻ അവൾ ആഗ്രഹിക്കുന്നതുകൊണ്ടു് തല്ക്കാലത്തേക്ക് ആ പേർ രഹസ്യമായിത്തന്നെ ഇരിക്കട്ടെ.

മറ്റനവധി സിനിമാതാരങ്ങളെയുംപോലെ പഞ്ചാബാണ് അവളുടെയും പെറ്റവളർത്തിയതു്. പട്യാലയിൽ ജനിച്ച അവൾ, ലഹോറിൽ പഠിക്കുകയും വിഭജനത്തിനുശേഷം ഡൽഹിയിൽ വിദ്യാഭ്യാസം തുടരുകയും ചെയ്തു. അവൾ ഒരു കലീനകുടുംബത്തിലെ അംഗമാണ്. പാശ്ചാത്യപരിഷ്കാരം ധാരാളം സമ്പാദിച്ചിട്ടുള്ള പ്രഭുകുലജാതയായ അവൾ വിശ്വസിക്കുന്നതു് യൂറോപ്യന്മാരിൽനിന്നും ഇൻഡ്യയിൽ ഇനിയും വളരെയധികം പഠിക്കുവാനുണ്ടെന്നാണ് ബീ-ഏയ്ക്കു പഠിച്ചുകൊണ്ടിരിക്കുമ്പോഴാണ കിഷോർ സാഹുവിന്റെ പരസ്യം കണ്ടതു്. അവൾ അപേക്ഷ അയച്ചു. ബാംബെയിലേയ്ക്കുള്ള ഒരു ക്ഷണക്കത്തും, ബാംബെയിലെ ഇന്റർവ്യൂവിനുശേഷം

കർഷകൻ

ഗാന്ധിജയന്തി വിശേഷാൽപ്രതി

കേരള കിസാൻ കോൺഗ്രസ്സ് പ്രസിഡണ്ടു് ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛന്റെ പത്രാധിപത്യത്തിൽ ഈ ഒക്ടോബർ 2-നു- ഗാന്ധിജയന്തി വിശേഷാൽപ്രതിയോടുകൂടി 'കർഷകൻ' വാരിക വീണ്ടും പ്രസിദ്ധീകരിച്ചുതുടങ്ങുന്നതാണ്. നിരവധി വിശിഷ്ടലേഖനങ്ങാൽ ഉൾക്കൊള്ളുന്ന വിശേഷാൽപ്രതി (വില 4 ണ)യ്ക്കുള്ള ഓർഡറുകൾ ഉടനെ അയക്കുക. എജൻറുമാർക്ക് ആകർഷകമായ കമ്മീഷൻ നൽകപ്പെടും.

ഒറ്റപ്രതിയ്ക്ക് 4½ ണ സ്റ്റാമ്പയയ്ക്കുക

വാർഷിക വരിസംഖ്യ 6 ക. 6 മാസത്തേയ്ക്ക 3 ക. ഒറ്റപ്രതി 2 ണ.

മാനേജർ, 'കർഷകൻ' തൃശ്ശൂർ.

Arts & Publicity

സൌണ്ട്

വ്യക്തിത്വമുള്ള മലയാളമാസിക

തലയെടുപ്പും, വ്യക്തിത്വവും, പുതുമയും ഉള്ള ആകർഷകമായ "ഗെറ്റപ്പ്" വൈവിദ്ധ്യം നിറഞ്ഞ ഉള്ളടക്കം. കേരളത്തിലെ വിദ്യാഭ്യാസകാര്യത്തിൽ ഓരോ ലക്കം സൌണ്ടിലും സമ്മേളിക്കുന്നു. ഇംഗ്ലീഷുമാസം കുത്യം 1-നു-കളിൽ സൌണ്ട് നിങ്ങളെ സമീപിക്കും
ഒറ്റപ്രതി 4 ണ. വാർഷിക വരിസംഖ്യ അഞ്ചലിൽ 3 ക.

തിരുവിതാംകൂർ വിതരണക്കാർ: —

ലത്തീഫ് & കൊ., ന്യൂസ് ഏജൻസ് കാഞ്ഞിരപ്പള്ളി

തിരുവിതാംകൂറിൽ ഏജൻസി എടുക്കേണ്ടവർ ലത്തീഫ് & കമ്പനിയെഴുതുക
കൊമുടി ഏജൻറന്മാർക്ക് മുൻഗണന നൽകപ്പെടും.

മാനേജർ, **സൌണ്ട്**, **ആർട്ട്സ് & പബ്ലിസിറ്റി**, തൃശൂർ.

Arts & Publicity

ദീർഘകാലത്തേയ്ക്കുള്ള ഒരു കൺട്രാക്ട് അവർക്കു കിട്ടി.

ചുരുക്കത്തിൽ, സിനിമാലോകത്തിലേക്കുള്ള അവളുടെ പ്രവേശനം വെറും ഒരു യാദൃശ്ചിക സംഭവമായിരുന്നു. വിദേശകാര്യാലയത്തിൽ ജോലിയിൽ പ്രവേശിക്കണമെന്നായിരുന്നു ഇന്നുവരെയുള്ള അവളുടെ അഭിലാഷം. ആ സ്വപ്നം ഇനിയും അവശേഷിക്കുന്നുണ്ട്. ബി. ഏ. പാസ്സായിരുന്നെങ്കിൽ അവർക്കു നല്ല ചാൻസുണ്ടായിരുന്നു. എന്തെന്നാൽ ഇംഗ്ലീഷ്, പഞ്ചാബി, ഹിന്ദി എന്നീ ഭാഷകൾ കൂടാതെ ഫ്രഞ്ചിലും, ജർമ്മനിലും അവർക്കു പരിജ്ഞാനമുണ്ടായിരുന്നു. മാതൃമല്ല വിവിധഭാഷകൾ പഠിക്കുന്നതിനു പ്രത്യേക വാസനയും അവർക്കുണ്ട്.

എങ്കിലും സിനിമാലോകത്തിലുള്ള അവളുടെ പ്രവേശനം വെറും ഒരു യാദൃശ്ചികസംഭവമല്ല. കുട്ടിക്കാലം മുതൽക്കുതന്നെ ഒരു താരമാകുവാൻ അവർ കൊതിച്ചുകൊണ്ടിരുന്നു. പക്ഷേ മാതാപിതാക്കന്മാരെ ഭയന്നു് ഈ ആഗ്രഹം അവർ പ്രകടിപ്പിച്ചിരുന്നില്ലെന്നേയുള്ളൂ. കിഷോർ സാഹുവിന്റെ പരസ്യം വായിച്ചപ്പോൾ അവർ അവസാനമായി തീരുമാനമെടുത്തു. ഈ അഭിലാഷം പലവിധത്തിലും പരോക്ഷമായി തെളിഞ്ഞുകാണുകയും ചെയ്തിട്ടുണ്ട്. കാളേജിലെ പ്രഹസനം തുടങ്ങിയ കലാപ്രകടനങ്ങളിൽ അവർ കാര്യമായ പങ്കു വഹിച്ചിരുന്നു.

ഫിലിമിൽ കയറിക്കഴിഞ്ഞ സ്ഥിതിക്ക് പ്രശസ്തിയുടെ കൊടുമുടി കാണുന്നതുവരെ അവർ തൃപ്തിയാകുകയില്ലെന്നു് ദൃഢപ്രതിജ്ഞ ചെയ്തിരിക്കുന്നു. പ്രസിദ്ധിയുടെ പാരമ്യതയിൽ ചലച്ചിത്രലോകത്തുനിന്നും വിരമിച്ച വിദേശകാര്യവകുപ്പിൽ പ്രവേശിക്കണം—വിദേശകാര്യവകുപ്പു അനുവദിക്കുന്നപക്ഷം—എന്നാണ് അവളുടെ ആഗ്രഹം. ഏതായാലും അവസാനമായി അവളുടെ കണ്ണിനിണങ്ങിയ കാമുകനെ കണ്ടെത്തിക്കഴിഞ്ഞാൽ വിദേശത്തെവിടെയെങ്കിലും സ്ഥിരവാസമുറപ്പിക്കണമെന്നാണ് അവർ ഉദ്ദേശിക്കുന്നതു്.

അതു ഭാവിയിലെ കാര്യങ്ങളാണ്. ഇപ്പോഴാകട്ടെ അവളുടെ ജോലിയും കിശോർ സാഹുവും മാത്രമാണ് അവളുടെ ഏക ചിന്ത. ഒരു അവസരം കൈവന്നതിനു് അവർ കിശോർ സാഹുവിനോടു് കൃതജ്ഞതയുള്ളവരാ മാത്രമല്ല സാഹുവിനെപ്പോലെയുള്ള ഒരു കലാകാരന്റെ നായികയായി അഭിനയിക്കുവാൻ സാധിച്ചതു് ഒരു മഹാഭാഗ്യമായി അവർ കരുതുകയും ചെയ്യുന്നു. ഒരു ഡയറക്ടറെന്ന നിലയിൽ, സാഹുവിനെപ്പറ്റി അവർക്കുള്ള അഭിപ്രായം വളരെ സമുന്നതമാണ്. അദ്ദേഹത്തിന്റെ ശിക്ഷണത്തിലും പരിശീലനത്തിലും ഒന്നാംകിടയിലുള്ള ഒരു താരമായി ഉയരാമെന്നു് അവർക്കു വിശ്വാസമുണ്ട്. മാത്രമല്ല, ദീർഘകാലത്തേക്കുള്ള ഒരു കാൺട്രാക്ടിൽ ഈ മൂന്നു യുവതികളെയും സാഹു എടുത്തിരിക്കുന്നതുകൊണ്ടാതെ, അവരുടെ താമസത്തിനും, ആഹാരത്തിനും വേണ്ട ഏർപ്പാടുകളും അദ്ദേഹം ചെയ്തിട്ടുണ്ട്. നടനത്തിൽ മാത്രമല്ല ചിത്രനിർമ്മാണത്തിൽപോലും പരിശീലനം സമ്പാദിക്കുന്നതിനുള്ള സകല സൌകര്യങ്ങളും അദ്ദേഹം നൽകിയിട്ടുമുണ്ട്.

ആശയുള്ള പരിഷ്കൃതകളായ യുവതികളുടെ ഭാഗം അഭിനയിക്കുവാനാണ് ഇഷ്ടം. അഥവാ അത്തരത്തിലുള്ള ഒരു ഭാഗമാണ് "കാളിഘട്ടാ"യിൽ അവർ അഭിനയിക്കുന്നതു്. ജീവിതത്തെപ്പറ്റി അവർക്കുള്ള അഭിപ്രായം പുരോഗമനോന്മുഖവും, സോഷ്യലിസാധിസ്ഥിതവുമാണ്. സാഹുവിനെക്കൂടാതെ അവർക്കു ഏറ്റവും പ്രിയമുള്ള താരങ്ങൾ കരമിനി, നർഗീസ്, മേത്താബു്, മോട്ടിലാൽ, ദിവംഗതനായ സൈഗാൾ എന്നിവരാണ്. സ്റ്റാനുശേഖരണം, പടപ്രശ്നം പൂരിപ്പിക്കൽ, പുസ്തകപാരായണം, സിനിമാ മുതലായവയാണ് അവളുടെ വിനോദങ്ങൾ. ചുരുക്കത്തിൽ ഒരു താരത്തിനുവേണ്ട സകല ഗുണങ്ങളും അവർക്കുണ്ട്. "കാളിഘട്ട" ഒരു പക്ഷേ അവളെ പ്രശസ്തിയുടെ സോപാനത്തിലേക്ക് നയിക്കും.

"ജാൻസി-കി-റാണി"

"ജാൻസി-കി-റാണി" എന്ന ചിത്രം നിർമ്മിക്കുന്നതായുള്ള ഫിലിംസ്ഥാൻ സ്റ്റുഡിയോയുടെ തീരുമാനം പരസ്യപ്പെടുത്തിയതോടെ പ്രമുഖരായ രണ്ടു് ചിത്ര നിർമ്മാതാക്കൾ തമ്മിൽ ഒരു വടംവലി ആരംഭിച്ചിട്ടുണ്ട്. ശശിധർ മുക്കർജിയും, ഷൊറാബു് മോഡിയുമാണ് ആ നിർമ്മാതാക്കൾ. ഏതായാലും ഒരാൾ ഈ ഉദ്യമത്തിൽ നിന്നു പിന്മാറാതെ തരമില്ലല്ലോ.

സാധാരണയായി ചരിത്രഖ്യായികകളെ അടിസ്ഥാനമാക്കിയുള്ള ചിത്രങ്ങൾ നിർമ്മിച്ചു പേരെടുത്തിട്ടുള്ള ഷൊറാബു് മോഡി "ജാൻസി-കി റാണി" പോലെയുള്ള ഒരു ചിത്രമെടുക്കുവാൻ ധൈര്യം പ്രാപ്നനാണെന്നുള്ളതിൽ ആക്ഷേപമില്ല. മാത്രമല്ലാ പണ്ഡിറ്റ് ഗിരീശ് കഥ എഴുതിത്തീർന്നിട്ടുണ്ട്. പോരെങ്കിൽ സ്വതന്ത്ര ഭാഷ്യ മേഹ്താബിനെ നായികയായി അഭിനയിപ്പിക്കുവാൻ മോഡി ഉദ്ദേശിച്ചിട്ടുമുണ്ട്.

ബംഗാളിലുള്ള '42' എന്ന ചിത്രം നിർമ്മിച്ച ഡയറക്ടർ ഹേമൻ മുഖർജ്ജിയും ഈ ചിത്രം നിർമ്മിക്കുന്നതിനുള്ള കഴിവുണ്ട്. അദ്ദേഹത്തിനു് രാഷ്ട്രീയവിജ്ഞാനവും, രാഷ്ട്രീയകാര്യങ്ങൾ ഗ്രഹിക്കുന്നതിനുള്ള കഴിവും ഉണ്ട്. രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി സമരം ചെയ്ത ഒരു ധീരയുടെ ചരിത്രം ചിത്രീകരണം ചെയ്യുന്നതിനു് രാഷ്ട്രീയമായ ജ്ഞാനം അത്യന്താപേക്ഷിതമാണല്ലൊ.

ഇവരെക്കൂടാതെ തന്നെ സന്തോഷി, മധുബൻ പിക്ചേഴ്സ് മുതലായ നിർമ്മാതാക്കളും ഈ കഥയെ അടിസ്ഥാനമാക്കി ചിത്രം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടായിരുന്നു ജാൻസി റാണിയെപ്പറ്റി എഴുതിയിട്ടുള്ള ഒരു ഹിന്ദിനോവൽ സന്തോഷി വിലയ്ക്കുവാങ്ങിയിട്ടുണ്ട്, അതേ സമയം ജാൻസിയിലെ റാണി ലക്ഷ്മീഭായിയുടെ ഭാഗം അഭിനയിക്കുന്നതിനു ഏറ്റവും പറ്റിയ മഹാരാഷ്ട്രക്കാരിയായ ഒരു പ്രൊഫഷണൽ നടിയെ തങ്കപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ടെന്നു് മധുബൻ പിക്ചേഴ്സും പ്രസ്താവിക്കുന്നു.

ഏതായാലും ആദ്യം ആരംഭിക്കുകയും ആദ്യമായി ചിത്രം നിർമ്മിച്ചുതീർക്കുകയും ചെയ്യുന്ന നിർമ്മാതാവു് ഈ മത്സരത്തിൽ ജയിക്കും. നിലവിലുള്ള സാഹചര്യങ്ങളും വച്ചുനോക്കിയാൽ ഷൊറാബു് മോഡിതന്നെ ജയിക്കുമെന്നു കരുതാം. എന്തെന്നാൽ അദ്ദേഹത്തിനു എല്ലാ സൌകര്യങ്ങളുമുണ്ട്.

തിരുത്തൽ

കന്നി 9-നു-യിലെ കൊമുടി ആഴ്പ്പതിപ്പിൽ ചേർത്തിരുന്ന നാഷനൽ പടപ്രശ്നം നമ്പർ രണ്ടിൽ 6 എന്ന അക്കം കൊടുത്തിരിക്കുന്നതിന്റെ വലത്തുവശത്തുള്ള കള്ളിയിൽ "ഴ" എന്ന അക്ഷരം "ഴ" എന്നു തിരുത്തിവായിക്കുമാപേക്ഷ.

മാനേജർ

"ഓണക്കാഴ്ച"യും "മാറിയ കുത്തുക"ളും

കെ. എ. സുകുമാരൻ, ടാറാപുരം

പ്രിയപ്പെട്ട ബാലകൃഷ്ണൻ,

'കൗമുദി' ഓണം വിശേഷൻറെ പ്രതിയിലെ ശ്രീ ഒ. എൻ. വി. കുറുപ്പിൻറെ കവിത അനൈസൺ സ് ചെയ്തുകൊണ്ട് വിശേഷൽപ്രതിയുടെ മുൻലക്കത്തിൽ അദ്ദേഹത്തെ 'കേരളത്തിലെ ഏ റ്റവും മികച്ച പുരോഗമനകവി, എന്നു താ ങ്കൾ അഭിസംബോധനചെയ്തകണ്ട് ഇതിനെ ക്കുറിച്ച് പിന്നീടുവന്ന 'കൗമുദി'യുടെ ഒരു ല ക്കത്തിൽ ഈ പ്രസ്താവനയെക്കുറിച്ച അതു താ ങ്കളുടെ കക്ഷിപക്ഷപാതിത്വമല്ലേയെന്നു ചോ ദിച്ചതിനു "എൻറെ അഭിപ്രായമതാണ് ഞാൻ ഒ. എൻ. വി. യെ. നേരിട്ടറിയുകപോലുമില്ല." എന്നായിരുന്നു താങ്കളുടെ മറുപടി. ഇനി കൗമുദി 27-ംലക്കത്തിൽ ഒരു പോദ്യമുണ്ട്, ആഷ്ണാ ക വിതയ്ക്കു കൂടുതൽ പ്രതിഫലം കൊടുക്കുന്നതെന്ന്. ഒ. എൻ. വി. ക്കെന്നായിരുന്നു താങ്കളുടെ മറുപ ടി. ഈ പശ്ചാത്തലത്തിൽ ഒ. എൻ. വിയുടെ 'മാറിയ കുത്തുകൾ' എന്ന കവിത ഞാൻ മനസ്സി രുത്തി വായിച്ചതിൻറെ ഫലമായി ശ്രദ്ധിക്കുച്ച ഏതാനും വസ്തുതകൾ താങ്കളെ അറിയിക്കാനുദ്ദേ ശിക്കുന്നു.

താങ്കളുടെ പ്രസ്താവനകളുടേയും അഭിപ്രായങ്ങ ളുടേയും വെളിച്ചത്തിൽ നോക്കുമ്പോൾ ശ്രീ. ഒ. എൻ. വി. കേരളത്തിലെ മികച്ച പുരോഗമന കവിയാണ്. പുരോഗമനകവിയുടെ മാനദണ്ഡം താങ്കൾ സ്വീകരിച്ചിരിക്കുന്ന നിഗമനത്തിൽ എന്താണെന്നു മനസ്സിലാവുന്നില്ല. എന്തുകൊ ണ്ടെന്നാൽ പാലാ, വയലാർ, കൃഷ്ണകുമാർ, കെ ടാമംഗലം തുടങ്ങിയവരുടെ നല്ല കവിതകൾ ആ വിശേഷൽ പ്രതിയിലുണ്ട്. അവരാരും കേരള ത്തിലെ മികച്ച പുരോഗമനകവികളല്ലേ?

കുറുപ്പിൻറെ 'മാറിയകുത്തുകളു"ടെ പശ്ചാത്ത ലം വയലാറാണെന്നു തോന്നുന്നു. വയലാറിലെ ബഹുജനസമരത്തിൻറെ ഒരു നിഴൽപ്പാടു് അ തിൽക്കാണുന്നു വെന്നുമാത്രം. അതിനാൽ മൊ ത്തത്തിൽ രൂപം അസ്പഷ്ടമാണ്. ആശയത്തെ ക്കുറിച്ചാണെങ്കിൽ—ആശയമുണ്ട്, പക്ഷെ അ വിടേയും ഇവിടേയും ഒരുപോലെ. പരിണാമ ഗുപ്തി കാണുന്നില്ല. 'പൊന്മുകിലു തീകൊളുത്തി യ വാനിൽ" "പൊന്തിവരുന്ന തീമലകൾ പൊട്ടാവീണ പൊരികൾ" എന്നിങ്ങിനെ ചി ല വിപ്ലവവീചികൾ കാണുന്നുണ്ടെങ്കിലും, രൂ പം തികച്ചും അസ്പഷ്ടമാണ്. 'ഫോക്സോങ്ങി ൻറെ രീതിയിലാണെഴുതിയിട്ടുള്ളതെങ്കിലും— തനി പച്ച മലയാളമാണെങ്കിലും—ഒരു മിസ്റ്റി സിസത്തിൻറെ ചരടുവലിപോലെ എന്തോ ഒ ന്നു കവിതയിൽ ഉടനീളം കാണുന്നുണ്ട്.

ഇനി വൃത്തത്തെപ്പറ്റി. വൃത്തം മാപ്പിളപ്പാ ട്ടാണ്. "മലയാളസാഹിത്യം പൂണ്ണതയിലെത്ത ണമെങ്കിൽ മാപ്പിളപ്പാട്ടിൽക്കൂടെ നമ്മുടെ തൂ ലിക ചലിപ്പിച്ചേ തീരൂ" എന്നു ശ്രീ. ജി, ശങ്കര ക്കുറുപ്പ് ഒരവസരത്തിൽ എഴുതിയതായി ഓർക്ക ുന്നു. ശ്രീ. എം. ഗോവിന്ദൻ, പി ഭാസ്കരൻ എ ന്നിങ്ങനെ അപൂർവ്വം ചിലർ മാത്രമേ ഈ പാട്ടുക ളുടെ രീതിയിൽ കവിതയെഴുതിയിട്ടുള്ള. ഈ നിലക്ക ശ്രീ ഒ. എൻ വിയുടെ പരിശ്രമം സ്വാഗതാർഹമാണ്. കവിതയിലെ രീതി "തമരപ്പൂങ്കാവനത്തിൽ" എന്നതാണ്. പ ക്ഷെ "മാറിയ കുത്തുകൾ" ഒരു മുസ്ലീം ബാലനു് വേണ്ടപോലെ പാടാനൊക്കുക യില്ല. മിക്കവരിയും 'ശിഥിലഭർബ്ബര' വികല മാണെന്നു പറയുമ്പോൾ ശ്രീ. ഒ. എൻ. വി. യെ അനാദരിക്കുകയാണെന്ന വിചാരിക്ക രുതു്. ഒ. എൻ. വി. യുടെ കവിതയിൽ തെ ളിഞ്ഞുകാണുന്ന അസ്വാഭാവികതയിൽ നിന്നുതാ ണ ഇവിടെ പ്രതിപാദിച്ചതു്. മറിച്ച് പദ ലാളിത്യവും ശബ്ദഭംഗിയും എല്ലാമുണ്ടെന്നു ഞാ നും സമ്മതിക്കുന്നു.

"യശസ്സു് ഒരിക്കലും ജനസമ്മതിയല്ല ആ യിരമായിരം പേരുടെ മുറവിളിയോ, പരി ഷ്കാരത്തിൻറെ മൂഢമായ കച്ചപ്പാടോ സ്നേ ഹത്തിൻറെ പേരിലുള്ള മുഖസ്തുതിയോ അല്ല അതു്. മറ്റുള്ളവരുടെ ചിത്തത്തിൽ അനശ്വര മായി ജീവചൈതന്യത്തോടെ, നിലകൊള്ളുന്ന ഒന്നാണ് കീർത്തി" എന്നു വില്യം ഹാസ്ലിറ്റ് പറഞ്ഞിട്ടുണ്ട്. മുണ്ടശ്ശേരി 'കൊന്ന' പ ങ്കുഴയും, പിന്നീടു 'ജീവിപ്പിച്ച' ചങ്ങമ്പുഴയും ജനഹൃദയങ്ങളിൽ നിന്നില്ലെന്നും സാധാ രണക്കാരൻറെ ചങ്ങമ്പുഴ അനശ്വരതയിലേക്കു യർന്നുവെന്നും താങ്കൾക്കറിയാമല്ലോ.

വിശേഷാൽ പ്രതിയിലെ മറ്റെഴുത്തുകാരായ കെടാമംഗലം, ഭാസ്കരൻ, കൃഷ്ണകുമാർ, വയ ലാർ ഇവരൊക്കെ ഈ തലമുറയിലെ പുരോ ഗമനകവികളല്ലേ? അപ്പോൾ മി ഒ എൻ. വി. യെ ഏറ്റവും മികച്ച പുരോഗമന ക വി യെന്നു വി ളി ക്കാ മോ? മി. ഒ. എൻ. വി. വളരെ വരുന്ന ഒരു പുരോഗമ ന കവിയാണ്. അദ്ദേഹത്തിൻറെ കഴിവിൽ, അ നുപമമായ നൂതന കവിതാരീതിയിൽ തീർച്ച യായും ഒരു വളരുന്ന കവിയെക്കാണുന്നു. അ പ്പോൾ കുറുപ്പ് ഒരു വളരുന്ന കവിയാണു—പു രോഗമനകവിയാണു; തീർച്ച. എന്നാൽ ഇതെ ല്ലാം കൊണ്ടു അദ്ദേഹം മികച്ച (ഒന്നാംകിട) പുരോഗമനകവിയാകുന്നുണ്ടോ?

വിശേഷാൽപ്രതിയിൽ 'മാറിയകുത്തുകളെ' ക്കാൾ കൂടുതലായി എന്നെ ആകർഷിച്ചതു് ശ്രീ കൃഷ്ണകുമാറിൻറെ "ഓണക്കാഴ്ചയാ"ണ്. വി കാരപരവും (yrical) ചിന്താപരവും)Dida ctic) കഥാപരവു (Narrative) മായ ഒരു മികച്ച റിയലിസ്റ്റ് കവിതയാണ് "ഓണക്കാ ഴ്ച"യെന്നു എനിക്കു തോന്നി. ചങ്ങമ്പുഴയു ടെ വാഴക്കുലയെ അനുസ്മരിപ്പിക്കുന്ന താണ് അതിലെ പ്രതിപാദനരീതി. എന്നാൽ ച ങ്ങമ്പുഴ,

കരയാതെ മക്കളെ, കല്പിച്ച തമ്പുരാൻ
കരുവാഴവേറെ ഞാൻ കൊണ്ടു പോട്ടേ

എന്നു മലപ്പുലയനെക്കൊണ്ടു പറയിച്ചതു് ഒരു പരാജയ മനഃസ്ഥിതിയായിപ്പോയെന്നു് ആക്ഷേപമുണ്ട്. എന്നാൽ ഓണക്കാഴ്ചയിലെ കുറുണ്ടൻ അഗതികളായ തൻറെ മക്കളെത്തന്നെ തമ്പുരാനു 'കാഴ്ച'യായി സമർപ്പിക്കുകയാണ്. എ ന്നിട്ട് കുറുണ്ടൻ പറയുന്നു:

തള്ളയില്ലത്തൊരു പിഞ്ചുകുഞ്ഞുങ്ങളെ
തള്ളല്ലെ, തള്ളല്ലെ തമ്പുരാനേ!

ഇതിലും വലിയ ഒരു കാഴ്ചവെയ്ക്കാനുണ്ടോ? വാഴ ക്കുലയിലെ വൃഥാസ്ഥൂലത ഈ കവിതയിൽ കാ ണുന്നില്ല. മുണ്ടശ്ശേരി പറയുന്ന 'ആദിമധ്യാന്ത കെട്ടുറപ്പും' കാണാക്കാഴ്ചയുണ്ട്. കൗമുദി വി. പ്രതിയിൽ ഇതുപോലെ അടക്കിക്കെട്ടിയ മറ്റൊരു കവിത കാണുന്നില്ല ഇനി താങ്കൾതന്നെ പറ യൂ, മാറിയ കുത്തുകളോ ഓണക്കാഴ്ചയോ 'മി കച്ച'തെന്നു്. ഉദാഹരണത്തിനു് ഒരു കവിത എടുത്തു കാണിച്ചെന്നേയുള്ള.

ശ്രീ. ഒ. എൻ. വിയുടെ നേരെ എന്തെ ങ്കിലും പകയോ വിദ്വേഷമോ വെച്ചല്ല ഈ കത്തെഴുതുന്നതു്. അദ്ദേഹം വാസനാസമ്പന്ന നായ ഒരു കവിയാണെന്ന കാര്യത്തിൽ അഭി പ്രായ ഭിന്നതയില്ല. പക്ഷെ ഒ. എൻ. വി. യെ 'മലയാളത്തിലെ ഏറ്റവും മികച്ച പുരോ ഗമന കവി' എന്നു താങ്കൾ അഭിസംബോധ ന ചെയ്യുമ്പോൾ, ഒരു പാർട്ടി സാഹിത്യകാ രൻ മറ്റൊരു പാർട്ടി സാഹിത്യകാരനെ ത ൻറെ പാർട്ടിയുടെ കണ്ണടയിലൂടെ കാണുന്നു എന്നേ അർത്ഥമാകുന്നുള്ള.

താങ്കളുടെ വിലയേറിയ അഭിപ്രായം 'കൗമു ദി'യിലൂടെ വെളിവാക്കിയാൽ ഉപകാരം.

[ഈ കത്തിനു മറുപടി പറയേണ്ടതു കുറുപ്പാ ണ്. കുറുപ്പിൻറെ കവിതയിൽ അസ്പഷ്ടത

കഴിഞ്ഞയാഴ്ച

[ശ്രീധി]

ഐക്യരാഷ്ട്രസംഘടനയുടെ ഭാവി നിലനില്പിനെ അനല്പമായി ബാധിക്കുന്ന ചില വിവാദവിഷയങ്ങളും ഫ്ളഷിങ്ങ് മെഡോയിൽവച്ചു നടന്നുകൊണ്ടിരിക്കുന്ന ജനറൽ അസംബ്ളി സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. രക്ഷാസമിതിയെ അധികരിച്ചുള്ളതാണ് അമേരിക്കയുടെ നിർദ്ദേശമാണ് ഇതിൽ ഏറ്റവും പ്രധാനമായിട്ടുള്ളതു്. അമേരിക്കയിലെ സ്റ്റോറസിക്രട്ടറിയായ മി. ഡീൻ ആച്ചിസൺ സെപ്തംബർ 20-ാം തീയതി നാലു പായിൻറുകളുള്ള ഒരു പ്രമേയം ജനറൽ അസംബ്ളിയിൽ അവതരിപ്പിച്ചിട്ടുണ്ട്. ആ നിർദ്ദേശത്തിൽ ഏറ്റവും പ്രധാനമായിട്ടുള്ളതു് രക്ഷാസമിതിയിൽ ഒരു സ്ഥിരം സംഘാടനം വേണമെന്നുള്ളതാണ്. സാർവ്വലൌകിക പോലീസുസേന തുടങ്ങിയ മറ്റു വ്യവസ്ഥകളും അതു പ്രധാനങ്ങളല്ല. രക്ഷാസമിതിയെ കവച്ചുവയ്ക്കുന്നതിനുള്ള ഈ അധികാരദാനം, ഐക്യരാഷ്ട്രസഭയുടെ അടിസ്ഥാനങ്ങളെ തോണ്ടുകയാണെന്നു് അല്ല, ആലോചിച്ചാൽ മനസ്സിലാക്കാവുന്നതേയുള്ളൂ. പഞ്ചമഹാശക്തികളുടെ ഏകാഭിപ്രായവും, വീറ്റോയുമാണ് ഐക്യരാഷ്ട്രസഭയുടെ ആണിക്കല്ലുകളെന്നു കാണാം വീറ്റോയെപ്പറ്റി വായനക്കാരുടെ ഇടയിൽ വലിയ ആശയക്കുഴപ്പമാണുള്ളതു്. പക്ഷേ ആ കുഴപ്പം നീങ്ങിക്കഴിയുമ്പോൾ നിലവിലുള്ള പരിതഃസ്ഥിതികളിൽ, ഈ വീറ്റോ അധികാരമില്ലാത്ത ഒരു ലോകസംഘടന അസാദ്ധ്യമാണെന്നു കാണാം.

വീറ്റോ അധികാരത്തിൻറെ അർത്ഥം

വീറ്റോ ആംഗ്ലോ—അമേരിക്കൻ രാജ്യമീമാംസകരുടെ ഇടതടവില്ലാത്ത എതിർപ്പിനും പ്രതിഷേധത്തിനും ഇരയായിട്ടുള്ള ഒരു ഏർപ്പാടാണ്. ജനായത്തത്തിൻറെയും ഭൂരിപക്ഷാഭിപ്രായത്തിൻറെയും പേരിലാണ് ഈ എതിർപ്പു പ്രകടമായി കാണുന്നതു്. ഭൂരിപക്ഷത്തിൻറെ തീരുമാനത്തെ അനാദരിക്കുവാനും, അതിനെ വിഗണിക്കുവാനും ഭൂരിപക്ഷത്തിൻറെതീരുമാനം നടപ്പിൽ വരാതെ തടയുന്നതിനും, അധികാരമുള്ള ഒരു മഹച്ഛക്തിയ്ക്കു സാധിക്കുമെന്നുണ്ടെങ്കിൽ, ഭൂരിപക്ഷത്തിൻറെ അഭിപ്രായത്തിനു വിലയില്ലല്ലോ എന്നു് പ്രത്യക്ഷത്തിൽ തോന്നാതിരിക്കയില്ല പക്ഷേ ഭൂരിപക്ഷത്തിൻറെ സ്വേച്ഛാധിപത്യത്തിൽ നിന്നും ന്യൂനപക്ഷത്തിനു് എന്തെങ്കിലും ഒരു രക്ഷാമാർഗ്ഗം വേണമെന്നുകായ്യം വിസ്മരിച്ചുപോകുന്നു. ലോകം രണ്ടുചേരികളായി തിരിഞ്ഞുനിൽക്കുകയാണെന്നും, ഒരു ചേരിയിൽ ആംഗ്ലോ—അമേരിക്കൻ ശക്തികളും അവരുടെ പാർശ്വവത്തികളും, മറ്റേചേരിയിൽ സോവിയറ്റു യൂണിയനും അവരുടെ പാർശ്വവത്തികളും ആയി മുതലാളിത്തത്തിൻറെയും കമ്മ്യൂണസത്തിൻറെയും പൊരുത്തമില്ലാത്ത രണ്ടു ശക്തികൾ അണിനിരന്നിരിക്കുകയാണെന്നും മനസ്സിലാക്കുവാൻ വലിയ രാഷ്ട്രീയ പരിജ്ഞാനം വേണമെന്നു തോന്നുന്നില്ല ഐക്യരാഷ്ട്രസംഘടനയിൽ അംഗങ്ങളായ സ്വതന്ത്രരാഷ്ട്രങ്ങളിൽ ഭൂരിഭാഗവും ആംഗ്ലോ—അമേരിക്കൽ ചേരിയിലാണ് നിൽക്കുന്നതു്. അതേസമയം, ലോകത്തിൻറെ പ്രകൃതിയിലധികം ജനസംഖ്യയും, ഭൂമിയും (കമ്മ്യൂണിസ്റ്റു ചൈനയുൾപ്പെടെ) പ്രതിനിധീകരിക്കുന്ന സോവിയറ്റു ഗ്രൂപ്പ് വെറും ഒരു ന്യൂനപക്ഷമാണ്. വാസ്തവം പറഞ്ഞാൽ, ഈ ഭൂരിപക്ഷ ന്യൂനപക്ഷ ചേരിവിൽ ഒട്ടുംതന്നെ ന്യായമില്ല. റഷ്യയെപ്പോലെ പ്രാധാന്യവും പ്രാമാണ്യവുമുള്ള ഒരു രാഷ്ട്രമായി കൊച്ചു നേപ്പാളിനെപ്പോലും പരിഗണിക്കുന്ന സാർവ്വലൌകിക നീതിയാണ് ഈ ഭൂരിപക്ഷ ന്യൂനപക്ഷ സൃഷ്ടിയുടെ അടിസ്ഥാനം. ഏതായാലും യാഥാർത്ഥ്യം അതാണ്. കൃത്രിമവും അന്യായവുമായ ഇത്തരം പ്രതിനിധ്യംമൂലം ആംഗ്ലോ—അമേരിക്കൻ കൂട്ടുകെട്ടിനു് ഐക്യരാഷ്ട്രസംഘടനയിൽ ലഭിക്കുന്ന മുൻതൂക്കമായ ഭൂരിപക്ഷത്തിൻറെ മുമ്പിൽ, ആട്ടിൻകുട്ടിയെപ്പോലെ, ന്യൂനപക്ഷമായ സോവിയറ്റുയൂണിയനും മറ്റും ഗാന്ധിയൻ മാർഗ്ഗത്തിൽ സത്യഗ്രഹം അനുഷ്ഠിക്കുക സാദ്ധ്യമല്ല. അതുകൊണ്ടു് ഐക്യരാഷ്ട്രസംഘടനയിൽ സഹകരിക്കുന്നതിനുള്ള ഒരു പ്രധാന വ്യവസ്ഥയായി മുൻതൂക്കമായ ഭൂരിപക്ഷത്തെ ഒരുപയോഗപ്പെടുത്താതിരിക്കുന്നതിനുള്ള വ്യവസ്ഥകൾ റഷ്യ ആവശ്യപ്പെട്ടു. അതാണ് മഹച്ഛക്തികളുടെ ഏകാഭിപ്രായവും വീറ്റോ അധികാരവും.

ലീഗ് അഫ് നേഷൻറെ പാഠം

ഒന്നാം മഹായുദ്ധത്തിനുശേഷം ലീഗ് അഫ് നേഷൻസ് എന്നൊരു വാദത്തോടു യോജിക്കാൻ ഞാൻ തയ്യാറില്ല. പോലീസുകാർ രൂക്ഷതരമായി തൊഴിലാളിമർദ്ദനം നടത്തിയ ഒരു നാട്ടിലെ ഏതാണ്ടു കർഷകചിന്താഗതിക്കാരായ മുക്കുവർ സംഘടിതരായി ഉയർന്നു വരുന്ന സമൂഹചിത്രത്തിൻറെ ആവേശകരമായ വരച്ചു കൂട്ടലാണ് 'മറിയക്കുത്തുകാരൻ' എന്ന കവിതയിൽ ഞാൻ കാണുന്നതു്. കുറുപ്പിനു പാർട്ടിയും പാർട്ടിചിന്താഗതികളുമുണ്ട്. അവ പ്രകടിപ്പിച്ചിട്ടുമുണ്ട്. എനിക്കു അവയിൽ പലതിനോടും എതിർപ്പുണ്ട് പക്ഷെ കുമാരനാശാനും തികച്ചു കഴിഞ്ഞിട്ടില്ലാത്ത ആ യുവാവിൻറെ കവിതകളിൽ അഭേദ്യമായ കലാഭംഗി ഞാൻ കാണുന്നുണ്ട് വെറും കലാഭംഗി മാത്രമല്ല ഭാവഗാംഭീര്യവുമുണ്ട്. സാഹിത്യത്തിലെ പേരിതിരിവുകളിലെ പേരിൽ സഹിഷ്ണുത പൊഴിക്കാനുള്ള പ്രസ്ഥാനത്തിൽ ഞാൻ കൂട്ടാളിയാകയില്ല. 'ഓണക്കാഴ്ച' ഒരു നല്ല കവിതയാണെന്ന അഭിപ്രായം എനിക്കുണ്ട് പക്ഷെ, കുഞ്ഞുങ്ങളെ തമ്പ്രാനു കാഴ്ചവച്ചതു അതുപോലെ വിപ്ലവാത്മകമാണെന്നു എനിക്കഭിപ്രായമില്ല. വിപ്ലവബോധത്തെക്കാൾ പരാജയബോധമാണ് ആ നടപടിയിൽ മുന്നിട്ടുനിൽക്കുന്നതു്. കുഞ്ഞുങ്ങളെക്കൊണ്ടുപോകുന്ന കാഴ്ചവയ്ക്കുന്ന കൃഷീവലൻ എന്തു വിപ്ലവമാണ് അതുകൊണ്ടു സാധിക്കുന്നതു്? ഒരു വിപ്ലവവിപ്ലവമുണ്ട്. വിപ്ലവവിപ്ലവം എപ്പോഴും ക്രിയാത്മകമായ വിപ്ലവമാകയില്ല ചിന്താപരമായി ഉയർന്നുവരുന്നവൻറെ ക്രിയാത്മകമായ ഭാവം ചിന്തയ്ക്കുപ്പം ഉയരാതെ വരുക പല സാഹിത്യസൃഷ്ടികളിലും കണ്ടുവരുന്ന ഒരു പോരായ്മയാണ്. പക്ഷെ അതുകൊണ്ടു ആ സാഹിത്യസൃഷ്ടി തികച്ചും പിന്തിരിപ്പനാകണമെന്നില്ല. നിലവിലിരിക്കുന്ന തെറ്റിക്കെട്ട സാമൂഹ്യബന്ധത്തിൻറെപേരിൽ അതിനെ കുഞ്ഞുങ്ങളെ വലിച്ചെറിഞ്ഞ എന്നു ഞാൻ കരുതുന്നു. അതുതോളം ആ കവിത പുരോഗമനപരമായ ഒരു കർത്തവ്യം നിറവേറ്റുന്നുണ്ട്. കുറുപ്പിൻറെ കവിതയിൽ കുറേക്കൂടി ക്രിയാത്മകമായ വിപ്ലവഭാവമുണ്ട് ആ നിലയിൽ കുറുപ്പിൻറെ കവിതയാണ് കൂടുതൽ പുരോഗമനോന്മുഖവും വിപ്ലവാത്മകവും എന്നു ഞാൻ കരുതുന്നു. മറ്റു കവികളെപ്പറ്റി മതിപ്പില്ലാത്തതുകൊണ്ടല്ല എനിക്കു ഏറ്റവും കൂടുതൽ ആവേശജനകമായി തോന്നിയതുകൊണ്ടു കുറുപ്പിൻറെ കവിതകൾ ഏറ്റവും മികച്ചവയും കുറുപ്പു ഏറ്റവും മികച്ച കവിയുമാണെന്നു ഞാൻ അഭിപ്രായം പറഞ്ഞു. എനിക്കു ആ അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യംപോലെ അതു തെറ്റാണെന്നു പറയാനുള്ള സ്വാതന്ത്ര്യം മി. സുകുമാരനുമുണ്ട്. പക്ഷെ അതുകൊണ്ടു എൻറെ അഭിപ്രായം മാറുമെന്നില്ല. മാറുന്നുമില്ല.

കെ ബാലകൃഷ്ണൻ]

Here is the Announcement

Opening Shortly!!!

ZENITH STUDIO

UNIVERSITY COLLEGE JUNCTION

TRIVANDRUM.

നേഷൻസ്' എന്ന ഒരു സംഘടനയുണ്ടാക്കിയതു വായനക്കാർ സ്മരിക്കുമല്ലോ. ലോകത്തിൽ നീതിസമാധാനം സ്ഥാപിക്കുകയായിരുന്നു ആ സംഘടനയുടെ ഉദ്ദേശ്യം. പക്ഷേ അമേരിക്കയുടെ നിസ്സഹകരണം അതിന്റെ ശരിയായ നടത്തിപ്പിനു വിഘ്നകാരിയായിത്തീർന്നു. ഒരു മഹച്ഛക്തിയുടെ നിസ്സഹകരണം ഏതു സാർവ്വലൌകികസംഘടനയേയും തുലയ്ക്കുമെന്നുള്ളതിനു' ഉദാഹരണം മറ്റൊന്നും ആരായേണ്ടതില്ല. അതുപോലെ ബ്രിട്ടന്റെയും, ഫ്രാൻസിന്റെയും സ്വാർത്ഥമായ താല്പര്യങ്ങൾക്കു നിയമസാധുത്വം കൊടുക്കുന്ന വെറും ഒരു യന്ത്രമായി ലീഗ് അധഃപതിച്ചു. ഇംഗ്ലണ്ടിന്റെ നീർദ്ദേശങ്ങൾക്കു കൈപൊക്കുന്ന കുറെ മരപ്പാവകളെക്കൊണ്ടു ലീഗ് നിറഞ്ഞ ട്രിപക്ഷത്തിന്റെ പേരിൽ ബ്രിട്ടൺ സകല കൊള്ളരുതായ്മകളെയും സാധൂകരിച്ചു ലീഗിന്റെ പ്രവർത്തനം അസാദ്ധ്യമായിത്തീർന്നു. റഷ്യയും, ജപ്പാനും ഇറാലിയും ലീഗിൽ നിന്നു പിൻവാങ്ങി. അങ്ങനെ മുമ്പോട്ടു പോയ സംഭവവികാസങ്ങളും മറ്റൊരു മഹായുദ്ധത്തിലേക്കു ലോകത്തെ വലിച്ചിഴച്ചു. ഇതാണ് ലീഗിന്റെ പാഠങ്ങൾ

ഐക്യരാഷ്ട്രചാർട്ടറിന്റെ അണിക്കല്ല്

ലീഗിന്റെ പരാജയത്തിൽ നിന്നും പഠിച്ച ചില പാഠങ്ങളിൽ പ്രധാനമായിട്ടുള്ളവ താഴെപ്പറയുന്നവയാണ്. വെറും ട്രിപക്ഷത്തിനു പ്രസക്തിയും അർത്ഥവുമില്ല. ഒരു മഹച്ഛക്തിയുടെ നിസ്സഹകരണം ഏതു സാർവ്വലൌകിക സംഘടനയെയും പ്രയോജനശൂന്യമാക്കും. ഒരു മഹച്ഛക്തി വിചാരിച്ചാൽ സാർവലൌകിക സംഘടനയുണ്ടായാലും ഇല്ലെങ്കിലും മഹായുദ്ധം ആരംഭിക്കുവാൻ കഴിയും അതുകൊണ്ട് മഹച്ഛക്തികളിൽ മാത്രമാണ് സമാധാനസ്ഥാപനത്തിനുള്ള കഴിവും ചുമതലയും സ്ഥിതിചെയ്യുന്നതു്. അതിനാൽ മഹച്ഛക്തികളുടെ ഏകാഭിപ്രായം സർവ്വപ്രധാനമായ ഒരു വ്യവസ്ഥയാണ്. ലോകസംഘടന എടുക്കുന്ന ഏതൊരു നടപടിയും പഞ്ചമഹച്ഛക്തികളുടെയും പിന്തുണയുണ്ടായിരിക്കണം. ഏതെങ്കിലും ഒരു മഹച്ഛക്തിയുടെ അഭിലാഷത്തിനെതിരായി സെക്യൂരിറ്റി കൌൺസിലിൽ പ്രമേയം വന്നാൽ അതിനെ വീറോ ചെയ്യുന്നതിനുള്ള അധികാരം ഓരോ മഹച്ഛക്തിക്കുമുണ്ടായിരിക്കണം. ഒന്നു കൂടി ചുരുക്കിപ്പറഞ്ഞാൽ, ഒരു മഹച്ഛക്തിക്കു മനഃപൂർവ്വം വിചാരിച്ചാൽ യുദ്ധമുണ്ടാക്കാൻ കഴിയും; അതിന്റെ മുമ്പിൽ ഒരു രക്ഷാമാർഗ്ഗവുമില്ല. പക്ഷേ കൂടിയാലോചനകളും വാഗ്വിവാദങ്ങളും കൊണ്ടു സമാധാനം സ്ഥാപിക്കുവാനുള്ള ആത്മാർത്ഥമായ ശ്രമം നടത്തിനോക്കും; വിജയിക്കുന്നെങ്കിൽ വിജയിക്കട്ടെ, ലോകത്തിൽ യുദ്ധം കൊതിക്കുന്ന ഒരു രാഷ്ട്രവുമില്ല, അതുകൊണ്ടു സമാധാനം സാദ്ധ്യമാണ്;— ഇതാണ് ഐക്യരാഷ്ട്രസഭയുടെ സൃഷ്ടിക്കു പിറകിലുള്ള യഥാർത്ഥമായ പ്രത്യാശ.

ഒരു വിഹഗവീക്ഷണം

ഈ പ്രത്യാശയെ പ്രബലപ്പെടുത്തുന്ന സംഭവങ്ങളാണോ ഐക്യരാഷ്ട്രസഭയുടെ ഇതുപര്യന്തമുള്ള പ്രവർത്തനങ്ങളിൽ പ്രകടമായിക്കാണുന്നതെന്നു പരിശോധിക്കാം. ഐക്യരാഷ്ട്രസഭയുടെ ആരംഭംതൊട്ടുതന്നെ വീറോയും മഹച്ഛക്തികളുടെ ഏകാഭിപ്രായവും നിരുപകരുടെ കൂരമ്പുകൾക്ക് ഇരയായിത്തീർന്നു. രക്ഷാസമിതിയാണ സാധാരണസംസ്ഥാപനത്തിനു കടമപ്പെട്ടതും, കഴിവുള്ളതും, ഐക്യരാഷ്ട്രസംഘടനയുടെ ജീവനമായ ഘടകം. ആ ഘടകത്തിന്റെ പ്രവർത്തനത്തിനുള്ള അലംഘ്യമായ അടിസ്ഥാനമാണ വീറോയും, ഏകാഭിപ്രായവും, രക്ഷാസമിതി ഇതുപര്യന്തം വെറും വാഗ്വിവാദങ്ങൾക്കും പ്രകോപനകരങ്ങളായ മക്കടമുഷ്ടികൾക്കും വീറോ അധികാരപ്രയോഗത്തിനും. ഇത്തരങ്ങളായി ഒരു വിധത്തിൽ ജീവിച്ച വരികയായിരുന്നു, പാലസ്തൈൻ കാര്യത്തിൽ യു. എൻ. ഓബ്സർവ്വർ കാര്യമായി ഒന്നും ചെയ്വാൻ സാധിച്ചില്ലെങ്കിലും, അവിടെ മഹായുദ്ധം പൊട്ടിപ്പുറപ്പെട്ടില്ല അതുപോലെ ബെർളിൽ ബ്ലോക്കഡിനെ തുടർന്നു ലോകമഹായുദ്ധമുണ്ടായില്ല. ഇൻഡോനേഷ്യയിൽ ഒരു ഒത്തുതീർപ്പുണ്ടാക്കുവാൻ സാധിച്ചു. കാഷ്മീറിന്റെ കാര്യത്തിൽ, ഇൻഡ്യയും പാക്കിസ്ഥാനും തമ്മിൽ താൽക്കാലിക സമാധാനം കൈവരുത്തുവാൻ സാധിച്ചു. കൊറിയായിൽപോലും സമാധാനസ്ഥാപനത്തിനു വേണ്ടി പലതുംചെയ്യുവാൻ ഐക്യരാഷ്ട്രസഭയ്ക്കു കഴിഞ്ഞിട്ടുണ്ട്. ഇക്കാലമിത്രയും ചാർട്ടറിലെ വ്യവസ്ഥകൾക്കു കീഴ്വഴങ്ങിയാണ് ഐക്യരാഷ്ട്രസഭയും രക്ഷാസമിതിയും പ്രവർത്തിച്ചുകൊണ്ടിരുന്നതു്

പക്ഷേ ലോകത്തെ വിഴുങ്ങുവാൻ ഇറങ്ങിപുറപ്പെട്ടിരിക്കുന്ന അമേരിക്കൻ ഡാളറിന്റെ പൈശാചികമായ പല പദ്ധതികളും ഗർഭാശയത്തിൽ തന്നെ ഉതിപ്പോട്ടുവാനിടയായി. ലോകത്തെവിടെയും ചൈനയിലും ഇൻഡോ—ചൈനയിലും, മലയായിലും, എല്ലാം, കമ്മ്യൂണിസത്തിന്റെ സുപ്രഭാതമുദയം ചെയ്യുന്നതു കണ്ടപ്പോൾ വെകിളിപിടിച്ച അമേരിക്കൻ മുതലാളിത്തം വിരണ്ടോടുകയായി

ഐക്യരാഷ്ട്ര ചാർട്ടറിനെ വിറപ്പു കാട്ടുവാനുള്ള അവിശുദ്ധയത്നം ആംഗ്ലോ—അമേരിക്കർ ആദ്യമായി ആരംഭിച്ചതു് കൊറിയായുടെ കാര്യത്തിലാണ്. കൊറിയായുടെ കാര്യത്തിൽ, ഒരു "ലിറ്റിൽ അസംബ്ളി"യുണ്ടാക്കിയാണ് ആംഗ്ലോ—അമേരിക്കൻ മുതലാളിത്തം ആദ്യമായി ചാർട്ടറിനെ ലംഘിച്ചതു്.

ചൈനയിൽ കൈക്ഷക്കിന്റെ പരാജയം ആംഗ്ലോ—അമേരിക്കരുടെ പരാജയമായിരുന്നു, പക്ഷേ യാഥാർത്ഥ്യത്തോടു് കട്ടകപ്പക്ഷി നയമെടുക്കുന്നതുകൊണ്ടു പ്രയോജനമില്ലല്ലോ. ചൈനയിലെ നിയമാനുസൃതമായ ഗവൺമെന്റായി കമ്മ്യൂണിസ്റ്റ് ചൈനയെ ബ്രിട്ടനും, ഇൻഡ്യയും, സോവിയറ്റ് യൂണിയനും മറ്റും അംഗീകരിച്ചുകഴിഞ്ഞിട്ടും അമേരിക്കയും മറ്റു കൈപൊക്കി യന്ത്രങ്ങളും അംഗീകരിക്കുന്നില്ല അമേരിക്കയുടെ അനുമതിയില്ലായ്കയാൽ വിശുദ്ധമായ ഐക്യരാഷ്ട്രസഭയും അംഗീകരിക്കുന്നില്ല. അങ്ങനെ ഒരു മഹച്ഛക്തിക്കു പ്രാതിനിധ്യമില്ലാത്ത ഐക്യരാഷ്ട്രസഭയാണ ഇന്നുള്ളതു്. ഒരു മഹച്ഛക്തിയെ പ്രതിനിധീകരിക്കാത്ത ഐക്യരാഷ്ട്രസഭ സമമേധയാ ഐക്യരാഷ്ട്രസഭയായിത്തീരുന്നവെന്നുള്ളതാണ യാഥാർത്ഥ്യം.

ചൈനയുടെ പ്രതിനിധിയെ പ്രവേശിപ്പിക്കാത്തതിൽ പ്രതിഷേധിച്ചു സോവിയറ്റ്യൂണിയൻ ഐക്യരാഷ്ട്രസഭയെ ബഹിഷ്കരിച്ചു. അങ്ങനെ രണ്ടു സ്ഥിരാംഗങ്ങളുടെ അഭാവത്തിൽ നിയമപരമായി എന്തെങ്കിലും തീരുമാനമെടുക്കുവാൻ സെക്യൂരിറ്റി കൌൺസിലിനു യാതൊരു അധികാരവുമില്ലാത്തപ്പോഴാണ് കൊറിയായിൽ അമേരിക്കൻ സേനയുടെ ആക്രമണത്തെ സാധൂകരിച്ചതു്. എന്നാൽ റഷ്യ വീണ്ടും സെക്യൂരിറ്റി കൌൺസിൽ സമ്മേളനത്തിൽ പങ്കെടുത്തതുടങ്ങിയശേഷം അമേരിക്കയുടെ ഇഷ്ടംപോലെ പ്രമേയങ്ങൾ പാസ്സാക്കുവാൻ സാധിക്കാത്തതിലുള്ള അമർഷമാണ്, സംഘടനയുടെ കഴുത്തിനു കത്തിവയ്ക്കുന്ന ഈ നിർദ്ദേശവുമായി മുന്നോട്ടു വരുവാൻ അമേരിക്കയെ പ്രേരിപ്പിച്ചതു്.

കുമരകംകാര

സഹകരണവില്പന ഡിപ്പോകൾ

1. കുമരകം 2. കോട്ടയം 3. കുട്ടമംഗലം 4. ചങ്ങനാശ്ശേരി 5. കൊല്ലം 6. പരവൂർ 7. ആറാങ്കൽ 8. ചിറയിൻകീഴ്, 9 പാങ്ക (തിരുവനന്തപുരം)

ലൈംഷൽ ഇൻസ്പെക്ടർ, കുമരകം



"കലയിലെ കള്ളന്മാർ"

(കെ. എസ്സ്. കൃഷ്ണൻ)

സമയം പതിനൊന്നുമണിയായതോടുകൂടി കൈരളിയുടെ നീതിന്യായ കോടതിയിൽ വലിയ തിക്കും തിരക്കുമായി. എമ്പാടുമുള്ള സാഹിത്യകാരന്മാർ എല്ലാം തടിച്ചു് കൂടിയിട്ടുണ്ടു്. പ്രാമാദ്യമായ പല മോഷണ കേസുകളും അന്നാണു് വിചാരണയ്ക്കു് വച്ചിരിക്കുന്നതു്. തെളിയാത്ത പല മോഷണങ്ങളും അന്നാണു് തെളിയുന്നതു്. പിടികിട്ടാത്ത പല പഠിച്ച കള്ളന്മാരെയും അന്നാണു് തൊണ്ടിസഹിതം ഹാജരാക്കുന്നതു്.

സാഹിത്യകാരൻ ഒന്നുമതി – പൊതുജനങ്ങൾ ഓടിക്കൂടിക്കളിക്കാൻ. പിന്നെ കൂട്ടത്തോടെ ആയാലോ! ഇതിനായിരിക്കാം പൊതുജനങ്ങളും തന്നെ ആ കൂട്ടത്തിലെങ്ങും മരുന്നിനുപോലുമില്ലായിരുന്നു.

വീട്ടുരുതയിൽ സോഡാക്കുപ്പിപോലെ ഒരു കവിത്തടം ദൃശ്യമാകുന്നു. ക്രമേണ അതു് അടുത്തടുത്തു് വരുകയാണു്. പൊക്കംകുറഞ്ഞു് മെലിഞ്ഞു് അല്പം കുനിയ മരു കൊച്ചുമനുഷ്യൻ. ഒറ്റ, ആനന്ദക്കുട്ടനാണു്. ഉലഞ്ഞുലഞ്ഞു്, ബാലൻസ്സ് തെറ്റാതിരിക്കാൻ വാട്ടം പിടിച്ചുകൊണ്ടു് വരുന്ന ആ രാജാപാർട്ടുകാരൻ കാൺഗ്രസ്സ് എം. എൽ. എ. ഒന്നുമല്ല; സാക്ഷാൽ എം. പി. പാപ്പൻ തന്നെയാണു്. ഇതിനെല്ലാമിടയിൽ തേങ്ങാമുറിയും കടിച്ചുകൊണ്ടു് ഒരു കറുത്ത പൂച്ച നിൽക്കുന്നു. തെറ്റിപ്പോയി. പൂച്ച ഒന്നുമല്ല. ചിരിച്ചുകൊണ്ടു നിൽക്കുന്ന വെട്ടൂരാണു് കോടതിയുടെ വരാന്തയിൽ ബോധംകെട്ടു് കിടന്നുരുണ്ടുന്നതു് വിദ്വാൻ പൊൻകുന്നം വക്കിയാണു്. കക്ഷത്തിൽ ചില സഹകരണസംഘം നാടംവഴികളുമായി, എന്തെല്ലാമോ കണക്കുകൂട്ടം കൂട്ടുകയും കുറയ്ക്കുകയും ചെയ്തുകൊണ്ടു് കാന്തർ വന്നുകേറി. ആ നടത്തം തന്നെ ഒരു കച്ചവടരീതിയിലാണു് നരകത്തിൽ താഴാൻപോയ ലോകത്തെ മുഴുവൻ രക്ഷിച്ച ഒരു ഭാവമാണു് ആ മുഖത്തു്. രമണൻ ചലച്ചിത്രമാക്കുമ്പോൾ അതു് ഡയറക്ടുചെയ്യാൻ അധികാരപ്പെട്ടത്തിക്കൊണ്ടു് പണ്ടെങ്ങാണ്ടോ ചങ്ങമ്പുഴ എഴുതിയ ഒരു കത്തുമായി സി. ജെ. തോമസ്സ് വന്നുകയറി. ജി. ശങ്കരക്കുറുപ്പ് വാതിൽക്കൽവന്നു് അകത്തേക്കു തലനീട്ടി. എല്ലാവരേയുംകൂടി കണ്ടപ്പോൾ കുറുപ്പുസാറിനു് ഒരു വിഷമം ആദ്യം ആരോടു സംസാരിക്കും? ആരുടെ അടുത്തു നിൽക്കും? ആരെങ്കിലും ഒരാളിന്റെ അടുക്കൽനിന്നാൽ മറ്റുള്ളവർ പറയും ആ പ്രത്യേകയാളിന്റെ ചേരിയിലാണു സാറെന്നു്. ആ വിഷമഘട്ടത്തെ അഭിമുഖീകരിക്കാൻ അശക്തനായി 'ഇന്നു നീ, നാളെ ഞാൻ' എന്നു പാടിക്കൊണ്ടു് ഗ്രൂപ്പൻനായരെ ഒന്നു കടാക്ഷിച്ചിട്ടു് ജി. സ്ഥലംവിട്ടു. സിൽക്ക്ഷർട്ടു് ധരിച്ച പ്ലേയേഴ്സ് നമ്പർ ത്രീ സിഗരറ്റുമായി, കഷണ്ടി അവശേഷിപ്പിച്ചിട്ടുള്ള തലമുടികളിൽനിന്നും അത്തറിന്റെ പരിമളം പരിസരമാകെ പ്രസരിപ്പിച്ചുകൊണ്ടു് ബഷീർ വന്നുകയറി, എല്ലാവരും കോടതിമുറിയിൽ പ്രവേശിച്ചു് കാരോ സ്ഥാനം പിടിച്ചു. ഇവരാരും കണ്ടാതെ അണ്ടർഗ്രൗണ്ടിൽ

ന്യായാധിപസ്ഥാനമായ പ്ലാറ്റ്ഫാമിനു താഴെ നാലുപേർ ഒളിച്ചിരുപ്പുണ്ടു്. ഈ. എം. എസ്. സി. അച്യുതക്കുറുപ്പു്, സി. എം. പൊറ്റക്കാടു്, വി. ടി. ഇന്ദുചൂഡൻ. എം. കെ. കുമാരൻ, വന്നകേറിയതു മുതൽ അല്പം അസ്വസ്ഥനാണു്. ഏതോ മോഷ്ടിച്ച ഒരു മട്ടുണ്ടു്. അവിടെയെല്ലാം പതുങ്ങി പതുങ്ങി ചൂളുവുമടിച്ചുകൊണ്ടു് ചാറി നടക്കുകയാണു്. അല്പം കഴിഞ്ഞപ്പോൾ, ഡാവിൽ ആരുംകാണാതെ ഒരുകെട്ട ബീഡിയും ഒരു തിപ്പെട്ടിയും പ്ലാറ്റ്ഫാമിനു താഴെയിരിക്കുന്ന യു ജി. ക്കാക്കിട്ടു കൊടുത്തു. പ്ലാറ്റ്ഫാമിനു അഭിമുഖീകരിച്ചുകൊണ്ടു് കൃഷ്ണൻ പ്രാസിക്യൂട്ടർ ഏ. ബാലകൃഷ്ണപിള്ള നിലകൊള്ളുന്നു. ആ മുഖം ഗംഭീരമാണു്. കൂടെക്കൂടെയുള്ള ആത്മസ്തുതിയുടെ ഞരക്കം കോടതിയുടെ ഒരൊഴിഞ്ഞ കോണിൽ ഒഴിഞ്ഞുമാറിയിരിക്കുന്ന കീഴ്ക്കൻ കാത്തികേയൻവരെ കേൾക്കാം. ആ റാട്ടഘോഷയാത്രയുടെ മുമ്പിൽ കാണുന്ന ഹൃസ്വകായൻ ധരിക്കുന്നതുപോലെ നീളംകൂടി കുറുത്ത ഒരു തൊപ്പിയാണു് ബാലകൃഷ്ണപിള്ളസാർ ധരിച്ചിരിക്കുന്നതു്. വളരെയേറെ പഴക്കംചെന്ന ആ സാധനം ചിലപ്പുതികാരത്തിന്റെയും മണിമേഖലയുടെയും താളുകൾകൊണ്ടു് നിർമ്മിച്ചതാണു്. ആ നീണ്ടുനരച്ച താടിമുഴുവൻ റഷ്യൻ സാഹിത്യമാണു്. ഫ്രഞ്ചുസാഹിത്യവും ഇംഗ്ലീഷുസാഹിത്യവും ഇടകലർത്തി തുന്നിയതാണു് കുപ്പായം. ആ കാല്പനികാവതാരികകൊണ്ടു് നിർമ്മിച്ചതിനാലായിരിക്കാം അതിനു് അസാമാന്യമായ നീളമുള്ളതു്. ചില സ്റ്റേഷണറി കടകളിൽ ലക്ഷ്മി പെൻസിലിന്റെ പരസ്യമായി കെട്ടിത്തൂക്കിയിരിക്കുന്ന സാമ്പിൾ പെൻസിലിന്റെ അത്ര വലിപ്പമുള്ള ഉഗ്രമായ ഒരു തൂലിക സാറിന്റെ കൈയ്യിലുണ്ടു്.

വിസ്താരഗ്രന്ഥൻ മുണ്ടശ്ശേരി വന്നുകേറി അദ്ദേഹത്തിന്റെ കസേരയിൽ സ്ഥാനമുറപ്പിച്ചു. കൈയ്യിൽ—ഭരണഘടനയുടെ മലയാളവിവർത്തനമായിരിക്കാം—കുറെ കടലാസു കെട്ടുകളുമുണ്ടു്. കോടതിയുടെ ഒരുവശത്തെ വാതിലിൽ ഗ്രൂപ്പൻനായർ, കെ. സുരേന്ദ്രൻ എന്നീ രണ്ടു പോലീസുകാർ നിൽപ്പുണ്ടു്. ഇരുവരുടേയും കൈയ്യിൽ നിബ്ബുകളാകുന്ന ബയണറ്റുകളും ഫിക്സുചെയ്ത ഓരോ തൂലികത്തോക്കുകളുണ്ടു്.

ഇതുയുമായപ്പോൾ ഒരു കൊച്ചുമനുഷ്യൻ വന്നുകയറി. കൈയ്യിൽ ഒരു ലാത്തി പുറകോട്ടു പിടിച്ചിട്ടുണ്ടു്. എം. പി. അപ്പനാണു്. ലാത്തിയുടെ പുറകിലത്തെ അറ്റത്തു പിടിച്ചു് അപ്പൻ കാണിച്ചുകൊടുക്കുന്ന വഴിയെ നടന്നുവരുന്ന പൊട്ടക്കണ്ണൻ നാലാങ്കലാണു്. കോടതിയിൽ വന്നുകയറിയപ്പോൾ ബാലകൃഷ്ണപിള്ള സാറിനെ കണ്ടു ഭയന്നു് പെട്ടെന്നു് ലാത്തി ജൂബായുടെ അകത്തു് ഒളിച്ചു.

മണി പതിനൊന്നടിച്ചു് അഞ്ചുമിനിട്ടായി. കോടതി മുഴുവൻ നിശ്ശബ്ദമാണു്. ന്യായാധിപയായ കൈരളിയുടെ വരവാണു്. തലയിൽ ധരിച്ചിരിക്കുന്ന വിഗ്ഗു് തുറന്നു് കമഴ്ത്തിയിട്ടിരിക്കുന്ന കുറെ പുരാണഗ്രന്ഥങ്ങൾകൊണ്ടു നിർമ്മിച്ചുണ്ടാക്കിയതാണു്. സാരി മുഴുവൻ ഗദ്യം. വക്കിൽ പദ്യക്കസവുമുണ്ടു്. പൈങ്കഥകൾകൊണ്ടു നാടകങ്ങൾകൊണ്ടും മുതലായ പുള്ളികളും അങ്ങിങ്ങായിട്ടുണ്ടു്. പ്ലാറ്റ്ഫാമിന്റെ പുറകിൽ സസ്സ്നെ അഭിമുഖീകരിച്ചുകൊണ്ടു് രക്തം ഇറ്റിറ്റു വീഴുന്ന ഒരു തല (ഏതോ ഒരു സാഹിത്യകാരന്റേതാണു്) ഒരു കൈയ്യിലും മറ്റേ കൈയ്യിൽ ഉടവാളുമായി, നിൽക്കുന്ന ഉഗ്രമൂർത്തിയായ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ഒരു ചിത്രമുണ്ടു്. അതിനു് മുമ്പിലായി വ്യംകരണഗ്രന്ഥങ്ങൾകൊണ്ടു നിർമ്മിച്ച ഉപധാനത്തിൻമേൽ ന്യായാധിപ ഉപവിഷ്ടയായി. കൈ

രളി വന്നപ്പോൾതന്നെ മുണ്ടശ്ശേരി ചാടിയെഴുന്നേറ്റു. ഉപ്പൻനായരും സുരേന്ദ്രനും പട്ടാളമുറയിൽ സലാംവച്ചു. ബാക്കി എല്ലാവരും തലകുനിച്ച് ബഹുമാനം പ്രകടിപ്പിച്ചു. ഈ അവസരത്തിൽ ദേവി കൈരളി ഗൌരവം അശേഷം വിടാതെ, പുഞ്ചിരിതൂകി. നമ്മുടെ സാഹിത്യകാരന്മാരിൽ ബഹുഭൂരിപക്ഷത്തിനും കഷണ്ടിയുണ്ടല്ലൊ എന്ന വസ്തുത മനസ്സിലാക്കിയിട്ടായിരിക്കാം. മുണ്ടശ്ശേരി എഴുന്നേറ്റ്നിന്നു് എട്ടടിക്കുംപൊട്ടനുമേ ഉച്ചത്തിൽ ആദ്യത്തെ കേസിലെ പ്രതിയുടെ പേരുവിളിച്ചു.

"നാഗവള്ളിൽ ആർ. എസ്. കുറുപ്പ്"

ആയുധപാണികളായ ഉപ്പൻനായരുടേയും സുരേന്ദ്രന്റെയും മദ്ധ്യത്തിൽ രണ്ടു കൈയ്യും വിലങ്ങിട്ട് തൊണ്ടിയായ കുറെ പുസ്തകങ്ങളും കക്ഷത്തിൽ എടുപ്പിച്ചുംകൊണ്ട് പ്രതിയെ കൂട്ടിൽ കയറ്റി നിറുത്തി. കുറുപ്പ് അവിടെനിന്നുകൊണ്ട് ദീനദീനനായി കല്പനയേയും കരയിക്കുന്ന മട്ടിൽ സദസ്യരിൽ പലരേയും വീക്ഷിച്ചു. പരിചയഭാവംപോലും നടിക്കാൻ ഒരുവനും ധൈര്യപ്പെട്ടില്ല. ന്യായാധിപ അരുളിച്ചെയ്തു.

"എന്താണ് ഇയാളുടെ പേരിൽ ആരോപിതമായിരിക്കുന്ന കുറ്റം'

ബാലകൃഷ്ണപിള്ള സാർ പ്രതിവചിച്ചു.

"മോഷണം"

സദസ്സ് നിശ്ശബ്ദമായിരുന്നു. പ്രതി ഒരു മൂർച്ഛയുടെ വക്കത്തെത്തിയിരിക്കുകയാണ്. ബാലകൃഷ്ണപിള്ള തുടർന്നു.

"ദേവീ, ഈ പ്രതി ഒന്നല്ല പലതവണ മോഷണക്കുറ്റംചെയ്ത ആളാണ്. ആദ്യകാലങ്ങളിൽ ഈ ഏർപ്പാട് നീതിയല്ലെന്നു ഞാൻ നിഷേധിച്ചതാണ്. എന്നിട്ടും വകവയ്ക്കാതെ പ്രതി ഈ നീചപ്രവൃത്തി തുടരുകയാണ് ചെയ്തത്. ഇക്കാണുന്ന തൊണ്ടിസാധനങ്ങളും ഇയാളുടെ പക്കൽനിന്നും ഞാൻ പിടിച്ചെടുത്തതാണ്."

പ്രതിയുടെ കൈയ്യിൽനിന്നും കുറെ പുസ്തകങ്ങളും ബാലകൃഷ്ണപിള്ള വാങ്ങി കോടതിയെ കാണിച്ചു. അദ്ദേഹം തുടർന്നു.

എക്സ്ബിറ്റർ. ഏ. 'രണ്ടുലോകം' ഇതു് ബാംബെക്കാരൻ സി. എച്ച്. കാരകാ എന്നയാളിന്റെ വകയാണ്. പ്രതി ഇതു മോഷ്ടിച്ച് ഇതിന്റെ പേരിനെ "മാംസം മാത്രം" എന്ന ചെറുകഥയായും ബാക്കി ഈ നോവലായും ഉപയോഗിച്ചു.

'എക്സ്ബിറ്റർ ബി. പൊലിഞ്ഞുടീപം' ഇതു മരിച്ചുപോയ ഇംഗ്ലണ്ടുകാരൻ റാബർട്ട് ലൂയി സ്റ്റീവൻസൺ എന്ന സായിപ്പിന്റെ വകയാണ്. പ്രതി ഇതു് മോഷ്ടിച്ച് ആരുമാരുമറിഞ്ഞില്ലെന്ന ഭാവത്തിൽ തന്നത്താനഭിനയിച്ചുകൊണ്ട് നടക്കുകയുടെചെയ്തിട്ടുണ്ട്.

"എക്സ്ബിറ്റർ സി. 'വയലാറിലെ വല്യമ്മ' ഇതു് ബാംബെയിലുള്ള കെ. ഏ. അബ്ബാസ് എന്നയാളിൽനിന്നും പ്രതി അപഹരിച്ചതാണ്. കാഷ്മീരിനെ പേർത്തലയറക്കിയ മഹാപാപിയാണ് ഈ നിൽക്കുന്നതു്.

"എക്സ്ബിറ്റർ ഡി. 'വരണമാല്യം' ഈ മോഷണത്തിലാണ് എനിക്ക് ഏറ്റവും വലിയ പ്രതിഷേധം. കലാമൂല്യത്തിന്റെ കാര്യത്തിൽ വളരെയധികം ദാരിദ്ര്യം അനുഭവിക്കുന്ന തമിഴ്നാട്ടിൽനിന്നും അപഹരിച്ചതാണിതു്.

"മറ്റു ചില മോഷണങ്ങളും പ്രതി നടത്തിയതായി ഈ കോടതിയിലെ വിസ്താരഗ്രമസ്തനോട് ചോദിച്ചാൽ അറിയാവുന്നതാണ്.

"മറ്റൊരിക്കലുമില്ലാത്ത അത്യന്തം നീചവും ക്രൂരകരവുമായ ഒരു ക്രൂരസ്വഭാവം പ്രതി കാണിച്ചിട്ടുണ്ട്. മോഷ്ടിക്കുന്ന വസ്തുവിനെ രക്ഷിക്കുകയല്ല, കൊലപാതകംനടത്തുകയാണ് ഈ മനുഷ്യന്റെ പതിവു്."

ദേവി കൈരളി ചോദിച്ചു:—"പ്രതി കുറ്റംസമ്മതിക്കുന്നുണ്ടോ? എന്തെങ്കിലും സമാധാനമുണ്ടോ?"

നയാഗ്രാവെള്ളച്ചാട്ടംപോലെ കണ്ണുനീരൊഴുക്കിക്കൊണ്ട് പൊരുമ്പറയടിപ്പിനു് സമാനമായ ഹൃദയത്തുടിപ്പോടുകൂടി അസ്വസ്ഥനായി, അവനീതമുഖനായി സേവധാരയിൽ ആമഗ്നനായിനിന്ന പ്രതി വിക്കി വിക്കി ഇങ്ങനെപറഞ്ഞു.

"ക്ഷ....മി....ക്ക....ണം....ഞാ....ൻ....മോഷ്ടിച്ച....താണ്....മാ....പ്പ്....മാ....ദേരി....ദ്ര്യം....കൊ....ണ്ട്....ചെയ്ത....പോ....യതാ....ണ്."

ഇത്രയുമായപ്പോൾ പ്രതി കൂട്ടിനകത്തു വീഴുന്നു. ബോധവുമറ്റുപോയി നിലംപതിച്ചു. ഈ അവസ്ഥകണ്ട ബാലകൃഷ്ണപിള്ളയ്ക്കുപോലും ആ പാവത്തിന്റെ മേൽ അനുകമ്പ തോന്നി.

ദേവി കൈരളി വിധി പറഞ്ഞു.

"പ്രതി കുറ്റക്കാരനാണെങ്കിലും പരിതഃസ്ഥിതിയുടെ പ്രേരണയാലും സമ്മർദ്ദത്താലുമാണ് കുറ്റം ചെയ്തതെന്നു് എനിക്കു ബോധ്യമായിരിക്കുന്നു. പ്രതിയുടെ കലാസൃഷ്ടികളെ അത്യധികം കലാസാഗരകർ ശ്രദ്ധിക്കാത്തതിനാൽ ഇത്തവണ ഞാൻ മാപ്പു നൽകുന്നു."

അടുത്ത കേസിലെ പ്രതി ടി. എൻ. ഗോപിനാഥൻനായരായിരുന്നു. പ്രതിയെ കൂട്ടിൽ കയറ്റി നിറുത്തിയതിനുശേഷം ബാലകൃഷ്ണപിള്ള പറഞ്ഞു.

"എക്സ്ബിറ്റർ ഏ. പൂക്കാരി—ഇതു ശാന്തറാമിന്റെ മേൽനോട്ടത്തിൽ പ്രഭാത് ടാക്കീസ് കാർ നിർമ്മിച്ച ഒരു ചലച്ചിത്രത്തിൽനിന്നും പ്രതി അന്യായമായി ഒകൈവശപ്പെടുത്തിയതാണ്. എക്സ്ബിറ്റർ ബി. അനാച്ഛാദനം. ഇതു മെറർലിംഗ് എന്ന ധ്വരയുടെ വകയാണ്. ഇതു പ്രതി മോഷണം ചെയ്ത രഹസ്യമായി കൈവശംവച്ച് അനുഭവിച്ചുവരികയാണ്."

സമാധാനം ആവശ്യപ്പെട്ടപ്പോൾ പ്രതിയുടെ തൊണ്ടയിൽനിന്നും ശ്വാസംമുട്ടി മരിക്കാൻപോകുന്ന മനുഷ്യന്റെ സ്വരത്തിൽ ഇങ്ങനെ ഒരു ശബ്ദം കേട്ടു.

"അറിഞ്ഞുകൂടാ എവിടെത്തിരുത്തണമെന്നു്, എങ്ങനെ തിരുത്തണമെന്നു്"

ഇത്രയുമായപ്പോൾ "എടോ മുഖവുരയൊന്നും വേണ്ടാ കാര്യം പറഞ്ഞാൽ മതിയെന്നു ഉപ്പൻനായർ നിരോധിച്ചു.

ചുണ്ടകാം മുഴവൻ വീടത്തി മുറുക്കി ചുവന്ന പല്ലുകാം മുഴവൻ വെളിയിൽ കാണിച്ച് ഒരു ചിരിചിരിച്ചുകൊണ്ട്—വീണ്ടും മുഖവുരതുടരാനായി പ്രതി ഭാവമായി. ദേവി കൈരളി അക്ഷമയായി ഇങ്ങനെ വിധിപറഞ്ഞു "പ്രതി കുറ്റം ചെയ്തതായി എനിക്കു ബോധ്യമായിരിക്കുന്നു. പ്രതിയുടെ മഹനീയമായ പാരമ്പര്യത്തെ ഓർത്തു് തല്ക്കാലം മാപ്പു നൽകുന്നു എങ്കിലും ചിലതാക്കീതുകാം നൽകാൻ ഞാൻ ആഗ്രഹിക്കുന്നു ഭാവിയിൽ സാഹിത്യവ്യവസായം എന്ന തൊഴിൽ പ്രതി നിർദ്ദോഷം ഉപേക്ഷിക്കണം. പാഠപുസ്തകപ്രസിദ്ധീകരണം, സിനിമാ നോട്ടീസിന്റെ അച്ചടി മുതലായ കൂടുതൽ നിരുപദ്രവകരമായ പ്രവൃത്തികാംചെയ്ത ഉപജീവനമാർഗ്ഗം നേടുന്നതിൽ വിരോധമില്ല."

വീണ്ടും ആ തൊണ്ടയിൽനിന്നും "നന്ദികെട്ട മണ്ണേ" എന്നു് കൈരളിയെ നോക്കി ആക്രോശിച്ചുകൊണ്ട് പ്രതി കോടതിയിൽനിന്നും പുറത്തു പോയി.

അടുത്ത പ്രതി തകഴി ശിവശങ്കരപ്പിള്ളയായിരുന്നു. ബാലകൃഷ്ണപിള്ളസാർ തന്റെ വാദം ഇങ്ങനെ ആരംഭിച്ചു.

"എക്സ്ബിറ്റർ ഏ—അച്ഛനാരു്? ഈ കഥ പ്രതി വളരെ മുമ്പെഴുതിയതിനാൽ ഇപ്പോഴും മോഷണം വളരെ പെരുപ്പത്തിൽ തുടങ്ങിയതായി വിശ്വസിക്കേണ്ടിയിരിക്കുന്നു. ഇതു ഫ്രഞ്ചുകാരൻ ഗൈഡെ മാപ്പസാംഗ് എന്നയാളിന്റെ വകയാണ്.

എക്സ്ബിറ്റർ ബി—രണ്ടിടങ്ങഴി. ഇതു് അപ്പറൻ സിൻക്ലയർ എന്ന ധ്വരയുടെ വകയാണ്. പ്രതി ഈ മോഷണം കളിക്കുവാൻ ശ്രമിച്ചു എങ്കിലും ഞാൻ കണ്ടുപിടിക്കുകയാണ്ടുണ്ടായതു് മാത്രമല്ല, ഗോക്കിയെപ്പറ്റിയും മോപ്പസാംഗിനെപ്പറ്റിയും ഇന്നാട്ടുകാക്ക് വലിയ വിവരമൊന്നും ഇല്ലാതിരുന്നകാലത്തു് അവരുടെ പല കഥകളും ഇയാം മോഷ്ടിച്ച് മലയാളത്തിലേക്കു വ്യാജമായി കടത്തിയിട്ടുണ്ട്."

തകഴി ഇങ്ങനെ സമാധാനംപറഞ്ഞു.

"ദീർഘകാലമായി മോഷണക്കേസുകളും മോഷണപ്പള്ളികളുമായി ഉറ്റ സമ്പർക്കം പുലർത്തുന്ന എനിക്കു് ഈ കേസ്സിൽവന്നിട്ടുള്ള പല നടപടിപ്പിശകുകളും ചൂണ്ടിക്കാണിക്കാൻ സാധിക്കും. അതിരിയ്ക്കട്ടെ.

പ്രാസിക്യൂഷൻ ഭാഗത്തുനിന്നും ആരോപിതമായിരിക്കുന്ന കുറ്റങ്ങളൊന്നും എന്റെ ഉണ്ണിയാണെ ഞാൻ ചെയ്തിട്ടില്ല. മാപ്പസാങ്ങിന്റെ ഒരു കഥയും, അച്ഛനാരു് എന്ന എന്റെ കഥയുമായും സിങ്ക്ലയറിന്റെ ഒരു നോവലിനും എന്റെ രണ്ടിടങ്ങഴിയുമായും വിദൂരസ്ഥമായ ചില സാമ്യങ്ങളും കണ്ടേയ്ക്കാം. പക്ഷെ അവരിരുവരും എന്റെ കഥ മോഷ്ടിച്ചതായിരിക്കുവാനാണു കൂടുതൽ ന്യായം. അവരിരുവരെക്കാളും കൂടുതലാ



മോക്ഷയാത്ര

ഡോ. കെ. ജെ. മറത്തോളി

വൃ പുഞ്ചിരിപൊഴിക്കുന്ന പുഷ്പസമൂഹങ്ങളുടെ ആവാസകേന്ദ്രമാണ് ആ കൊച്ചുഗ്രാമം പ്രശാന്തതയുടെ മോഹനഗാനങ്ങളും മാത്രമേ അതുവഴി കടന്നുപോകുന്ന പറവകളും പാടിയിട്ടുള്ളൂ. ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശങ്ങളുംവഹിച്ചുകൊണ്ടു കൊച്ചരുവികളും അങ്ങിനെ മന്ദമായി ഒഴുകുന്നതു ആ ഗ്രാമത്തിന്റെ നിഷ്കളങ്കതയ്ക്കു ഒരു സാധനപാഠമാണ്.

ആ റബ്ബർതോട്ടം ഇല്ലായിരുന്നെങ്കിൽ മലനാട്ടിന്റെ മക്കളായ അവിടത്തുകാർ മരവിച്ചു മരിക്കുമായിരുന്നു. മലമ്പനിയോടു മല്ലിട്ടു പ്രയത്നിച്ചുപോന്ന ആയിരമായിരം കുടുംബങ്ങളുടെ ജീവിതാദ്ധ്യായങ്ങളാണ്, എസ്റ്റേറ്റ് ഉടമയായ പൊക്കർസാഹിബ്ബ് കയറിഅയക്കുന്ന റബ്ബർഷീറ്റുകൾ.

അങ്ങിനെ വിദേശമാർക്കറ്റുകളിൽ പൊക്കർ സാഹിബ്ബിനു ഒരുറച്ച സ്ഥാനം കരഗതമായി ആ കൊല്ലം ഡിസംബർ മാസത്തിൽ സാഹിബ്ബ് ഒരു നല്ല കൃത്യം ചെയ്തു. അതിന്റെ പ്രതിധ്വനികൾ രാജ്യമെമ്പാടും വ്യാപിച്ചു. എന്താണെന്നോ? ആണ്ടവസാനത്തിൽ തൊഴിലാളികൾക്കൊക്കെ ലാഭത്തിൽ ഒരോഹരി വീതിച്ചുകൊടുത്തു. ധർമ്മിഷ്ഠനായ മഹാനുഭാവൻ എവിടെയും ആശംസകൾ.

ഒരമ്പത്താറിൽ കവിയുമെന്നു തോന്നുന്നില്ല സാഹിബ്ബിന്റെ പ്രായം. ആരോഗ്യം നശിക്കാത്ത ശരീരം. ഇളകിപ്പോയ മുൻവശത്തെ രണ്ടു പല്ലുകളുടെ കുറവു ആ സ്വർണ്ണത്തെങ്കിലും ശരിക്കും പരിഹരിച്ചിട്ടുണ്ട്. അതൊരു അനസ്സു തന്നെയാണ്. അനസ്സ്!

ഒരു കരിങ്കൽ തൊഴിലാളിയുടെ മകളാണു ഇക്കാവു. വലിയൊരു പാറ പൊളിച്ചുകൊണ്ടിരിക്കവെ, വെടിമരുന്നു യാദൃച്ഛികമായി ഉന്നംപിഴച്ചു പൊട്ടിത്തെറിച്ചതാണ് അയാളുടെ മരണത്തിനിടയാക്കിയതു്. അഥവാ ഒരു നിമിഷംകൊണ്ടു ആ ശരീരം നീലവർണ്ണമായി മാറി, അയാൾ മരിച്ചു.

അന്നവൾക്കു 12 വയസ്സുപ്രായമാണ്. 6-ാം ക്ലാസ്സിൽ പഠിക്കയാണ്. കുട്ടിക്കാലത്തുതന്നെ തള്ള ഈ ലോകംവിട്ടു പിരിഞ്ഞിരുന്നു. ഉറ്റവരായി അവൾക്കു ആരുമില്ല പക്ഷെ പ്രസരിപ്പും പ്രയത്നശീലവും അവളെ അനുഗ്രഹിച്ചിരുന്നു. പ്രയത്നിച്ചു പട്ടിണികിടക്കയല്ല മനുഷ്യകർത്തവ്യം. പ്രയത്നിക്കുവാൻ പരിശീലിക്കയും പ്രയത്നഫലം അനുഭവിക്കുവാൻ കഴിവുണ്ടാകയുംവേണമെന്നു അവളുടെ അച്ഛൻ പഠിപ്പിച്ചിരുന്നു. അതു ഇന്നും അവളുടെ ഹൃദയത്തിൽ പച്ചയായിപ്പിടിച്ചിട്ടുണ്ട്. റബ്ബർതോട്ടത്തിൽ ഇക്കാവും ഒരു തൊഴിലാളിയാണ്.

വർഷങ്ങൾ ചിലതുകഴിഞ്ഞു് ഇക്കാവു ഒരു തികഞ്ഞ ഗ്രാമീണലക്ഷ്മിയായി മാറി. സുന്ദരിയോ, അവരോടൊപ്പമെങ്കിലുമോ ഭാവനാസമ്പന്നനാണ് ഞാൻ എന്നു് എനിക്കുതന്നെ അറിയാം. പോരായെങ്കിൽ ക്രൂരൻ പ്ലോസിക്യൂട്ടർ തന്നെ അതു സമ്മതിച്ചിട്ടുണ്ട്."

ദേവി കൈരളി പറഞ്ഞു:

"പ്രതി ക്രൂരക്കാരൻ തന്നെയെന്നുള്ളതിൽ എനിക്കു തരിമ്പും സന്ദേഹമില്ല. അയാൾ ശിക്ഷാർഹനുമാണ്. ജീവിതശേഷം മുഴുവൻ ഈ മനുഷ്യൻ ചിത്രപ്രഭം ധനദമോഹിയും ആയി കഴിഞ്ഞുകൂടണം."

അടുത്തതായി കേശവദേവിനെ പ്രതിക്കൂട്ടിൽ ഹാജരാക്കി. ഈ സമയം പ്ലാറഫാമിന്റെ താഴെനിന്നും ചില ഞരക്കങ്ങളും മൂളലുകളും "മ്", എന്ന അർദ്ധാക്ഷരത്തിന്റെ ആവർത്തിച്ചുള്ള അസ്പഷ്ടവും ആവേശകരവുമായ ഉച്ചാരണം ഉണ്ടായി. ദേവിന്റെ പേരിലും ആരോപിതമായിരുന്ന കുറ്റം മോഷണമായിരുന്നു. 'ക്ലൂ ഡ്രിംഗ്' എന്ന കഥ വലിച്ചെടുത്തുകൊണ്ടു ബാലകൃഷ്ണപിള്ള പറഞ്ഞു.

"ഈ കഥയുടെ ഉടമസ്ഥൻ ബംഗാളുകാരൻ രവീന്ദ്രനാഥടാഗൂറാണ്. പ്രതി ഇതിനെ അന്യായമായി കൈവശപ്പെടുത്തിയതാണ്. കോടതിനടപടികളും ഇതുവരെ ആയപ്പോൾ പ്ലാറഫാമിന്റെ താഴെനിന്നും പുറപ്പെട്ടിരുന്ന ശബ്ദം കൂടുതൽ ഉച്ചതരമായി. അവിടെ ആരോ പുറത്തു ചാടാൻ ശ്രമിക്കുന്നതായും വേറെ ആരോ അയാളെ ആ ശ്രമത്തിൽനിന്നും വിനിവർത്തിക്കുന്നതിനും അശ്രാന്തം പരിശ്രമം നടത്തുന്നതായും സദസ്യർക്കു് അനുഭവപ്പെട്ടു.

അവസാനം "മ്....മ്....മ്....മ്....മ്....മിക്കിലാബ് എന്നു വിളിച്ചുകൊണ്ടു് ഇ. എം. എസ്സും. പുറകെ കൂട്ടുകാരും വെളിയിലേക്കു ചാടി. ഇ. എം. എസ്സ്. ദേവിന്റെ പിടലിയിൽ പിടികൂടി. രണ്ടുപേരുംകൂടി കോടതിയിൽ ഒരു ഭയങ്കര ഗുസ്തി തന്നെ നടന്നു. കോടതി മുഴുവൻ ബഹളവും കുഴപ്പവും ആയി. സമാധാനം സ്ഥാപിക്കുവാനുള്ള ഗ്രൂപ്പൻനായരുടേയും സുരേന്ദ്രന്റെയും ശ്രമം പരാജയപ്പെട്ടു. ഈ ബഹളത്തിനിടയിൽ ഇ. എം. എസ്സും. കൂട്ടരും ദേവും രക്ഷപ്പെട്ടു. വി. റ്റി. ഇന്ദുചൂഡനെ കണ്ട മാത്രയിൽതന്നെ "അവൻ കള്ളനാണേ—പിടിച്ചുകൊള്ളണേ—വിടല്ലേ—ഇവന്റെ പേരിൽ എം. പി. ഭട്ടതിരിപ്പാടിന്റെ ഒരു ഹർജി വന്നിട്ടുണ്ടേ" എന്നു ബാലകൃഷ്ണപിള്ള വിളിച്ചുപറഞ്ഞുവെങ്കിലും ഇന്ദുചൂഡൻ സമർത്ഥമായി രക്ഷപ്പെട്ടു.

അടുത്തതായി കോടതിയിൽ ഹാജരാക്കിയതു് കെ. ബാലകൃഷ്ണനെയാണ്. അദ്ദേഹത്തിന്റെ പുറത്തു് "കരുമാടി ഓണം വിശേഷാൽപ്രതി ഒരു സാഹിത്യ താജ്മഹാൾ" എന്ന ഒരു പരസ്യം പതിച്ചിട്ടുണ്ട്.

ബാലകൃഷ്ണപിള്ള പ്രസംഗം ആരംഭിച്ചു.

"പ്രതിയുടെ പേരിലുള്ള പാർജ്ജ് മോഷണമല്ല. ഒരു ന്യൂയിസൻസ് കുറ്റമാണ് പാർജ്ജ് ചെയ്തിരിക്കുന്നതു്. ദേവി കൈരളിയുടെ സാമ്രാജ്യത്തിൽ നവീനമായി വെട്ടിത്തുറന്ന ഏറ്റവും പ്രയോജനകരവും മനോഹാരിത വിതുമ്പുന്നതുമായ ഒരു രാജപാതയാണ് സോഷ്യലിസ്റ്റ് റീയലിസം. ആ നയനാഭിരാമമായ രാജപാതയിൽ പ്രതി അത്യന്തം സംസ്കാരവിഹീനമായ രീതിയിൽ മൂത്രവിസർജ്ജനംചെയ്തു."

ദേവി കൈരളി അല്പനേരം ഗൗരവം പൂണ്ടിരുന്നശേഷം പ്രതിക്കെന്തെങ്കിലും പറയുവാനുണ്ടോ എന്നു ചോദിച്ചു

ബാലകൃഷ്ണൻ പ്രതിവചിച്ചു

"തെറ്റു ഞാൻ സമ്മതിക്കുന്നു. പക്ഷേ എന്റെ വാരികയുടെ പ്രചാരത്തിനുവേണ്ടി ചെയ്തുപോയതാണ് ക്ഷമിക്കണം."

അതിന്റെ വിധി ഇങ്ങനെയായിരുന്നു.

"ശേഷിച്ച ജീവിതകാലംമുഴുവൻ ലോകരുടെ ഘോരമായ അസൂയക്കു പാത്രമായി ജീവിച്ചുകൊള്ളട്ടെ. പ്രതിയുടെ ആത്മാർത്ഥതയിൽ ഇനി ആരുംതന്നെ വിശ്വസിച്ചുപോകരുതു്."

ഇതുമായപ്പോഴേക്കും കോടതി ലഞ്ചിനുപിരിഞ്ഞു.

—

പ്രതീക്ഷകളും അവളുടെ ഹൃദയത്തിൽ സ്ഥലം പിടിച്ചു. മധുരമോഹനങ്ങളായ നിരവധി വിചാരവീചികളും അവളെ വലയംചെയ്തു. പുഷ്പങ്ങളുടെ സൌരഭ്യം അവർക്കു കൂടുതൽ പ്രിയകരമായി തോന്നി. കുട്ടാവുകളും ചലിക്കുമ്പോൾ ആ ഹൃദയത്തിനു് ഇക്കിളി തോന്നും. പക്ഷെ, ഇക്കാവു തികച്ചും മനസ്സിലാക്കിയിരുന്നു അവളൊരു ഭാരതീയ സ്ത്രീയാണെന്നു്. വികാരങ്ങളുടെ തീക്ഷ്ണതയിൽ അവൾ ചൂളിയില്ല, യൌവനത്തിന്റെ പൂഞ്ചോലയിൽ അവളൊരു മദനകുമാരിയായി മാറിയില്ല. അഭിലാഷങ്ങളെ ആവുന്നത്ര നിയന്ത്രിച്ചുകൊണ്ടു് ഇക്കാവു ഭാരതത്തിന്റെ മാനം കാത്തു.

"ഇക്കാവുച്ചെ! നീ മാനം മുട്ടാറായല്ലൊ"—കൂട്ടുജോലിക്കാർ അവളെ പരിഹസിച്ചുതുടങ്ങി.

"പെടത്തിമാരെ! മാനത്തു മുട്ടിയാലും മാനം കളഞ്ഞു കളിക്കില്ല കേട്ടോ...."—ഇക്കാവു ചുട്ട മറുപടി കൊടുക്കും.

ആളുകളുടെ ഉന്നം ഇപ്പോൾ ഗ്രാമങ്ങളിൽനിന്നും പട്ടണങ്ങളിലേക്കല്ല. ശബ്ദായമാനമായ നഗരങ്ങളിൽനിന്നു കാപട്യവും പൂഷണവും ചുമന്നു് ഒരു തരക്കാർ ഗ്രാമങ്ങളുടെ മുഖത്തു കരിവാരിത്തേക്കുവാൻ അങ്ങോട്ടു നീങ്ങുകയാണു്. ആ തരക്കാരിൽ ഒരുവനാണു് കുഞ്ഞിക്കാദർമൂപ്പൻ. അയാൾ അടുത്തകാലത്താണു് അവിടെ താവളമുറപ്പിച്ചതു്. പൊക്കർ സാഹിബ്ബിന്റെ പ്രീതിക്കു് അയാൾ പാത്രീഭൂതനായി. ഉടമയുടെ സ്വന്തം ആളെന്ന ഭാവത്തിൽ മൂപ്പൻ അവിടെ സ്വൈര്യം വിലസുകയാണു്.

ഒരുദിവസം കുഞ്ഞിക്കാദർ പറയുകയാണു്:—"ഇക്കാവുവെ! നീ കെട്ടണില്ലേ പെണ്ണെ. ഞാൻ.....ം"

"ഓറ തൂപ്പ്"—ഇക്കാവു കലികൊണ്ടു:—"മൂപ്പാ! ഇവിടത്തെ പെണ്ണുങ്ങളെ കെട്ടിക്കാൻ തുനിയല്ലേ. കുഴപ്പമാണു്. അതുമുഖം ചീത്തയാകും...."

ഗ്രാമീണർ! അവർ പ്രബുദ്ധരും അഭിമാനപരവശരുമാണെന്നു് അയാൾക്കു മനസ്സിലായി. കുഞ്ഞിക്കാദർ പിന്നെ ഒന്നും മിണ്ടിയില്ല.

"പക്ഷെ, ഒരിക്കൽ ആ പോത്തിപ്പെണ്ണു് എന്റെ കീശ്ര....." പിറേന്നു മൂപ്പൻ കാപ്പിക്ലബ്ബിലിരുന്നു പിറുപിറുക്കുന്നതു് ഒരു തൊഴിലാളി കേട്ടു.

"ആ പൂതി മടക്കി കീശയിൽ വെച്ചോളൂ. കല്ലുവെട്ടുകാരൻ ശങ്കരൻ പേട്ടന്റെ മകളാണവൾ"—പ്രതിഷേധശബ്ദം മൂപ്പന്റെ കാതുകളെ തലോടി.

തോട്ടത്തിലൊരു സംസാരവിഷയമായി ആ സംഭവം. ജോലിക്കാർ സംശയദൃഷ്ടികളോടെ കുഞ്ഞിക്കാദറിനെ ശ്രദ്ധിച്ചുപോന്നു.

ഭയാശങ്കകൾ മൂപ്പനെ ശ്വാസം മുട്ടിച്ചു. അയാൾ സ്വയം ചോദ്യം ചെയ്തു:—"ഇക്കാവുവേ! നീ കെട്ടണില്ലേ പെണ്ണെ. ഞാൻ....."

അതുമതുമെ അയാൾ ചോദിച്ചിട്ടുള്ളവരെ. ശരിയാ! അതുംമതി ഗ്രാമീണരുടെ ഇടയിൽ കൊള്ളരുതാത്തവനായി മാറുവാൻ.

ഒരാഴ്ച കഴിഞ്ഞിരിക്കണം, മൂപ്പൻ അവിടം വിട്ടു. തൊഴിലാളികൾ ഐകൃതയോടെ പ്രയത്നിച്ചുവരികയാണു്.

ഹൈഡ്രജൻ ബോംബിനേക്കാളും സൂക്ഷിക്കേണ്ട ഒരു വസ്തുവായി മാറിയിരിക്കയാണു് ഇന്നു് ഇക്കാവു്. കൃത്യം പതിനെട്ടിലേക്കു കടക്കുന്ന ഘട്ടം. യൌവനവും സൌന്ദര്യവും പരസ്പരം ഏറുമുട്ടുകതന്നെ ചെയ്തു.

* * *

പൊക്കർ സിഹിബ്ബിന്റെ ഭാര്യയാണു് ആമീന. അവർ പൂണ്ണഗർഭിണിയാണു്. ഇതു മാസമാണു് അവക്കെന്നു് ചുരുക്കം.

"മെനയും മനസ്സുമുള്ളവളാണു് ആ പെണ്ണു്. പെറാൻ എണീക്കുന്നതുവരെ അവളെ ഇവിടെ നിറുത്താം. കൂലികൊടുത്തുകൊണ്ടിരുന്നാൽ മതിയല്ലൊ...."—ആമീന ഭർത്താവിന്റെ അഭിപ്രായം ആരാഞ്ഞു.

"ഏതു പെണ്ണു്?"—പൊക്കർ സാഹിബ്ബിനു് ആളെ മനസ്സിലായില്ല.

"ആ കല്ലുവെട്ടുകാരന്റെ മോളില്ലേ, ഇക്കാവു്"—ആമീന ശരിക്കും വ്യക്തമാക്കി.

"അതിനെന്താ. നീ വിളിപ്പിച്ചോ"—അയാൾ അനുകൂലിച്ചു.

അങ്ങിനെ പെട്ടെന്നു് ഇക്കാവു് ആമീനയുടെ പരിചാരികയായി മാറി. കട്ടിലിന്നരികിലിരുത്തി ആ ഗർഭിണി കൂടെക്കൂടെ പറയും:—"മെനയും മനസ്സുള്ളവളാണു മോളേ നീ....."

മാതൃസഹജവിധത്തിലെന്നപോലെ ഇക്കാവു് ആ തൊക്കെ നിഗ്ഗൂഢയായിരുന്നു കേൾക്കും. പരിചാരികയെങ്കിലും, മാതാവും പുത്രിയുമെന്ന നിലയിൽ അവർ പരസ്പരം വർത്തിച്ചുപോന്നു.

ഒരു വിശേഷവൈദ്യസമിതിയുടെ സാന്നിദ്ധ്യത്തിൽ അന്നുരാത്രി ആമീന പ്രസവിച്ചു. കൂലുക്കവും കുഴപ്പവും കൂടാതെ തള്ളയും കുട്ടിയും രക്ഷപ്രാപിച്ചെന്നു ചുരുക്കം.

"തൊണ്ണൂറംകഴിഞ്ഞു് എന്റെ മോൾക്കു പോകാം. അതുവരെ എന്റെകൂടെ....." ആമീന ഉപദേശിച്ചു.

മാസം രണ്ടു കഴിഞ്ഞു. ഇക്കാവു ഉറങ്ങിയ ദിവസങ്ങൾ മറന്നു. അവൾക്കു വേണ്ടുവോളം ജോലിയുണ്ടു്. ആമീനയുടെ മുറിയിലുള്ള ക്ലോക്കിൽനിന്നും നാദങ്ങൾ മുഴങ്ങി. മണി 12. നിശയുടെ നിഗ്ഗൂഢതയിൽ ലോകം സുഖനിദ്രകൊള്ളുകയാണു്. ഇക്കാവു കട്ടിലിന്റെ കാലിൽ ചാരിയിരുന്നു ഉറങ്ങുകയാണു്.

അടുത്ത മുറിയിൽനിന്നു ഒരു ഞരങ്ങലിന്റെ ശബ്ദം. അസ്വസ്ഥഹൃദയനായ ഒരാളുടെ പതറിയ ശബ്ദമെന്നുമാത്രം.

ആമീന അതു ശ്രദ്ധിച്ചു.

"ഇക്കാവുവെ! ഒന്നു എണീറ്റാറെ. ആ കേൾക്കുന്നതു എന്താണു്? നീ ഒന്നുപോയി നോക്കിക്കെ മോളെ....."

അവൾ ഞെട്ടിഉണർന്നു. ആ മണിമേടയുടെ വരാന്തയിലൂടെ ഇക്കാവുനടന്നു. "വല്ലാത്തവേദനേ"—പതറിയ ശബ്ദങ്ങളും ഇക്കാവു ശരിക്കും കേട്ടു.

നേരിയ വെളിച്ചംമാത്രം. ആ മുറി അവൾക്കു അപരിചിതമാണു്. പൊക്കർ സാഹിബ്ബ് കിടന്നു ഞരങ്ങുകയാണു്. അയാൾ കാലുകൾ കുടയുന്നുണ്ടു്.

ഇക്കാവു നിന്നിമേഷയായി അല്പസമയംനിന്നുപോയി.

"മോളെ! നീ എന്റെ മോളാണു് കാലുകൾ കഴച്ചു ഒടിയുന്നപോലെ തോന്നുന്നു, ഒന്നു തൊക്കി തിരുമ്മിക്കെ മോളേ....." ഒരു കൈകൊണ്ടു ആ ദീപനാളം കൂടുതൽ പ്രകാശിപ്പിച്ചുകൊണ്ടു് പൊക്കർ സാഹിബ്ബ് പറയുകയാണു്.

സങ്കോചമെന്യേ ഇക്കാവു മെത്തക്കരികെ ചെന്നുനിന്നു പിതാവിന്റെ ശുശ്രൂഷ്യവിധേയയായ ഒരു മകളെപ്പോലെ ഇക്കാവു അയാളുടെ കാലുകൾ തൊക്കി തിരുമ്മി. മണിക്കൂറുകൾ കടന്നുപോയതറിഞ്ഞില്ല.

"പെരുത്തു ഉപകാരം"—പൊക്കർ സാഹിബ്ബ് കൃതജ്ഞത പ്രകടിപ്പിച്ചു.

അന്നു മുതൽ അവൾക്കു ആമീനയേയും ഭർത്താവിനേയും ശുശ്രൂഷിക്കേണ്ടിവന്നു. ഒരു ഭാഗത്തു മാതൃ-ശിശുസംരക്ഷണം; മറുഭാഗം പിതൃസേവനം.

ഭയങ്കരപേമാരി, ആ കാളരാത്രിയിൽ ജീവനുള്ള എല്ലാം തന്നെ തണുത്തു വിറങ്ങലിച്ചുപോയി. ഇക്കാവു, പൊക്കർ സാഹിബ്ബിന്റെ കാലുകൾ തിരുമ്മി അങ്ങിനെ ഉറങ്ങിപ്പോയി, അവൾ രണ്ടരമാസം കഴിഞ്ഞിരിക്കുന്ന ശരിക്കൊന്നു ഉറങ്ങിയിട്ടു് പാവം. ബോധം വിട്ടു ഉറങ്ങുകയാണു്!!!

"ആയ്യോ! എന്തൊരു കാഠിന്യം അയ്യോ! അ....ഐയ്യാ....." ഇക്കാവുവിന്റെ അധരങ്ങൾ വിറച്ചു. ആ അധരങ്ങൾ വീണ്ടും ചലിച്ചു:—"ഞാൻ മരിച്ചുപോകും....ഞാ....ൻ...." അവൾ അറിയാതെ വലിയൊരു ആനക്കയിൽ വീണിരിക്കയാണു്.

"നീ എന്റെ മോളല്ലേ....മോ....ള....ല്ലേ...." പൊക്കർ സാഹിബ്ബ് പിടിവിടാതെ നോക്കയാണു്.

തൊണ്ണൂറും കഴിഞ്ഞു ആമീന സ്വതന്ത്രയായി. ഇക്കാവുവിനു കോടീശ്വരിയും പരിതോഷികങ്ങളും നൽകി. നിറഞ്ഞ കണ്ണുകളോടെ അവളതു സ്വീകരിച്ചു പിരിഞ്ഞു.

ഇന്നു ആ ഗ്രാമത്തിലുള്ള ആർക്കുംതന്നെ ഇക്കാവുവിനെപ്പറ്റി ഒരു പിടിയുമില്ല. അവൾ എവിടെയാണെന്നും എന്തു സംഭവിച്ചുവെന്നും ആർക്കറിയാം.

ബോധരഹിതയായ—പൂണ്ണനിദ്രയിൽ വിധേയയായ ഒരു സ്ത്രീയുടെ ചാരിത്ര്യത്തെ ദൂഷണം ചെയ്യുന്ന പുരുഷൻ ലോകത്തിലെ ഏറ്റവും വ

നാസിക്ക് കാൺഗ്രസ്സും ബാംബെ വിദ്യാർത്ഥി സമ്മേളനവും

(കെ. എ. അബ്ബാസ്)

"അവർ സമ്മേളിച്ചു, അവർ സംസാരിച്ചു, അവർ പിരിഞ്ഞു" ഇതൊരു പേർഷ്യൻ പഴമൊഴിയാണ്. ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സിന്റെ നാസിക്ക് സമ്മേളനവും മറ്റൊന്നുമല്ലായിരുന്നു.

ഞാൻ നാസിക്കിൽ പോയില്ല. പക്ഷേ, പോകാത്തതുകൊണ്ടു എനിക്കു ഒട്ടും മനസ്താപം തോന്നുന്നുമില്ല. ശ്രമശാസ്ത്രാഘോഷങ്ങളും പ്രയോജനമില്ലാത്ത ഉർവ്യയമാണ്. മാത്രമല്ല, എത്ര വൻതോതിൽ നടത്തിയാലും അതു മരിച്ചവരെ ജീവിപ്പിക്കുകയില്ല കാൺഗ്രസിനെ സംബന്ധിച്ചിടത്തോളം അതിന്റെ ഉപക്രിയകളും ഒരു പക്ഷേ ഒരു വർഷത്തേക്ക് കൂടി നീട്ടിവച്ചിട്ടുണ്ടായിരിക്കും. എന്നാൽ ഒരു അർത്ഥത്തിൽ കാൺഗ്രസ്സിന്റെ ജഡം ചുമന്നും കർപ്പൂരവുമിട്ട് അണിഞ്ഞൊരുക്കി അങ്ങനെ കുറെ നാൾകൂടി അവസാനമായി കഴിച്ചുകൂട്ടുന്നതിനുമുമ്പ് അഥവാ ഹിന്ദുശാസ്ത്രവിധിപ്രകാരം ദഹിപ്പിക്കുന്നതിനു മുമ്പുവരെ—അവശേഷിക്കുമായിരിക്കും.

പണ്ഡിതനെഹ്റുവിന്റെ വെല്ലുവിളിയും ക്കൊള്ളുന്ന പ്രസ്താവന, നിശ്ചയമായും, കാൺഗ്രസ്സിനെ വഴിത്തിരിവുവരെ ആനയിച്ചു. പക്ഷേ "വിശ്വാസപ്രമേയം" പാസ്സാക്കി അദ്ദേഹത്തെ കളിപ്പിച്ച കിടത്തിക്കഴിഞ്ഞു. അദ്ദേഹം ആവശ്യപ്പെട്ട ആദർശപ്രഖ്യാപനം വളരെ ബുദ്ധിപൂർവകമായി ഒഴിവാക്കുകയും ചെയ്തു. മതേതരരാഷ്ട്രമാകുന്ന ആട്ടിൻകുട്ടിയും, ഹിന്ദുത്വമാകുന്ന ഉഗ്രസിംഹവും ഒരേ ചട്ടിയിൽനിന്നു ഇരയെടുക്കുന്ന സക്സസ് സ്റ്റണ്ട് ഇനിയും തുടരുന്നതാണ്. സിംഹത്തിന്റെ അലർച്ചകൾ ആട്ടിൻകുട്ടിയുടെ ശാന്തമായ കരച്ചിലായി രൂപാന്തരപ്പെട്ടാലും, അതു പട്ടേൽ–താണ്ഡനും, നെഹ്റുവും തമ്മിലുള്ള അടിസ്ഥാനപരമായ ആദർശവൈരുദ്ധ്യത്തിനു പരിഹാരമാകുമോ?

ഞാൻ നാസിക്കിൽപോയില്ല. എങ്കിലും അവിടെ നിന്നുള്ള റിപ്പോർട്ടുകൾ ഞാൻ സശ്രദ്ധം വായിച്ചു കൊണ്ടിരിക്കുകയായിരുന്നു. മാത്രമല്ല, നാസിക്കിലെ കൂടിയാലോചനകൾക്കിടയിൽ എടുക്കപ്പെട്ട ഫോട്ടോഗ്രൂപ്പുകളും എന്നെ സമാകർഷിക്കുകയുണ്ടായി. ഒരു റിപ്പോർട്ടർക്ക അയാളുടെ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ പ്രേരകമായേക്കാം. അല്ലെങ്കിൽ അയാൾ ഭാവനയെ വളരെ പ്രോത്സാഹനം ചെയ്തുവെന്നും വരാം. പക്ഷേ ക്യാമറാ ഒരിക്കലും കള്ളംപറയുകയില്ല. എന്നെ ആകർഷിച്ച ഒരു ഫോട്ടോയുടെ കാര്യം മാണ് താഴെ പറയുന്നതു്. നെഹ്റു ഏറ്റവും ഇടതുഭാഗത്തായി എന്തോ കടലാസുകൾ വായിച്ചുകൊണ്ടിരിക്കുന്നു. ഏറ്റവും വലതുഭാഗത്തായി രാജാജി എന്തോ നോട്ടുകൾ വായിക്കുന്നു. സർദാർ പട്ടേൽ കസേരയിൽനിന്നു കുനിഞ്ഞു, പ്രസിഡന്റ് താണ്ഡന്റെ ചെവിയിൽ എന്തോ അടക്കം പറയുന്നു. താണ്ഡനാകട്ടെ ബഹുമാന്യോത്കമായ മൌനത്തോടെ അതു സശ്രദ്ധം ശ്രവിക്കുന്നു. ആ സീൻ മനഃപൂർവ്വം അഭിനയിക്കപ്പെട്ടതായിരുന്നാൽപോലും, ഇതിനേക്കാൾ അർത്ഥഗർഭമായ സ്വയുക്തത സാദ്ധ്യമാകുമെന്നു തോന്നുന്നില്ല.

ബെർളാ ബംഗ്ലാവിന്റെ പശ്ചാത്തലത്തിൽ കൂടി ഈ ചിത്രം പരിശോധിക്കുമ്പോൾ, അതിന്റെ അർത്ഥവും സൂചനയും കൂടുതൽ വ്യക്തവും, നഗ്നവുമായിത്തീരുന്നു സർദാർ പട്ടേൽ ബെർളാ സേട്ടിന്റെ അതിഥിയായി ബെർളാ ബംഗ്ലാ

ലിയ ശിഷ്യയ്ക്കു അർഹനാണ്. അപമാനഭാരം, ഇക്കാവിനെ ആ ഗ്രാമം വിട്ടുവാൻ പ്രേരിതയാക്കി. അവൾ മറ്റൊരു ഗ്രാമത്തിൽ എത്തിച്ചേർന്നു. ഒരു ഓട്ടകമ്പനിയിലെ ജോലിക്കാരിയായി അവൾ ജീവിതം നയിക്കയാണ്.

ക്രമേണ അവൾ ഒരു ഗർഭിണിയുടെ വേഷം ചമഞ്ഞുകണ്ടു. ഗ്രാമീണരാകമാനം ഉറ്റു നോക്കുകയാണു ഇക്കാവുവിനെ. അവളുടെ ഭർത്താവു ആരാണു? ജനതയുടെ അന്വേഷണങ്ങൾ ചോദ്യരൂപമെടുത്തു. പക്ഷെ, ആ ഗ്രാമീണർ അബലാത്വവും അയോഗ്യതയും കടിലതയും കല്പിച്ചു ഇക്കാവിനെ പുറംതള്ളിയില്ല. അവരുടെ സംസ്കാരം—അവരുടെ കർത്തവ്യബോധം അതൊന്നും അധഃപതിച്ചിരുന്നില്ല. അവർക്കു അവളെ ഈ ദുരവസ്ഥയിലാക്കിയ കക്ഷിയെ മനസ്സിലാക്കണം. എന്നിട്ടു പോംവഴി കണ്ടുപിടിക്കണം. അതുവഴി അവളെ രക്ഷിക്കണം.

ഇക്കാവു എല്ലാം തുറന്നുപറഞ്ഞു; ജീവിതസത്യങ്ങൾ വെട്ടിത്തുറന്നു അവൾ പ്രസ്താവിച്ചു. അവൾ എന്തിനും മറച്ചുവെക്കണം.

"ചാരിത്ര്യം സ്ത്രീയുടെ ജന്മാവകാശമാണ്. സ്ത്രീയെ ദൂഷണംചെയ്യുന്ന പുരുഷനെ ഞങ്ങൾ നാട്ടുകൂട്ടത്തും. സ്വീതപം കീജെ"–മുദ്രാവാക്യങ്ങൾ ഉയർന്നുതുടങ്ങി.

അതൊരു ഘോഷയാത്രയാണ്. ആ ഗ്രാമത്തിലുള്ള സ്ത്രീകളാകമാനം അണിനിരന്നു നീങ്ങുകയാണ്.

"ഭാരതീയ സ്ത്രീത്വം കീജെ. പൊക്കർ സാഹിബ്ബിനെ നാട്ടുകൂട്ടത്തണം"—ഘോഷയാത്ര വീണ്ടും നീങ്ങുകയാണ്.

കാപട്യത്തിന്റെ മൂടുപടം ധരിക്കാത്ത ആ ഗ്രാമം ആകമാനം ആവേശംകൊണ്ടു.

"ചാരിത്ര്യവിജയം വിശ്വവിജയം"

"സ്ത്രീത്വത്തെ അവഹേളിക്കുന്ന പുരുഷമേധാവിത്വം നശിപ്പിക്കുക"

ആരവങ്ങളോടൊപ്പം ആ ജനപ്രവാഹം കൂടുതൽ ഉഷാറായി.

തോട്ടം പരിശോധനാർത്ഥം കാറിലെത്തിയ പൊക്കർ സാഹിബ്ബിന്റെ ശ്രവണപുടങ്ങളിൽ ആഞ്ഞടിച്ചു:—"അപമാനിതയായ ഇക്കാവു അമ്മയെ പൊക്കർ സാഹിബ്ബ് അംഗീകരിക്കണം. സ്ത്രീത്വത്തിന്റെ വിജയം ഞങ്ങളുടെ വിജയം. ചാരിത്ര്യവിജയം വിശ്വവിജയം"

അയാളുടെ ഉള്ളും ഉടലും കലുങ്ങിപ്പോയി ഒരു കാറവാളിയുടേതുപോലെ അയാൾക്ക ഒരു വിറയൽ, പുതിയമിടിപ്പു വർദ്ധമാനമായി. സാഹിബ്ബിന്റെ കാർ ധൃതഗതിയിൽ പായുകയാണ്.

ക്ഷീണിതരെങ്കിലും ഘോഷയാത്രാംഗങ്ങൾ ഒന്നിനൊന്നു ശ്രുപ്രേതീക്ഷരായി മുന്നേറുകയാണ് അങ്ങനെ പൊക്കർ സാഹിബ്ബിന്റെ മണിമേടക്കു മുമ്പിലെത്തി ആ ഘോഷയാത്ര. അതിന്റെ പ്രതിധ്വനികൾ ആ മനുഷ്യാധമന്റെ ഹൃദയത്തിൽ കൊട്ടുകാറായി ആഞ്ഞടിച്ചു.

അതാ, അതാ, ആ ഒളിഞ്ഞുനോക്കുന്നതു ആമീനയാണ്. നിഷ്ക്കളങ്കയായ സ്ത്രീ.

പൊക്കർ സാഹിബ്ബ് വിഷമിച്ചു. അയാൾ എന്തുചെയ്യണമെന്നറിയാതെ ക്ഷണങ്ങൾ. സങ്കടനിവേദനങ്ങളുമായി അധികൃതസ്ഥാനങ്ങളിലേക്കു അയാൾ ആളെപറഞ്ഞയച്ചുനോക്കി. ഒരു സ്ത്രീലമ്പടനും തുണനൽകുവാൻ ഈ രാജ്യത്തു ആരുമില്ലെന്നു അയാൾക്കു സ്വയം അനുഭവപ്പെട്ടു!!!

തല കുനിച്ചു, മന്ദം മന്ദം പടിവാതിൽക്കലേക്കു നടന്നുവരുന്ന ആ കക്ഷിയെ ഒന്നു നോക്കൂ. അയാൾ കുറ്റം സമ്മതിക്കുവാൻപോകുന്ന കുറ്റവാളിയാണ് ഘോഷയാത്രയുടെ മുന്നണിയിൽ നിന്നിരുന്ന ഇക്കാവുവിനെ അയാൾ കൈക്കു പിടിച്ച അകത്തേക്കു ആനയിച്ചു.....

"ഇക്കാവു അമ്മ കീ ജെ! പൊക്കർ സാഹിബ്ബ് കീ ജെ! ഹിന്ദുമുസ്ലീം മൈത്രി കീ ജേ!...." ഘോഷയാത്ര വിജയഭേരിമുഴക്കി മടങ്ങുകയാണ്—"സ്ത്രീത്വത്തെ അവഹേളിക്കുന്ന പുരുഷമേധാവിത്വം നശിപ്പിക്കും. ഇക്കാവു അമ്മ കീ ജേ. കീ....ജേ...."

(പകർപ്പവകാശം കാഥികനു)

വിൽ താമസിക്കുകയാണെന്ന കാര്യം വിസ്മരിക്കരുത്.

പ്രസിഡൻറ താണ്ഡൻ സർദാർപട്ടേലിൻെറ രഹസ്യംപറച്ചിൽ വളരെ ശ്രദ്ധയോടുകൂടി കേൾക്കുന്ന ആ ചിത്രം കണ്ടപ്പോൾ, ഒരിക്കൽ ലിൻയൂട്ടാങ്ങ് പറഞ്ഞിട്ടുള്ള വാക്കുകളാണ് ഓർമ്മവരുന്നത്. "ഇൻഡ്യയിലെ കോൺഗ്രസ്സ പാർട്ടിയുടേയും, അതിൽനിന്നുംവിപ്ലവാത്മിയായ ഇൻഡ്യയുടേയും യഥാർത്ഥനില ഇതാണ്—ജനങ്ങൾ നെഹ്റു പറയുന്നതു കേൾക്കുന്നു. നെഹ്റു ഗാന്ധി പറയുന്നതു കേൾക്കുന്നു, ഗാന്ധിയാകട്ടെ ദൈവം പറയുന്നതുമാത്രമെ കേൾക്കുന്നുള്ള."

പക്ഷേ ഇന്നു അല്പം വാതൃസമുണ്ട് "ജനങ്ങൾ (ഇപ്പോഴും) നെഹ്റു പറയുന്നതു കേൾക്കുന്നു; നെഹ്റു ഗാന്ധിയുടെ അനശ്വരങ്ങളായ ഉപദേശങ്ങളുടെ പ്രതിധ്വനി പൊഴിക്കൊള്ളുന്നു. പക്ഷേ കോൺഗ്രസ്സ കക്ഷിയാകുന്ന യന്ത്രം മഹർഷി താണ്ഡൻ പറയുന്നതും, താണ്ഡൻ പട്ടേൽ പറയുന്നതും സർദാർപട്ടേൽ ബെർളാസേട്ട പറയുന്നതും, ബെർളാസേട്ട് അനുസരണയോടുകൂടി ഡാളർ സാമ്രാജ്യത്വം പറയുന്നതും കേൾക്കുന്നു."

ഞാൻ മുകളിൽ പറഞ്ഞിട്ടുള്ളതു് അതിശയോക്തിയാണെന്നു തോന്നുന്നുണ്ടെങ്കിൽ, ഒരു അമേരിക്കൻ മാസികയിലെ റിപ്പോർട്ട ഉദ്ധരിക്കാം. ഒരു അമേരിക്കൻ നയതന്ത്രപ്രതിനിധിയെ സർദാർപട്ടേൽ വീരുന്നിനു ക്ഷണിച്ച സംഭവത്തെപറ്റി ഒരു ലേഖനം ആ പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അവിടെ, സർദാറിൻെറ വീരുന്നിൽ മി: ജി. ഡി. ബെർളാ സന്നിഹിതനായിരുന്നുവെന്നും, "ഇൻഡ്യയും അമേരിക്കയും തമ്മിലുള്ള സാമ്പത്തികമായ ഇടപാടുകളെപറ്റി സംസാരിക്കുന്നതിൽ വലിയ താല്പര്യം പ്രദർശിപ്പിച്ചുവെന്നും" ആ ലേഖനം പറയുന്നു. നയതന്ത്രപ്രതിനിധി പറഞ്ഞുവരുന്നു "ആരാണ് ഗവർമ്മെൻറിനുവേണ്ടി സംസാരിക്കുന്നതു്—സർദാർ പട്ടേലോ ബെർളായോ—എന്നു് എനിക്കു തിരിച്ചറിയുവാൻ സാധിച്ചില്ല"!

നാസിക്കൽ നിന്നും ലഭിച്ചിട്ടുള്ള അർത്ഥവത്തും വിപൽസൂചനയുള്ളതുമായ ചിത്രങ്ങളെപ്പറ്റി പ്രതിപാദിച്ചപ്പോഴാണ് ഒരു കാര്യം ഓർമ്മവരുന്നതു്. സബ്ജക്ട് കമ്മിറ്റി മീറ്റിംഗിൽ നടന്ന ഫ്ലാറ്റ്ഫാറത്തിനു് പിറകിൽ, മതിലിൽ നെഹ്റുവും ഗാന്ധിജിയും കൂടിയുള്ള ഒരു ചിത്രം ഏതാണ്ടു തലകീഴായി തൂങ്ങിപൊട്ടിവീഴുവാൻപോകുന്നപോലെ കിടക്കുന്നതായി ഒരുഫോട്ടോയിൽ കാണുവാനിടയായി!

കോൺഗ്രസ് പ്രധാനമായും കോൺഗ്രസ്കാരുടെ കാര്യമാണെങ്കിലും, നാസിക്ക് സമ്മേളനത്തെ സംബന്ധിക്കുന്ന ചില കാര്യങ്ങൾക്ക് അധികാരസ്ഥാനങ്ങളിലിരിക്കുന്നവർ ഉത്തരം പറയേണ്ടിയിരിക്കുന്നു.

സംഘടനാപരമായും നിയമപരമായും കോൺഗ്രസ്സ് ഈ രാജ്യത്തുള്ള നിരവധി രാഷ്ട്രീയകക്ഷികളിൽ ഒന്നുമാത്രമാണ്. അതു അധികാരത്തിലിരിക്കുന്ന കക്ഷിയാണെന്നുള്ളതിലും സംശയമില്ല. (ഇംഗ്ലണ്ടിലെ തൊഴിലാളി കക്ഷിയും അമേരിക്കയിലെ ഡെമോക്രാററിക്ക് കക്ഷിയുംപോലെ) പക്ഷേ, ആ പാർട്ടി ഗവർമ്മെൻറല്ല. കോൺഗ്രസ്സിനുവേണ്ടിയുള്ള ജോലികളും ഗവർമ്മെൻറിൻെറ ജോലികളല്ല. കോൺഗ്രസ്സ് സമ്മേളനത്തിനു വേണ്ടിയുള്ള ചിലവു് ഗവൺമെൻറിൻെറ നികുതിയിൽനിന്നും നടത്തുന്നതിനു് യാതൊരു നിയമവുമില്ല. ഭരണഘടനാപരമായി പറഞ്ഞാൽ കോൺഗ്രസ്സിൻെറ സമ്മേളനം ഗവർമ്മെൻറിൻെറ കാര്യമല്ല. സോഷ്യലിസ്റ്റ പാർട്ടിയുടേയോ, കമ്മ്യൂണിസ്റ്റപാർട്ടിയുടേയോ, ഹിന്ദുമഹാസഭയുടേയോ സമ്മേളനം ഗവർമ്മെൻറിൻെറ ചുമതലയാകുന്നപോലെ മാത്രമെ ഈ സമ്മേളനം ഗവർമ്മെൻറിൻെറ ചുമതലയാകുകയുള്ളു. താഴെ പറയുന്ന കാര്യങ്ങളെപ്പറ്റി പൊതുജനങ്ങൾക്ക് ആരെങ്കിലും ഒരു വിശദീകരണം നൽകുമോ?

കോൺഗ്രസ്സ് സമ്മേളനത്തിനായി നാസിക്കിൽ നിർമ്മിച്ച, തകരക്കുടാരങ്ങൾ നിറഞ്ഞ വിസ്തൃതമായ ഗാന്ധിനഗരം ഒരു ലേഖകൻ റിപ്പോർട്ടു ചെയ്യുന്നതുപോലെ "വക്കീസ്, മൈൻസ് ആൻഡ് പവ്വർവകുപ്പിൻെറ മഹാമനസ്കതയില്ലായിരുന്നുവെങ്കിൽ നിർമ്മിക്കുക അസാദ്ധ്യമായിരുന്നു. സ്വീകരണസംഘത്തിനു് ആവശ്യമുള്ള തകരം മുഴുവൻ ആ വകുപ്പാണു വായ്പ കൊടുത്തതു്."

സോഷ്യലിസ്റ്റ് കക്ഷിയുടെ സമ്മേളനത്തിനായി ആയിരക്കണക്കിനു് തകരഷീറുകൾ വായ്പ നൽകുന്നതിൽ ആ വകുപ്പു് മഹാമനസ്കത കാണിക്കുമോ? ഇല്ലെങ്കിൽ എന്തുകൊണ്ടു്?

കോൺഗ്രസ്സ് സമ്മേളനത്തിൻെറ സജ്ജീകരണങ്ങൾ പരിശോധിക്കുന്നതിനായി വക്കീസ് മൈൻസ് ആൻഡ് പവ്വർ മന്ത്രി പല പ്രാവശ്യം നാസിക്കു് സന്ദർശിക്കുകയുണ്ടായി. ഇതു ഭരണസംബന്ധമായ ജോലിയാണോ? കോൺഗ്രസ്സിൻെറ ജോലിക്കവേണ്ടിയുള്ള ഈ യാത്രയ്ക്കു് പണം നൽകിയതു് ആരാണു്?

ദേവലാലിയിലും, പൂനായിലുമുള്ള സൈനിക സങ്കേതങ്ങളിൽ നിന്നു് ടെൻറുകൾ, ആഫീസുപകരണങ്ങൾ മുതലായവ കോൺഗ്രസ്സ് സമ്മേളനത്തിനുവേണ്ടി നാസിക്കിലേക്കു് നീക്കം ചെയ്യുകയുണ്ടായി. ആരുടെ അനുവാദത്തോടുകൂടി? ഗവർമ്മെൻറുവക സാധനങ്ങൾ രാഷ്ട്രീയകക്ഷികളുടെ പ്രവർത്തനത്തിനു് വേണ്ടി വിനിയോഗിക്കാവുന്നതാണോ?

മന്ത്രിമാർ നാസിക്കു സമ്മേളനസ്ഥലത്തേക്കു് യാത്രചെയ്യുവാനുള്ള വിമാനങ്ങളുടെയും, സലൂണുകളുടേയും, സ്പെഷ്യൽ ട്രെയിനുകളുടേയും കാര്യം ആരാണു് ചിലവാക്കിയതു്? അവരുടെ സ്വന്തം പാക്കറ്റിൽ നിന്നോ? കോൺഗ്രസ്സോ? അതോ, ഗവർമ്മെൻറ് അതായതു് നികുതി ദായകനോ?

ഗവർമ്മെൻറുവക പണം ചെലവാക്കി പാർട്ടിപ്രവർത്തനം നടത്തുന്നതു് നാസിക്കു് സമ്മേളനത്തിനു മാത്രമല്ല. ഡെറാഡൂണിൽ എ. ഐ. സി. സി. സമ്മേളനം നടത്തിയതു് ഫാറസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചാണു് ഡെലിഗേറുകൾ ഗവൺമെൻറ് ബോർഡിങ്ങ് ഹൌസിലാണു് താമസിച്ചതു്. ജയപ്പൂർ സമ്മേളനത്തിൻെറ കടം വീട്ടുന്നതിനുവേണ്ടി രാജസ്ഥാൻ ഗവൺമെൻറ് 13 ലക്ഷം രൂപാ നൽകേണ്ടിവന്നുവെന്നു ഒരു വാർത്തയുണ്ടു്. ആ വാർത്ത ശരിയാണെങ്കിൽ അതു തികച്ചും ആക്ഷേപാർഹമാണു്.

പബ്ളിക്ക് അക്കൌണ്ടിൽ കൊള്ളിക്കാവുന്ന, മന്ത്രിമാരുടെ ന്യായമായ ഔദ്യോഗികചിലവുകൾ എന്തൊക്കെയാണെന്നു് നിർദ്ദിഷ്ടമായ വ്യവസ്ഥയുണ്ടാക്കുന്നതിനു് ഇൻഡ്യയിലെ ധനകാര്യമന്ത്രിയും ആഡിറർ ജനറലും തയ്യാറാകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പാർട്ടിയെ സ്വന്തം മടിത്തട്ടിലായിൽ നിന്നോ ചിലവാക്കേണ്ട വ്യക്തിപരവും കക്ഷിയെ സംബന്ധിക്കുന്നതുമായ ചിലവുകൾ ഏതൊക്കെയാണെന്നും വ്യവസ്ഥയുണ്ടാക്കേണ്ടതാണു്. അല്ലെങ്കിൽ "കോൺഗ്രസ്സ് ഗവൺമെൻറാണു്, ഗവൺമെൻറ് കോൺഗ്രസ്സാണെന്ന" പറച്ചിൽ ഒരുവേള പരമാർത്ഥമാണെന്നു ധരിക്കേണ്ടിവരും.

അടുത്തു നടക്കുവാൻ പോകുന്ന തെരഞ്ഞെടുപ്പിൻെറ വെളിച്ചത്തിൽ ഇതു വളരെ അത്യാവശ്യമായിത്തീർന്നിട്ടുണ്ടു്. തെരഞ്ഞെടുപ്പിനു ഗവൺമെൻറിൻെറ പണവും, പ്രേരണാശക്തിയും, ഭീഷണിക്കുള്ള സാദ്ധ്യതയും, പാർട്ടിക്കുവേണ്ടി ഒരുപയോഗപ്പെടുത്തി, ജനായത്തപരമായ ഒരു തെരഞ്ഞെടുപ്പിൻെറ നിഷ്പക്ഷസ്വഭാവത്തെ ഗുരുതരമായ നിലയിൽ മലിനപ്പെടുത്തുവാനിടയുണ്ടു്.

അധികാരത്തിലിരിക്കുന്ന കോൺഗ്രസ്സുകാർ, ഗവൺമെൻറിൻെറ ശക്തി കോൺഗ്രസ്സിൻെറ പ്രചരണപരിപാടികൾക്കായി ഒരുപയോഗപ്പെടുത്തുന്നതിൻെറ സൂചനകൾ ഇപ്പോഴെ കാണുവാനുണ്ടു്.

സ്വാതന്ത്ര്യദിനം പ്രമാണിച്ചു് ഒരു പ്രവിശ്യയിലെ മുഖ്യമന്ത്രി തയ്യാറാക്കിയ ഒരു പ്രസംഗത്തിൽ (ആഗ: 15ംതീയതി അഖിലേന്ത്യാ റേഡിയോയിൽകൂടി പ്രക്ഷേപണംചെയ്യുന്നതിനായി) നഗ്നമായ കോൺഗ്രസ്സ് പ്രചരണവും ഉ

വാസുദേവ വിലാസം
ദന്തകാന്തിചൂർണ്ണം
പല്ലുകൾക്കു് നല്ല ഉറപ്പും വർണ്ണവും നൽകുന്നു
വാസുദേവ വിലാസം
ആയുർവ്വേദ ഫാർമസി
കോട്ടയ്ക്കം. തിരുവനന്തപുരം.

—കൗമുദി ആഴ്ചപ്പതിപ്പ്—

ജൂലിയസ് ഫ്യൂച്ചിക്ക്

ബാലകൃഷ്ണൻനായർ

ഇക്കഴിഞ്ഞ സെപ്തംബർ എട്ടാംതീയതി ചെക്കോസ്ലോവാക്യായിലെ ജനങ്ങളാകമാനം തങ്ങൾക്കുവേണ്ടി സ്വജീവിതം കഴുമരച്ചുവട്ടിൽ കാഴ്ച വച്ച ഒരു ധീരദേശാഭിമാനിയുടെ ഏഴാം പരമവാർഷികം വിപ്ലവാഭിവാദ്യങ്ങളോടെ ആചരിക്കുകയുണ്ടായി. അനീതിക്കും അസമത്വത്തിനുമെതിരായി അന്ത്യശ്വാസംവരെ അടരാടിയ ആ ജനകീയനേതാവു 1943 സെപ്തംബർ 8-ാം തീയതിയിലാണ് നാസികൊലയാളികളാൽ കൊലമരത്തിലേറ്റപ്പെട്ടതു്. തന്റെ അവസാന നിമിഷംവരെ തികഞ്ഞ ശുഭാപ്തിവിശ്വാസത്തോടെ ഭാവിയെപ്പറ്റി മധുരമധുരമായി പാടിയ ആ രക്തസാക്ഷിയാണ് ജൂലിയസ് ഫ്യൂച്ചിക്ക്.

ചെക്കോസ്ലോവാക്യാ ജർമ്മനിയുടെ അധീനതയിലായിരുന്നപ്പോൾ ഫ്യൂച്ചിക്ക് നാസിപോലീസുകാരുടെ വളരെയധികം ക്രൂരമർദ്ദനങ്ങൾക്കു വിധേയനായിട്ടുണ്ട്. അവസാനമായി അദ്ദേഹം അറസ്റ്റ് ചെയ്യപ്പെട്ടതു് 1942 ഏപ്രിൽ 24-ാം തീയതിയിലായിരുന്നു. തുടർന്ന്, അദ്ദേഹത്തിനു പൈശാചികമായ മർദ്ദനമേല്ക്കേണ്ടിവന്നു. അവസാനം, ബർളിനിലെ ഒരു നാസി

ണ്ടായിരുന്നു. രാഷ്ട്രീയ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം അഖിലേന്ത്യാ റേഡിയോസ്റ്റേഷനെന്നു പറയപ്പെടുന്ന നിഷ്പക്ഷതയുടെ കള്ളി പുറത്താക്കുവാൻ ഇതു ഉപകരിച്ചേക്കുമെന്നുള്ള ഭയംകൊണ്ടു്, ഇക്കാര്യം ന്യൂഡൽഹിയിലെ അഭിപ്രായത്തിനു് സ്റ്റേഷൻ ഡയറക്ടർ സമർപ്പിച്ചു. ഞാൻ തൊഴിലാളർക്കപ്പെട്ടിട്ടില്ലെങ്കിൽ ഇക്കാര്യം പ്രധാനമന്ത്രി പണ്ഡിറ്റ് നെഹ്റുവരെ പോകുകയും, ആ പ്രക്ഷേപണം നടപ്പാക്കുവാൻ അദ്ദേഹം ഉത്തരവിടുകയും ചെയ്തു. മാത്രമല്ല മറ്റൊരു സ്വാതന്ത്ര്യദിന പ്രസംഗം റിക്കാർഡു ചെയ്യുവാൻ ചീഫ് മിനിസ്റ്റരോടു് "അപേക്ഷിക്കുകയും" ചെയ്തു.

വിദ്യാർത്ഥികഥം എങ്ങോട്ടു്?

ബാംബെയിലെ ബ്രാബോൺ സ്റ്റേഡിയത്തിൽവച്ചു് കഴിഞ്ഞ വാരത്തിൽ ഒരു വിദ്യാർത്ഥിസമ്മേളനം നടത്തപ്പെടുകയുണ്ടായി.

നാഷണൽ യൂണിയൻ അഫ് സ്റ്റുഡൻസ് സിന്റെ—എല്ലാ വിദ്യാർത്ഥികളെയും ഉൾക്കൊള്ളുന്ന ഒരു കക്ഷി രഹിതസംഘടനയാണ് അതെന്നു് സ്വയം അവകാശപ്പെടുന്നുണ്ടു്—ആഭിമുഖ്യത്തിലാണ് അതു നടത്തപ്പെട്ടതു്.

ഈ കക്ഷിരഹിത സമ്മേളനത്തിൽ വിപ്ലവകരമായ അഭിപ്രായങ്ങൾ പ്രകടമാക്കിയിട്ടുള്ള ഒരു രാഷ്ട്രീയ നേതാവായ മി. സൈഫുദ്ദീൻ കിച്ലൂവാണ് അദ്ധ്യക്ഷത വഹിക്കുവാൻ ഉദ്ദേശിക്കപ്പെട്ടിരുന്നതു്.

സ്വാഗതസംഘത്തിന്റെ പ്രസിഡന്റ് വിപ്ലവവിരുദ്ധ പിന്തിരിപ്പൻ അഭിപ്രായങ്ങളുള്ള മി. എം. ആർ. മസാനിയാണ്.

കൺവെൻഷനിൽ പ്രസംഗിച്ചതു് വിരുദ്ധപേരികളിൽ നിൽക്കുന്ന സമുന്നതന്മാരായ രാഷ്ട്രീയനേതാക്കന്മാർ—പ്രധാനമന്ത്രി നെഹ്റുവും മി. ജയപ്രകാശ് നാരായണനുമാണ്.

നിരവധി ഉദ്യോഗസ്ഥന്മാർ, മന്ത്രിമാർ, സമുന്നതരായ ഉദ്യോഗസ്ഥപ്രമുഖർ, സൈനികോദ്യോഗസ്ഥന്മാർ, പോലീസുദ്യോഗസ്ഥന്മാർ മുതലായവരുടെ സാന്നിദ്ധ്യംകൊണ്ടു് ആ സമ്മേളനം മംഗളകരമായിരുന്നു.

കക്ഷിരഹിതമായ ഈ സമ്മേളനത്തിന്റെ വിഷയനിർണ്ണയകമ്മറ്റി മൂന്നു രാഷ്ട്രീയ കക്ഷികളുടെ പിന്നിലുള്ള വിദ്യാർത്ഥി വിഭാഗങ്ങൾതന്നെ ആരെ പ്രസിഡന്റാക്കണമെന്നുള്ളതിനെ സംബന്ധിച്ച കുഴഞ്ഞുമറിച്ചിലിനും അടികലശലുമുണ്ടായതോടെ പിരിച്ചുവിടേണ്ടിവന്നു.

ഈ സമ്മേളനത്തിന്റെ ചില ഭാരവാഹികളും, സമ്മേളനത്തിനു് ഒരു സാംസ്കാരിക ഭാവം കൊടുക്കുന്നതിനുവേണ്ടി ഒരു സാംസ്കാരിക സമ്മേളനം നടത്തുന്നതിനു് തീരുമാനിക്കുകയും, അദ്ധ്യക്ഷതവഹിക്കുന്നതിനായി സുപ്രസിദ്ധ സാഹിത്യകാരനായ ഡാക്ടർ മുൾക്ക് രാജ് ആനന്ദിനെയും, പ്രാസംഗികനായി മറ്റൊരു സാഹിത്യകാരനായ കിഷൻ ചന്ദറിനെയും ക്ഷണിക്കുകയും ചെയ്തു.

എന്നാൽ ഈ കോൺഫറൻസിന്റെ രാഷ്ട്രീയവിരുദ്ധവും, കക്ഷിരഹിതവുമായ സ്വഭാവത്തെ കാത്തു രക്ഷിക്കുവാൻ വ്യഗ്രത കൊണ്ട ചില വിഭാഗക്കാർ, ഈ രണ്ടു സാഹിത്യകാരന്മാരുടെ (അവർക്ക് കമ്മ്യൂണിസ്റ്റ് അനുഭാവമുണ്ടെന്നു പറയപ്പെടുന്നു) സന്ദർശനം ആപൽക്കരമെന്നു വിധിച്ചു അവരെ ക്ഷണിക്കുന്നതിനെ എതിർക്കുകയും, സാംസ്കാരികസമ്മേളനം വേണ്ടെന്നു വയ്ക്കുകയും ചെയ്തു.

അങ്ങിനെയാണ് രാഷ്ട്രീയമില്ലാത്ത കക്ഷിരഹിതമായ നാഷണൽ യൂണിയൻ അഫ് സ്റ്റുഡൻസ് ഭ്രൂണം ചെയ്തതു്.

രാഷ്ട്രീയം കുറയ്ക്കണ്ട; കൂട്ടണം

രാഷ്ട്രീയകാര്യങ്ങൾ ഉപേക്ഷിക്കണമെന്നും രാഷ്ട്രീയകക്ഷികളുമായി ബന്ധം പാടില്ലെന്നും, പ്രധാനമന്ത്രി നെഹ്റുവും, സോഷ്യലിസ്റ്റ് നേതാവായ ജയപ്രകാശ് നാരായണനും ഉൾപ്പെടെ എല്ലാവരും വിദ്യാർത്ഥിസംഘടനകളെ ഉപദേശിക്കുകയുണ്ടായി.

കോൺഗ്രസ്സുകാർ, സോഷ്യലിസ്റ്റുകൾ, കമ്മ്യൂണിസ്റ്റുകൾ എന്നീ മൂന്നു വിഭാഗങ്ങളാലും പ്രോത്സാഹനവും നേതൃത്വവും നൽകപ്പെട്ട അവരാൽ അടക്കിഭരിക്കപ്പെട്ട വരുന്ന മൂന്നു വിദ്യാർത്ഥിസംഘടനകളാണ് ഇൻഡ്യയിലുണ്ടായിരുന്നതു്. കക്ഷിരഹിതാടിസ്ഥാനത്തിൽ വിദ്യാർത്ഥികളെ സംഘടിപ്പിക്കുന്നതിനു വേണ്ടിയാണ് നാഷണൽ യൂണിയൻ അഫ് സ്റ്റുഡൻസ് രൂപമെടുത്തതു്. എന്നാൽ അതിന്റെ ആരംഭത്തിൽ തന്നെ കാണപ്പെട്ട കടിപിടിയിൽ നിന്നും മനസ്സിലാകുന്നതു്, വിദ്യാർത്ഥികളെ രാഷ്ട്രീയകാര്യങ്ങളിൽ നിന്നും, വേർപെടുത്തികൊണ്ടുപോകുക സാദ്ധ്യമല്ലെന്നാണ്.

അതുകൊണ്ടു് രാഷ്ട്രീയമില്ലാത്തവിദ്യാർത്ഥിസംഘടനകളെന്ന മൃഗതൃഷ്ണഉപേക്ഷിക്കണമെന്നാണ് ഞാൻ നിർദ്ദേശിക്കുന്നതു്. ഇംഗ്ലണ്ടിലെയും അമേരിക്കയിലെയും, യുവജനകമ്മ്യൂണിസ്റ്റ് ലീഗ്, യുവജനസോഷ്യലിസ്റ്റ് ലീഗ് ഓക്സ്ഫോർഡ്, കേംബ്രിഡ്ജ് എന്നീ സർവ്വകലാശാലകളിലെ ലേബർ ക്ലബ്, ലിബറൽക്ലബ്, യാഥാസ്ഥിതികക്ലബ് എന്നിവപോലെ തികച്ചും രാഷ്ട്രീയാടിസ്ഥാനത്തിലുള്ള വിദ്യാർത്ഥിസംഘടനകഥം രൂപീകരിക്കുകയാണു വേണ്ടതു്. ഇൻഡ്യയിൽ വിവിധ രാഷ്ട്രീയകക്ഷികളോടു് പരസ്യമായി, ആത്മാർത്ഥതയോടുകൂടി, ലജ്ജയില്ലാതെ ബന്ധപ്പെട്ട വിദ്യാർത്ഥിസംഘടനകഥം—ഒരു കമ്മ്യൂണിസ്റ്റ് സ്റ്റുഡൻസ് ഫെഡറേഷൻ, ഒരു സോഷ്യലിസ്റ്റ് സ്റ്റുഡൻസ് ഫെഡറേഷൻ, ഒരു കോൺഗ്രസ്സ് സ്റ്റുഡൻസ് ഫെഡറേഷൻ, ഒരു ആർ. എസ്. എസ്. സ്റ്റുഡൻസ് ഫെഡറേഷൻ—ഉണ്ടാക്കുകയാണു നല്ലതു്. എന്തുകൊണ്ടു് പാടില്ല?

മറ്റപ്പെരുമ്മാരെപ്പോലെവിദ്യാർത്ഥികഥക്കും അവരവർക്കിഷ്ടമുള്ള രാഷ്ട്രീയാഭിപ്രായങ്ങഥം തിരഞ്ഞെടുക്കുവാൻ കഴിവുണ്ടാകണം. എന്നു മാത്രമല്ല ഇക്കാര്യങ്ങളിൽകുറച്ചുകൂടി ആത്മാർത്ഥതയും കാപട്യമില്ലായ്മയും നാം കാണിക്കേണ്ടിയിരിക്കുന്നു. കോൺഗ്രസ്സുകാരും സോഷ്യലിസ്റ്റുകളുമായ വിദ്യാർത്ഥികളെപ്പോലെസ്വന്തം അഭിപ്രായങ്ങൾ വച്ചു പുലർത്തുവാൻ കമ്മ്യൂണിസ്റ്റുകളായ വിദ്യാർത്ഥികൾക്കും സ്വാതന്ത്ര്യമുണ്ടായിരിക്കണം. പക്ഷേ എല്ലാ വിദ്യാർത്ഥികളെയും പ്രതിനിധീകരിക്കുന്നതിനുള്ള സ്വാതന്ത്ര്യം ആർക്കുമില്ല. പ്രത്യുത കക്ഷിതാല്പര്യങ്ങഥം വിദ്യാർത്ഥി ഐക്യമെന്ന മുദ്രാവാക്യത്തിൽ മൂടിക്കൊണ്ടു മറച്ചു വയ്ക്കുവാനുള്ള യത്നമാണ് വിദ്യാർത്ഥിലോകത്തെ ഏറ്റവുമധികം അധഃപതിപ്പിച്ചതു്. വിദ്യാർത്ഥിസമ്മേളനങ്ങളിലെ ഒരു സാധാരണ സംഭവമായി ചീത്തപറച്ചിലും, തലതല്ലിപ്പൊളിക്കലും തീർന്നിരിക്കുന്നു.

ക്കോടതി അദ്ദേഹത്തിനെ വധശിക്ഷക്ക വിധിച്ചു.

തന്റെ അനുകാലാനുഭവങ്ങളെപ്പറ്റി ഫ്യൂച്ചിക്ക് "കൊലമരത്തിൽനിന്നുള്ള കുറിപ്പുകൾ" എന്ന ഗ്രന്ഥത്തിൽ ഏറ്റവും ഹൃദയസ്പർശകമാം വണ്ണം വർണ്ണിച്ചിട്ടുണ്ട്. സമത്വസുന്ദരമായ ഒരു നൂതനവ്യവസ്ഥിതിയുടെ ആവിർഭാവത്തിനു വേണ്ടി, എണ്ണ പ്രതിബന്ധങ്ങളേയും തട്ടിത്തകർത്തുകൊണ്ടു മുന്നേറാൻതക്ക ആശയും ആവേശവും ഉള്ള ഒരു ധീരപടയാളിയുടെ ഹൃൽസ്പന്ദനങ്ങൾ ഈ പുസ്തകത്തിൽ ഉടനീളം നമുക്കു ശ്രവിക്കാം. ലോകത്തിലെ മർദ്ദിതവർഗ്ഗത്തിനു മഹത്തായ ഒരു സന്ദേശവും, അവരുടെ മുന്നേറ്റത്തിനു ശക്തിയായ പ്രോദനവും ഉൾക്കൊള്ളുന്ന പ്രസ്തുത പുസ്തകത്തിനു് ഇപ്പോൾ പ്രചുരപ്രചാരം ലഭിച്ചു കഴിഞ്ഞിട്ടുണ്ട്.

കൊലക്കയറിനു കീഴിലിരുന്നുകൊണ്ടെഴുതിയ ആ കുറിപ്പുകൾക്കു വെളിച്ചം കാണാൻ സാധിച്ചതു് വളരെ കഴിഞ്ഞശേഷമാണു്. 1945-ൽ ഹിറ്റ്ലറുടെ ജർമ്മനി പരാജയപ്പെട്ടതോടുകൂടി ജയിലറകളിൽനിന്നു വിമോചിതരാക്കപ്പെട്ട ദേശാഭിമാനികളുടെ കൂട്ടത്തിൽ ജൂലിയസ് ഫ്യൂച്ചിക്കിന്റെ ഭാര്യയായ അഗസ്റ്റീനാ ഫ്യൂച്ചിക്കും ഉണ്ടായിരുന്നു. അവർ തന്റെ ഭർത്താവിനെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു. അപ്പോഴാണു്, ഫ്യൂച്ചിക്ക് കൊലമരത്തിലേറ്റപ്പെട്ട എന്ന വസ്തുതയും മനസ്സിലാക്കാൻ സാധിച്ചതു്. അദ്ദേഹത്തിന്റെ കുറിപ്പുകൾ പ്രസിദ്ധീകൃതമാകാൻ സാദ്ധ്യമായ സാഹചര്യങ്ങളെക്കുറിച്ച് ആ പുസ്തകത്തിൽത്തന്നെ അഗസ്റ്റീനാ ഫ്യൂച്ചിക് എഴുതിയിട്ടുള്ളതു നോക്കുക.

"....പ്രേഗിലെ പാൻക്രാറ്റ്സ് ജയിലിലായിരുന്നപ്പോൾ ജൂലിയസ് ഫ്യൂച്ചിക്ക് ചില കുറിപ്പുകൾ എഴുതിയിട്ടുണ്ടെന്നു് എനിക്കറിവു കിട്ടി. കടലാസും പെൻസിലും അദ്ദേഹത്തിന്റെ മുറിയിലെത്തിച്ചു കൊടുക്കുകയും, എഴുതിത്തീർന്നകടലാസുകൾ ഒന്നൊന്നായി പുറത്തേക്കു കൊണ്ടുവരികയും ചെയ്തതു് കോളിൻസ്കി എന്ന ഒരു ചെക്ക് വാർഡറായിരുന്നു. ഞാൻ ആ വാർഡറെ കണ്ടു എന്റെ ഭർത്താവെഴുതിയ കുറിപ്പുകൾ ശേഖരിച്ചു. വിശ്വസ്തരായ പലരുടേയും പക്കൽ സൂക്ഷിക്കപ്പെട്ടിരുന്ന ആ കടലാസുകൾ അങ്ങനെ ജയിലിൽ നിന്നു് പുറത്തേക്കു വന്നു. അവയെ ഞാനിതാ വായനക്കാരുടെ മുമ്പിൽ വെക്കുന്നു. ജൂലിയസ് ഫ്യൂച്ചിക്കിന്റെ ജീവിതഗ്രന്ഥത്തിന്റെ അവസാന അദ്ധ്യായം....."

തന്റെ നിലപാടിനെക്കുറിച്ചു് പൂർണ്ണമായ ബോദ്ധ്യമുണ്ടായിരുന്ന ഫ്യൂച്ചിക്ക് തന്നെ ആ കുറിപ്പുകളെപ്പറ്റി ഇങ്ങനെയാണെഴുതിയതു്:—

"ഇതെഴുതി തീരുന്നതിനുമുമ്പു്, ആരാച്ചാരുടെ കൊലക്കയർ എന്റെ കഴുത്തിൽ വീഴുകയാണെങ്കിൽ ഇതിന്റെ 'മംഗളകരമായ അവസാനഭാഗങ്ങൾ' എഴുതാൻ ലക്ഷക്കണക്കിനു് ആളുകൾ ഇനിയും അവശേഷിച്ചിട്ടുണ്ടെന്നു് എനിക്കറിയാം."

ആ അവസാന നിമിഷത്തിലും ജൂലിയസ് ഫ്യൂച്ചിക്ക് നിരാശനാകുന്നില്ല. ഫാസിസത്തിനെതിരായി പടവെട്ടി, നൂതനമായ ഒരു വ്യവസ്ഥിതി സൃഷ്ടിക്കുന്നതിനു് വർഗ്ഗബോധമുള്ള തൊഴിലാളികളും കർഷകരും വളരെയുണ്ടെന്നു് അദ്ദേഹം സമാധാനിക്കുന്നു. ഫ്യൂച്ചിക്ക് അഭിലഷിച്ചിരുന്ന രീതി അദ്ദേഹത്തിന്റെ നാട്ടിൽ കൈവന്നു കഴിഞ്ഞു. മറ്റു പല രാജ്യങ്ങളിലും അതിനുവേണ്ടിയുള്ള സമരങ്ങളും നടക്കുകയുമാണു്. ത്യാഗസമ്പന്നനായ ഫ്യൂച്ചിക്കിനെ ജനങ്ങളും എന്നെന്നും സ്നേഹാദരസമന്വിതം ഓർക്കുകതന്നെ ചെയ്യും

ജൂലിയസ് ഫ്യൂച്ചിക്കിന്റെ ജീവിതം ഹ്രസ്വമെങ്കിലും വിശ്രമരഹിതമായിരുന്നു. 1903-ൽ പ്രേഗിലാണു് അദ്ദേഹം ജനിച്ചതു്. ഫ്യൂച്ചിക്കിന്റെ പിതാവു് ഒരു തൊഴിലാളിയായിരുന്നു. കേവലം ഒരു ബാലനായിരുന്നപ്പോൾതന്നെ അദ്ദേഹം സാമൂഹ്യപ്രവർത്തനങ്ങളിൽ പങ്കെടുക്കുവാൻ ഔത്സുക്യം പ്രദർശിപ്പിച്ചു. കലകാര്യം അഭ്യസിക്കുവാനായി കുറച്ചു കാലം അദ്ദേഹം പ്രേഗ് സർവകലാശാലയിലെ ഒരു വിദ്യാർത്ഥിയായിരുന്നു. ഇതേയവസരത്തിൽ അദ്ദേഹം സാംസ്കാരികപ്രവർത്തനങ്ങളിൽ പങ്കെടുക്കുകയുണ്ടായി.

തൊഴിലാളിയുടെ പട്ടിണിക്കും പരാധീനതക്കും ഒരവസാനം വരുത്തുന്നതിനും, അവരുടെ ന്യായമായ എല്ലാ അവകാശങ്ങളും പിടിച്ചു വാങ്ങുന്നതിനുമായി പ്രവർത്തിച്ചുകൊണ്ടിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഫ്യൂച്ചിക്ക് ഒരംഗമായിച്ചേർന്നു് പ്രവർത്തിക്കാൻ തുടങ്ങി. പണിയെടുക്കുന്ന പാവപ്പെട്ടവനും കഷ്ടപ്പെടുന്ന കർഷകനും ജീവിക്കുവാനും വളരുവാനുമുള്ള സാഹചര്യങ്ങൾ സിദ്ധിക്കുന്നതിനു്, നൂതനമായ ഒരു വ്യവസ്ഥിതി കൈവരണമെന്നു് അദ്ദേഹം മനസ്സിലാക്കി. തുടർന്നു് അദ്ദേഹം പല ലേഖനങ്ങളും എഴുതി പ്രസിദ്ധപ്പെടുത്തി. കൂടാതെ, കമ്മ്യൂണിസ്റ്റ് വിദ്യാർത്ഥിസംഘടനയിലെ ഒരു പ്രധാന പ്രവർത്തകനെന്ന നിലയിലും ഫ്യൂച്ചിക്ക് പ്രസിദ്ധനായി.

1929-ലാണു് ജൂലിയസ് ഫ്യൂച്ചിക്ക് 'ടോർബാ' എന്ന പത്രത്തിന്റെ അധിപരായതു്. അദ്ദേഹത്തിന്റെ അധീനതയിൽ പ്രസ്തുത പത്രത്തിനു് പ്രചുരമായ പ്രചാരം സിദ്ധിച്ചു. ജനങ്ങൾക്കുവേണ്ടി ശബ്ദമുയർത്തുന്ന ഒരു പത്രമെന്ന നിലയിൽ അതിനു് ജനങ്ങളുടെ ഇടയിൽ വ്യക്തായ സ്വാധീനശക്തി ലഭിച്ചു. ഇതേയവസരത്തിൽ അദ്ദേഹം ഒരു പത്രാധിപരെന്നും ലേഖകനെന്നും മാത്രമല്ല, പാർട്ടിയിലെ ഒരു പ്രമുഖ പ്രവർത്തകനെന്ന നിലയിലും ജനസമ്മിതി നേടി. അദ്ദേഹം ചെക്കോസ്ലോവാക്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുഖപത്രത്തിന്റെ പ്രധാന പത്രാധിപരായി നിയമിക്കപ്പെട്ടു.

രണ്ടുപ്രാവശ്യം ഫ്യൂച്ചിക്ക് സോവിയറ്റ് യൂണിയൻ സന്ദർശിക്കുകയുണ്ടായി. അവിടെ സർവപ്രകാരത്തിലും ജനങ്ങൾക്കു സിദ്ധിച്ചിട്ടുള്ള പുരോഗതിയെ അദ്ദേഹം ശരിക്കു മനസ്സിലാക്കി. താൻ കണ്ട യാഥാർത്ഥ്യങ്ങളെപ്പറ്റി അദ്ദേഹം ജനങ്ങളെ അറിയിക്കുകയുണ്ടായി. സോവിയറ്റ് നാടിനെപ്പറ്റി ഒരു പുസ്തകം തന്നെ അദ്ദേഹം രചിച്ചു. ഫ്യൂച്ചിക്കിന്റെ ഈദൃശപ്രവർത്തികളെ ചെക്കോസ്ലോവാക്യായിലെ പിന്തിരിപ്പൻ ശക്തികൾ ഭയാശങ്കകളോടെ വീക്ഷിക്കാൻ തുടങ്ങി. തുടർന്നു് അദ്ദേഹം ജയിലിലടയ്ക്കപ്പെട്ടു. അധികം താമസിയാതെതന്നെ അദ്ദേഹം വിമോചിതനായെങ്കിലും അതിൽപിന്നെ പല പ്രാവശ്യവും അദ്ദേഹത്തിനു് ജയിൽവാസമനുഭവിക്കേണ്ടിവന്നു. കൂടാതെ അധികാരികളുടെ ക്രൂരമായ മർദ്ദനങ്ങൾക്കും ഫ്യൂച്ചിക്കിനു് വിധേയനാകേണ്ടിവന്നു.

കമ്മ്യൂണിസ്റ്റ് പാർട്ടി നിയമവിരുദ്ധമാക്കപ്പെട്ടപ്പോൾ ജൂലിയസ് ഫ്യൂച്ചിക്കിനും സഹപ്രവർത്തകർക്കും വളരെയധികം പ്രതിബന്ധങ്ങളെ നേരിടേണ്ടിവന്നു. എന്നിട്ടും അവർ രഹസ്യമായി പ്രവർത്തനങ്ങൾ തുടർന്നുവന്നു. ഗുഢമായിട്ട് ഫ്യൂച്ചിക്ക് വളരെയധികം ലഘുലേഖകളും, പത്രങ്ങളും പ്രസിദ്ധപ്പെടുത്തി ജനങ്ങൾക്ക്, സാമ്രാജ്യവാദികളുടെ പ്രവർത്തികളെപ്പറ്റിയും, അവയുടെ ഉള്ളുകള്ളികളെപ്പറ്റിയും ശരിയായ ജ്ഞാനം നൽകണമെന്നുള്ളതായിരുന്നു ഫ്യൂച്ചിക്കിന്റെ ലക്ഷ്യം.

ഈയവസരത്തിലാണു് അദ്ദേഹം അവസാനമായി അധികാരികളുടെ കയ്യിലകപ്പെട്ടതു്, ഒരു നിശ്ചിതസങ്കേതത്തിൽ തന്റെ ചില സഹപ്രവർത്തകരെ കാണാൻ ചെന്നപ്പോൾ അദ്ദേഹം അറസ്റ്റ് ചെയ്യപ്പെട്ടു. അതിനുശേഷമുള്ള അദ്ദേഹത്തിന്റെ അനുഭവങ്ങളെക്കുറിച്ചു്, ഫ്യൂച്ചിക്കിന്റെ കുറിപ്പുകളിൽ നിന്നു തന്നെ നമുക്കു മനസ്സിലാക്കാൻ സാധിക്കുന്നു. അദ്ദേഹം പോലീസുകാരാൽ പിച്ചിച്ചീന്തപ്പെടുകയും, അതിക്രൂരമായി മർദ്ദിക്കപ്പെടുകയും ചെയ്തു, എന്നാൽ അവയെല്ലാം അജയ്യമായ ആത്മവീര്യത്തോടും തൃഗസന്നദ്ധതയോടും ഫ്യൂച്ചിക്ക് സഹിച്ചു എങ്കിലും അദ്ദേഹം തന്റെ അനുഭവങ്ങളെ ലോകത്തിനെ അറിയിക്കുകയും തന്റെ സന്ദേശങ്ങളെ നൽകുകയും ചെയ്തു.

ഫ്യൂച്ചിക്കിന്റെ കുറിപ്പുകളെപ്പറ്റി, ആ പുസ്തകത്തിന്റെ അവതാരികയിൽ സാമുവൽ സിള്ളൻ എഴുതിയിട്ടുള്ളതു് നോക്കുക."....ഈ പുസ്തകത്തിൽ ഫാസിസ്റ്റ് ക്രൂരതകളുടെ മായാത്ത ഒരു ചിത്രമാണു് നാം കാണുന്നതു്. എന്നാൽ ഇതു് ഫാസിസത്തിനു് ഇരയായ ഒരാളുടെ ചിത്രം മാത്രമല്ല, അതിനെ കൂട്ടിൽകയറിയ ഒരു ന്യായാധിപരുടെയും, ജഡ്ജിയുടെയും ധാർമ്മികമായി അതിനെ ജയിച്ച കീഴടക്കിയ യോദ്ധാവും കൂടെയായ ഒരാളുടെ ചിത്രമാണു്.....ഈ പേജുകളിൽകൂടെ, ഇത്രക്കു് ഗംഭീരവും സൂക്ഷ്മനിരീക്ഷണ പാടവവും ജീവിതത്തോടുള്ള സ്നേഹം നിറഞ്ഞതുമായ ഒരു അനശ്വര സാഹിത്യകൃതി ഫ്യൂച്ചിക്ക് നമുക്കായി സമ്മാനിച്ചിരിക്കുന്നു. നമുക്ക് അദ്ദേഹത്തിന്റെ അവസാനവാക്കുകൾ ഓർമ്മിക്കാം: 'കരുതിയിരിക്കുക!....."

ജൂലിയസ് ഫ്യൂച്ചിക്കിന്റെ വീരസ്മരണ നമ്മെ നേർവഴിക്കു നയിക്കട്ടെ!

——

കൗമുദി ഓണം വിശേഷാൽപ്രതി

പത്രങ്ങളുടെ അഭിപ്രായങ്ങൾ

സഹോദരൻ

മുൻമന്ത്രി ശ്രീ. കെ. അയ്യപ്പന്റെ പത്രാധിപത്യത്തിൽ എറണാകുളത്തുനിന്നും പുറപ്പെടുന്ന 'സഹോദരൻ' കൗമുദി ഓണം വിശേഷാൽപ്രതിയെപ്പറ്റി പത്രാധിപക്കുറിപ്പുകളിൽ ഇപ്രകാരം ചെഴുതുന്നു.

എന്തെങ്കിലും എഴുതാൻ വശമുള്ള ആരുടേയെങ്കിലും എന്തിനേയെങ്കിലും പറ്റിയുള്ള കുറേ ലേഖനങ്ങളും കവിതകളും കുറെ പടങ്ങളും ചേർത്ത് അടിച്ചുവിടുന്നതാണ് നമ്മുടെ പത്രങ്ങൾ സാധാരണ പുറപ്പെടുവിക്കാറുള്ള വിശേഷാൽ പ്രതികൾ. കൗമുദി ഈ കഴിഞ്ഞ ഓണം പ്രമാണിച്ചു പുറപ്പെടുവിച്ചിട്ടുള്ള വിശേഷാൽപ്രതി അങ്ങനെയുള്ളതല്ല. അതിനു് ഒരു സന്ദേശമുണ്ട്. ആ സന്ദേശം ആദ്യമേതന്നെ പറഞ്ഞുവെച്ചാൽ പിന്നീടു് എത്രമാകാമെന്ന നയമല്ല ഈ വിശേഷാൽ പ്രതിയിൽ ദീക്ഷിച്ചിട്ടുള്ളതു്. ഇതിൽ ചേർത്തിരിക്കുന്ന ലേഖനങ്ങളും കവിതകളും ചെറുകഥകളുമൊക്കെ ഏറക്കുറെ മുഖവുരയായി പറഞ്ഞ സന്ദേശത്തിലെ പ്രത്യേകതരത്തിലുള്ള പുരോഗമനലക്ഷ്യംവെച്ചു നിഷ്കർഷയായി തിരഞ്ഞെടുത്തിട്ടുണ്ട്. അതുകളെല്ലാം പ്രായേണ കാരോതരത്തിൽ മേത്തരത്തിൽപ്പെടുന്നവയുമാണ്. ഇതു് ഒരുറുപ്പിക വിലകൊടുത്തു വാങ്ങി വായിച്ചാൽ ആദായമായി എന്നല്ലാതെ നഷ്ടമായി എന്നു് ആക്ഷേപം തോന്നുകയില്ല. കടലാസ്സു് മോശമായിപ്പോയതു് ഈ നല്ല വിശേഷാൽ പ്രതിക്കു ഒരു വലിയ കുറവായി പറയാനുണ്ട്. അച്ചടി നന്നായിട്ടുണ്ടെങ്കിലും കടലാസ്സിന്റെ മോശം കൊണ്ടു് അതും പ്രഥമദൃഷ്ടിയിൽ തോന്നുകയില്ല.

"രസികൻ"

അഭിപ്രായത്തിനു അയച്ചുതരാത്ത കൗമുദി വിശേഷാൽപ്രതി കയ്പറ്റി. ഒരു പഴുതുമില്ലാതെ കൗമുദിക്കുണ്ടെന്നു പത്രാധിപർ പരസ്യപ്പെടുത്തിയിരുന്നതു ശരിയല്ല. അരമാത്രയിൽ അല്പം കൂടുതൽ വരും. അകത്തെ ഉള്ളടക്കം നോക്കിയതിൽ കുറെ പുതിയ പേരുകാരെയാണു് കണ്ടതു്. അന്വേഷണത്തിൽ അവരെല്ലാം സുഖവുബാലകൃഷ്ണന്റെ പടംവച്ചു പൂജിക്കുന്ന നാട്ടുമ്പുറത്തുകാരായ ചില പുതിയ സാഹിത്യകാരാണെന്നു അറിയുന്നു. നമ്മുടെ കിളിമാനൂർ കേശവൻവരെ അക്കൂട്ടത്തിൽ ഉണ്ടു്. എന്താണവർ എഴുതിയിരിക്കുന്നതെന്നു അവക്കു് അറിയാവു. എന്തായാലും വിശേഷാൽ പ്രതിമുഴുവൻ വായിച്ചു തീർന്നാൽ, പേട്ടയിൽ സ്റ്റേഷന്റെ അടുത്തു എവിടെയോ കെ. ബാലകൃഷ്ണൻ എന്നൊരു ഹിരണ്യകശു കുറെ എഴുത്തുകാരുക്കൊണ്ടു "ബാലകൃഷ്ണായനമഃ" ജപിപ്പിക്കുന്നുണ്ടെന്നു മനസ്സിലാക്കാം. വിശേഷാൽ പ്രതി വാങ്ങിയതിൽ പതിമൂന്നണ നഷ്ടം. മൂന്നണയ്ക്കു കടലാസുണ്ടായിരുന്നുള്ളു.

* * * *

സ്വതന്ത്രകേരളം

പുരോഗമനപരമായ ചിന്തകൾ കലയുടെ ലാളിത്യത്തെ ആശ്ലേഷിക്കുമ്പോൾ അവ എപ്പോഴുമായിത്തീരുന്നു. യഥാർത്ഥത്തിൽ പുരോഗമനത്തിൽമാത്രമേ കലയ്ക്കും പുരോഗതിയുള്ളു. ശ്രീ: കെ. ബാലകൃഷ്ണന്റെ പത്രാധിപത്യത്തിൽ പ്രശസ്തമായ രീതിയിൽ നടത്തപ്പെടുന്ന കൗമുദിയുടെ ഓണം വിശേഷാൽപ്രതി പുരോഗമനപരമായ സാഹിത്യകലയുടെ വിവിധ വശങ്ങളെ പ്രതിഫലിപ്പിക്കുന്ന ഒരു നല്ല പ്രസിദ്ധീകരണമാണ്. ഇരുന്നൂറിൽപരം പേജുകളുള്ള ഈ പ്രസിദ്ധീകരണത്തിനു് ഒരുറുപ്പാ വിലനിശ്ചയിച്ചിട്ടുള്ളതു് ഒട്ടും കൂടുതലല്ല. മുഖചിത്രവും കെട്ടും മട്ടും നന്നായിട്ടുണ്ടു്. (സ: പ:)

വികടൻ

ശ്രീ. കെ. ബാലകൃഷ്ണന്റെ പത്രാധിപത്യത്തിൽ ഏതാനും മാസങ്ങൾക്കു മുൻപു് പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയ "കൗമുദി വാരിക"യുടെ 1126-ലെ ഓണം വിശേഷാൽപ്രതി അഭിപ്രായത്തിനു് അയച്ചുതന്നതു് സസന്തോഷം കൈപ്പറ്റിയിരിക്കുന്നു. 200 പേജുകളും വിവിധവർണ്ണത്തിലുള്ള ആകർഷകമായ പുറംചട്ടയും ലേഖനങ്ങളുടെ പൊതുവെയുള്ള ശ്രേഷ്ഠതയും ഈ വിശേഷാൽപ്രതി വളരെ ആകർഷകമാക്കിയിട്ടുണ്ടെന്നു് അഭിപ്രായപ്പെടുവാൻ ഞങ്ങൾ മടിക്കുന്നില്ല. ഒരു രൂപ മാത്രമേ ഇതിനു വില വച്ചിട്ടുള്ളു. ഇതു് ഒട്ടും കൂടുതലല്ലെന്നു് മാത്രമല്ല ഇതു പുതുക്കിയ വിലയിലും ഇരട്ടിയും വലിയ ഒരു പ്രസിദ്ധീകരണം ലഭിക്കുന്നതു്, ലാഭവുമാണു്. ചില ലേഖനങ്ങളും ചെറുകഥകളും വളരെ മെച്ചമായിട്ടുണ്ടു്. എന്നാൽ വലിയ മെച്ചം കല്പിക്കാനില്ലാത്ത ചില ലേഖനങ്ങളും ചെറുകഥകളും ഇതിലുണ്ടുതാനും. പേരെടുത്ത എഴുത്തുകാരാണു് അവയിൽ ചിലതിന്റെ കർത്താക്കളെന്നുള്ളതു കൊണ്ടായിരിക്കാം അവയ്ക്കു് വിശേഷാൽപ്രതിയിൽ സ്ഥാനം ലഭിച്ചതെന്നു് വിശ്വസിക്കുന്നു. ഒരുവാക്കു് കൂടി പ്രൻറിംഗ്, ലേഖനസമ്പാദനം, ധനപരമായ കഴിവു് എന്നിങ്ങനെ ഒരു ക്രമാനുഗതമായ പ്രസിദ്ധീകരണം പുറപ്പെടുവിക്കുന്നതിനുള്ള നാനാവിധ കഴിവുകളും ഉള്ള "കൗമുദിക്കു്" വിശേഷാൽ പ്രതിയുടെ പൊതുവെയുള്ള "ഗറപ്പി"ൽ കുറെക്കൂടി മോടി വരുത്തുമായിരുന്നു എന്നുള്ള ഞങ്ങളുടെ നിഷ്കൃഷ്ടമായ അഭിപ്രായം കൂടി പുറപ്പെടുവിച്ചു കൊള്ളട്ടെ. മലയാളത്തിലുള്ള പ്രസിദ്ധീകരണങ്ങളുടെ "ഗറപ്പു്", തമിഴിലേയും ഇംഗ്ലീഷിലേയും സാധാരണ പ്രസിദ്ധീകരണങ്ങൾക്കു് തുലുമെങ്കിലും ഇനിയും എത്തിക്കാനുണ്ടു്. പലർക്കും അതിനു് പല കഴിവുകേടുകളും ഉണ്ടെന്നു് ഞങ്ങൾക്കറിയാം. കഴിവുള്ളവരെങ്കിലും ഇക്കാര്യത്തിൽ പരിശ്രമിക്കണമെന്നു് ചൂണ്ടിക്കാണിക്കുക മാത്രമാണു് ഞങ്ങൾ ചെയ്യുന്നതു്. "കൗമുദി" യുടെ അടുത്ത വിശേഷാൽ പ്രതി ഇതിലും ആകർഷകമായിക്കാണുവാൻ ഞങ്ങൾ ആഗ്രഹിക്കുകയും അതിനു് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മെൻസോളിൻ

മുറതെറ്റിയുള്ള ആർത്തവം, ആർത്തവരക്തതടസ്സം, അതിസ്രാവണം, അതിവേദന, അസ്ഥിസ്രാവം, പൂയമേഹം (പഴുപ്പുപോക്കു്) വയറുകത്തൽ, നടുവുവേദന, തലകറക്കം, കൈകാൽപുകച്ചിൽ എന്നിങ്ങനെയുള്ള രോഗങ്ങളിൽപെട്ടഴലുന്ന സ്ത്രീജനങ്ങൾ ഞങ്ങളുടെ "മെൻസോളിൻ" സേവിക്കുക. ഗർഭാശയസംബന്ധമായും തജ്ജനുക്കളായുമുള്ള എല്ലാരോഗങ്ങളേയും ശമിപ്പിക്കുന്നു. ഗർഭാശയത്തെ ശുദ്ധവും ബലിഷ്ഠവുമാക്കിത്തീർക്കുന്നു. ആകർഷകമായ ആരോഗ്യവും സൗന്ദര്യവും ലഭ്യമാകുന്നു. പ്രസവാക്ഷയ്യം ഉത്തമം.

കുപ്പി 1-ക്കു് 4 രൂ. 8 ണ. (പാക്കിംഗ് & പോസ്റ്റേജ് പുറമേ)

എസ്. കെ. വി. ഫാർമസി,

പാലസ് റോഡ് :: ആലപ്പുഴ

Edited, Printed and Published by K. Balakrishnan, at the Indira Printing Works, Pettah, Trivandrum.

The Kaumudi Weekly

PUBLISHED EVERY MONDAY

Vol. I MONDAY 2nd OCTOBER 1950 No. 29

ശ്രദ്ധിക്കൂ!

ഒരു പുതിയ മത്സരം

★

കാളേജ് വിദ്യാർത്ഥീവിദ്യാർത്ഥിനികൾക്കു മാത്രം.

25 രൂ. സമ്മാനം

"കാളേജ്"

എന്ന തലക്കെട്ടിൽ കാളേജിനകത്തെ ഒരു ദിവസത്തെപ്പറ്റി റീയലിസ്റ്റിക്കായി എഴുതുന്ന ഏറ്റവും രസകരമായ ലേഖനത്തിനു 25 രൂപാ സമ്മാനം നൽകുന്നതാണ്. ഒക്ടോബർ 9-ാംതു-വരെ മത്സരത്തിനുള്ള ലേഖനങ്ങൾ അയക്കാവുന്നതാണ്. മത്സരത്തിൽ കാളേജു വിദ്യാർത്ഥീവിദ്യാർത്ഥിനികൾ മാത്രമേ പങ്കെടുക്കാവൂ.

ഉഷ, ശ്രീനി, എം. കെ. കുമാരൻ എന്നിവരടങ്ങിയ ഒരു സമിതി സമ്മാനാർഹമായ ലേഖനം തിരഞ്ഞെടുക്കുന്നതാണ്. ഇതുസംബന്ധിച്ചുള്ള എഴുത്തുകുത്തുകൾക്കൊന്നും മറുപടി അയക്കുന്നതല്ല.

പത്രാധിപർ,
കൗമുദി (ആഴ്ചപ്പതിപ്പ്)
തിരുവനന്തപുരം.

ലേഖനം അയയ്ക്കുന്ന കവറിനു മുകളിൽ "കാളേജ്" എന്നു് എഴുതിയിരിക്കണം.